<u>ഭരണഭാഷ – മാതൃഭാഷ</u>

നം.കെ.എസ്.എ.(എസ്.എസ്.യു) എ3-477/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജോയിന്റ് ഡയറക്ടറുടെ കാര്യാലയം
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല
ഓഡിറ്റ്, കാലടി-683574
ഫോൺ : 0484 – 2463380
email : ssusuty.ksad@kerala.gov.in
തീയതി : 02/08/2021

ജോയിന്റ് ഡയറക്ടർ

രജിസ്ട്രാർ
ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല
കാലടി.

സർ,

വിഷയം :- കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് –ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 2018-19
. സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്

സൂചന : – ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സിന്റിക്കേറ്റിന്റെ 26.05.2020 ൽ കൂടിയ 03/20(183)ാം
. യോഗത്തിന്റെ ഇനം നം. 4 പ്രകാരം അംഗീകരിച്ച 2018-19 ലെ വാർഷിക കണക്കും രജിസ്ട്രാറുടെ
. 17.06.2020 ലെ Accounts/ 11102/SSUS/2019 നമ്പർ കത്തും

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആക്റ്റ്, വകുപ്പ് 38(6) എന്നിവ പ്രകാരം ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അനന്തര നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം സിൻഡിക്കേറ്റിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ സർവ്വകലാശാല എടുത്ത തീരുമാനത്തിന്റെ പകർപ്പ് ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ ചട്ടം 20, 23 എന്നിവ കാണുക)

.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).
2. ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി,ഗവണ്മെന്റ് സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. ഫിനാൻസ് ഓഫീസർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി.
4. ഓഫീസ് പകർപ്പ്.

നമ്പർ. കെ.എസ്.എ/എസ്.എസ്.യു/എ3-477/2020 തീയതി : 02.08.2021

<u>1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പതിമൂന്നാം വകുപ്പ്, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ നിയമം 38(6) വകുപ്പ് എന്നിവ പ്രകാരം പുറപ്പെടുവിക്കുന്ന കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 2018-19 വർഷത്തെ വാർഷിക കണക്കുകളുടെ ഓഡിറ്റ് റിപ്പോർട്ട്.</u>

<u>ആമുഖം</u>

തത്വചിന്തകനും അദ്വൈതാചാര്യനുമായ ആദിശങ്കരാചാര്യരുടെ നാമത്തിൽ അദ്ദേഹത്തിന്റെ ജന്മസ്ഥലമായ കാലടിയിൽ 1993 നവംബർ 25-ന് സംസ്കൃതസർവ്വകലാശാല സ്ഥാപിതമായി. സർവ്വകലാശാല സ്ഥാപനത്തിന് അടിസ്ഥാനമായ 1993-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഓർഡിനൻസിനെ പിന്തള്ളി 1994-ൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ നിയമം നിലവിൽ വന്നു. സംസ്കൃത ഭാഷ, ഇൻഡോളജി, ഇൻഡ്യൻ സംസ്കാരം, ഭാഷ, തത്വചിന്ത, വിദേശഭാഷകൾ, സോഷ്യൽ സയൻസ് എന്നിവയിൽ പഠനവും ഗവേഷണവും സാധ്യമാക്കുക എന്നുള്ളതാണ് സർവ്വകലാശാലയുടെ സ്ഥാപിതലക്ഷ്യം. സംസ്ഥാനത്തൊട്ടാകെ അധികാരപരിധിയുള്ള ഈ സർവ്വകലാശാലയ്ക്ക് കാലടിയിൽ ഒരു മുഖ്യകേന്ദ്രവും തിരുവനന്തപുരം, പന്മന, തുറവൂർ, ഏറ്റുമാനൂർ, തൃശ്ശൂർ, തിരൂർ, കൊയിലാണ്ടി, പയ്യന്നൂർ എന്നിവിടങ്ങളിലായി എട്ട് പ്രാദേശിക കേന്ദ്രങ്ങളുമുണ്ട്. ബിരുദ, ബിരുദാനന്തര കോഴ്സുകൾക്കു പുറമെ ഗവേഷണരംഗത്ത് എം.ഫിൽ, പി.എച്ച്. ഡി കോഴ്സുകൾക്കും സർവ്വകലാശാല സൗകര്യമൊരുക്കിയിട്ടുണ്ട്.

സർവ്വകലാശാലാ ഗ്രാന്റ്സ് കമ്മീഷന്റെ 2(f), 12 (B) അംഗീകാരങ്ങൾക്കു പുറമെ രാജ്യത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് വിലയിരുത്തുന്ന ഏജൻസിയായ നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (NAAC) 'എ' ഗ്രേഡ് അംഗീകാരവും സർവ്വകലാശാലയ്ക്കുണ്ട്. സംസ്ഥാനത്തെ സംസ്കൃത ഭാഷാ വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി സർവ്വകലാശാല പ്രവർത്തിച്ചുവരുന്നു.

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 2018-2019 വർഷത്തിലെ ധനകാര്യ പത്രിക ഓഡിറ്റ് ചെയ്തു. സർവ്വകലാശാല 1.4.2018 മുതൽ 31.3.2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സർവ്വകലാശാല അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്ക് ലഭ്യമായ മറുപടികൾ പരിഗണിച്ചശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും

വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്താൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ഇ.വി.മഹേശ്വരി<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് എടുത്ത സമയം | 01.08.2019 മുതൽ 30.09.2020 വരെ |

| ഉത്തരവാദികളായ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | കാലയളവ് |
| ഡോ.പി.കെ.ധർമ്മരാജൻ | വൈസ് ചാൻസലർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡോ.കെ.എസ്.രവികുമാർ | പ്രോ- വൈസ് ചാൻസലർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഡോ. രവീന്ദ്രൻ തവറൂൾ | രജിസ്ട്രാർ | 01.04.2018 മുതൽ 12.03.2019 വരെ |
| ഡോ.എം.മണിമോഹനൻ | രജിസ്ട്രാർ (ഇൻ ചാർജ്ജ്) | 13.03.2019 മുതൽ 31.03.2019 വരെ |
| ശ്രീ. ടി.എൽ. സുശീലൻ | ഫിനാൻസ് ഓഫീസർ | 01.04.2018 മുതൽ 31.01.2019 വരെ |
| ശ്രീ.വി.മനോജ് | ഫിനാൻസ് ഓഫീസർ (ഇൻ ചാർജ്ജ്) | 01.02.2019 മുതൽ 31.03.2019 വരെ |

സർവ്വകലാശാലയ്ക്ക് വിവിധ ആവശ്യങ്ങൾക്കായി സംസ്ഥാന സർക്കാർ, കേന്ദ്രസർക്കാർ, യു.ജി.സി, മറ്റ് ഏജൻസികൾ എന്നിവയിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ കണക്കുകൾ, തനത് വരുമാനം, അക്കൗണ്ടുകളിൽ പണം ഒടുക്കിയത്, പിൻവലിക്കൽ എന്നിവ പരിശോധനാ വിധേയമാക്കി പ്രസക്ത ഓഡിറ്റ് നിരീക്ഷണങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. സമകാലിക ഓഡിറ്റിന്റെ ഭാഗമായുള്ള നിരീക്ഷണങ്ങൾക്കൊപ്പം സർവ്വകലാശാലയുടെ വിവിധ പഠന/ പഠനേതര വകുപ്പുകൾ, വിവിധ പ്രാദേശിക കേന്ദ്രങ്ങൾ എന്നിവ വാർഷികമായി ഓഡിറ്റ് നടത്തി പുറപ്പെടുവിച്ച ഓഡിറ്റ് കുറിപ്പുകളിൽ സർവ്വകലാശാല അധികൃതരുടെ സവിശേഷ ശ്രദ്ധ ആവശ്യമുള്ളതും പരിഹാര നടപടികൾ എടുക്കേണ്ടതുമായ നിരീക്ഷണങ്ങളും ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊവിഡ്-19 മഹാമാരി പടർന്നു പിടിച്ചിരുന്നതിനാൽ പയ്യന്നൂർ പ്രാദേശിക കേന്ദ്രത്തിന്റെ 2018-19 വർഷത്തെ ഓഡിറ്റ് എടുക്കുവാൻ സാധിച്ചിരുന്നില്ല. ആയത് 2019-20 വർഷത്തെ ഓഡിറ്റിനൊപ്പം പൂർത്തീകരിക്കുന്നതാണ്.

http://aims.ksad.kerala.gov.in/esubmission എന്ന വെബ് പോർട്ടൽ സന്ദർശിച്ച് സർവ്വകലാശാലയ്ക്ക് ലഭ്യമാക്കിയിട്ടുള്ള user name, password എന്നിവ ഉപയോഗിച്ച് ഓഡിറ്റ് റിപ്പോർട്ട് നിരീക്ഷിക്കാവുന്നതും തുടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഈ റിപ്പോർട്ടിന് 4 ഭാഗങ്ങൾ ഉണ്ട്.

ഭാഗം 1 - പൊതു അവലോകനം

ഭാഗം 2 – വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 3 - ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 4 - പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ - ഒറ്റ നോട്ടത്തിൽ

| ക്രമ നമ്പർ | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നമ്പർ | ചുരുക്കം |
|---|---|---|
| ഭാഗം – 1 പൊതു അവലോകനം | | |
| 1 | 1-1 | ബഡ്ജറ്റ് |
| 2 | 1-2 | വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിൽ കാലതാമസം |
| 3 | 1-3 | പദ്ധതി ചെലവ് |
| 4 | 1-4 | പദ്ധതിയേതര ചെലവ് |
| 5 | 1-5 | അക്കൗണ്ടിങ് സംവിധാനത്തിലെ പോരായ്മകൾ |
| 6 | 1-6 | വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| ഭാഗം -2-വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 7 | 2-1 | ആഭ്യന്തര വരുമാനം ആസ്ഥാനത്തേക്ക് നൽകുന്നതിൽ കാലതാമസം |
| 8 | 2-2 | ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള തുക- മുഴുവനായും സർവ്വകലാശാല അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല |
| 9 | 2-3 | സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഫീസായി പിരിച്ച തുക കൈയ്യിൽ സൂക്ഷിച്ചു |
| 10 | 2-4 | സ്ഥിര നിക്ഷേപങ്ങൾ കാലാവധി പൂർത്തിയായിട്ടും പുനർ നിക്ഷേപം നടത്തിയില്ല |
| | | |

| | | |
|---|---|---|
| ഭാഗം -3- ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 11 | 3-1 | ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല |
| 12 | 3-2 | ലീവ് വേക്കൻസിയിൽ താൽക്കാലികമായി നിയമിക്കപ്പെട്ട വ്യക്തിക്ക് സ്ഥിരനിയമനം നൽകി |
| 13 | 3-3 | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ ചിത്രകലാ ജോലികൾ - ചെലവ് രേഖകൾ ഇല്ല |
| 14 | 3-4 | ശമ്പള പരിഷ്കരണ കുടിശ്ശിക തുക സർക്കാരിൽ നിന്നും ലഭിക്കുന്നതിന് മുൻപ് സർവ്വകലാശാല വിതരണം ചെയ്തു |
| 15 | 3-5 | ട്രാവൽ ഗ്രാന്റ് അനുവദിച്ച് നൽകിയതിൽ അപാകത- 6,210/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 16 | 3-6 | GST ഇനത്തിൽ അധികം ഒടുക്കിയിട്ടുള്ള 51,458/- രൂപ ക്രമീകരിക്കുകയോ റീ-ഫണ്ട് ചെയ്ത് ലഭ്യമാകുകയോ ചെയ്തിട്ടില്ല – തുക തടസ്സപ്പെടുത്തുന്നു |
| 17 | 3-7 | പ്രളയത്തിൽ അകപ്പെട്ട് ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്തു വിൽപ്പന നടത്തിയിട്ടില്ല |
| 18 | 3-8 | പന്മന പ്രാദേശിക കേന്ദ്രത്തിലേക്ക് UF+UV വാട്ടർ കൂളറുകൾ - പർച്ചേസ് നടപടിക്രമങ്ങളിൽ അപാകത – 1,04,550/- രൂപ തടസ്സപ്പെടുത്തുന്നു |
| 19 | 3-9 | രൂപകൽപന ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ - പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല |
| 20 | 3-10 | സ്ഥിര നിക്ഷേപമാക്കുന്നതിലേക്കായി വിവിധ അക്കൗണ്ടുകളിൽ നിന്നും തുക പിൻവലിച്ചു - സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. |
| 21 | 3-11 | ഏറ്റുമാനൂർ റീജിയണൽ സെന്റർ - പേരൂർ പ്ലോട്ടിനു ചുറ്റുമതിൽ നിർമ്മാണം - നടത്തിപ്പിലെ അപാകതകൾ-7,58,303/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു |
| 22 | 3-12 | സർവ്വകലാശാലയിലെ സ്റ്റേഡിയം നിർമ്മാണം - ഒന്നാം ഘട്ടം - ചട്ടങ്ങളും വ്യവസ്ഥകളും ലംഘിച്ച് സ്വകാര്യ കരാറുകാരന് 65 ലക്ഷം രൂപ മുൻകൂർ അനുവദിച്ചു |
| 23 | 3-13 | മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല – 2,80,96,565/- രൂപ തടസ്സപ്പെടുത്തുന്നു |
| 24 | 3-14 | ശമ്പള പരിഷ്കരണ ഉത്തരവിന് വിരുദ്ധമായി സ്റ്റാറ്റ്യൂട്ടിൽ നിലവിലുള്ള വ്യവസ്ഥകളും അനധികൃത നിയമനങ്ങളും |
| | | |

| | | |
|---|---|---|
| 25 | 3-15 | ഡാറ്റാ സെന്റർ- പ്രവൃത്തി നിർവ്വഹണത്തിലും നടത്തിപ്പിലും അപാകത |
| 26 | 3-16 | കൊയിലാണ്ടി പ്രാദേശിക കേന്ദ്രം |
| 27 | 3-17 | സോഷ്യോളജി വിഭാഗം |
| 28 | 3-18 | മ്യൂസിക് വിഭാഗം |
| 29 | 3-19 | കായിക വിദ്യാഭ്യാസ വകുപ്പ് |
| 30 | 3-20 | ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം |
| ഭാഗം 4 – പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 31 | 4-1 | സർവ്വകലാശാലയുടെ സാമ്പത്തിക നില |
| 32 | 4-2 | ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ |
| 33 | 4-3 | സർവ്വകലാശാല ഫണ്ടുകൾ |
| 34 | 4-4 | ഓഡിറ്റ് ചാർജ്ജ് |
| 35 | 4-5 | സർക്കാരിലേയ്ക്കുള്ള അടവുകൾ |
| 36 | 4-6 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-7 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 38 | അനുബന്ധം 1 | 2018-19 വർഷത്തെ പദ്ധതിയേതര ധന സഹായത്തിന്റെ വിവരം |
| 39 | അനുബന്ധം 2 | 2018-19 വർഷത്തെ പദ്ധതി വിഹിത ധന സഹായത്തിന്റെ വിവരം |
| 40 | അനുബന്ധം 3 | 2018-19 വർഷത്തെ ഡെവലപ്പ്മെന്റ് ഫണ്ട് സ്ഥിരനിക്ഷേപം സംബന്ധിച്ച പത്രിക |
| 41 | അനുബന്ധം 4 | 2018-19 വർഷത്തെ പ്രൊവിഡന്റ് ഫണ്ട് സ്ഥിര നിക്ഷേപം സംബന്ധിച്ച പത്രിക |
| 42 | അനുബന്ധം 5 | 2018-19 ലെ പെൻഷൻ ഫണ്ട് നിക്ഷപം സംബന്ധിച്ച പത്രിക |
| 43 | അനുബന്ധം 6 | 2018-19 വർഷത്തെ എൻഡോവ്മെന്റ് സ്ഥിര നിക്ഷേപം സംബന്ധിച്ച പത്രിക |
| 44 | അനുബന്ധം 7 | 2018-19 വർഷത്തെ സ്ട്രെങ്ത്തനിംഗ് ഓഫ് സാൻസ്ക്രിറ്റ് സ്ഥിര നിക്ഷേപം സംബന്ധിച്ച പത്രിക |
| 45 | അനുബന്ധം 8 | 2018-19 വർഷത്തെ സ്റ്റാഫ് വെൽഫയർ ഫണ്ട് സ്ഥിര നിക്ഷേപം സംബന്ധിച്ച പത്രിക |
| 46 | അനുബന്ധം 9 | 2018-19 സാമ്പത്തിക വർഷത്തെ ക്രമീകരിക്കാത്ത മുൻകൂറുകളുടെ വിവരം സംബന്ധിച്ച പത്രിക |

# ഭാഗം -1

## പൊതു അവലോകനം

1-1 ബഡ്ജറ്റ്

സർവ്വകലാശാലയുടെ 2018-19 വർഷത്തെ ബഡ്ജറ്റ് 24.03.2018 ലും പുതുക്കിയ ബഡ്ജറ്റ് 25.03.2019 ലും ചേർന്ന സിൻഡിക്കേറ്റ് യോഗങ്ങൾ യഥാക്രമം ഇനം 4, ഇനം 2 ആയി പാസ്സാക്കിയിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരമുള്ള ആകെ വരവ് 208,39,33,855/- രൂപയും ആകെ ചെലവ് 222,12,35,700/-രൂപയുമാണ്. പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള ആകെ വരവ് 214,33,52,100/-രൂപയും ആകെ ചെലവ് 217,17,48,100/- രൂപയുമാണ്. എന്നാൽ വാർഷികകണക്കുകൾ പ്രകാരം യഥാർത്ഥ വരവ് 94,34,35,463/- രൂപയും ചെലവ് 103,31,28,001/- രൂപയുമാണ്. യഥാർത്ഥ വരവ് പുതുക്കിയ ബഡ്ജറ്റ് പ്രകാരമുള്ള വരവിൽ നിന്നും 119,99,16,637/- രൂപയും യഥാർത്ഥ ചെലവ് പുതുക്കിയ ബഡ്ജറ്റിൽ നിന്നും 113,86,20,099/- രൂപയും കുറവാണ്. ബഡ്ജറ്റ് യാഥാർത്ഥ്യബോധത്തോടു കൂടി തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. വരവ് ചെലവുകളിലെ ഈ വ്യത്യാസം ശീർഷകം തിരിച്ച് താഴെ ചേർക്കുന്നു.

| ശീർഷകം | വരവ് | | വ്യത്യാസം | ചെലവ് | | വ്യത്യാസം |
|---|---|---|---|---|---|---|
| | ബഡ്ജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥം | | ബഡ്ജറ്റ് എസ്റ്റിമേറ്റ് | യഥാർത്ഥം | |
| പദ്ധതിയേതര വിഹിതം | 65,94,34,700 | 66,87,18,239 | 92,83,539 | 72,74,30,200 | 62,97,87,506 | -9,76,42,694 |
| പദ്ധതി വിഹിതം | 29,75,00,000 | 9,39,00,000 | -20,36,00,000 | 25,79,00,500 | 13,92,14,427 | -11,86,86,073 |
| ഇയർ മാർക്ക്ഡ് ഫണ്ട് | 75,04,000 | 27,55,102 | -47,48,898 | 75,04,000 | 51,84,562 | -23,19,438 |
| ഡെബ്റ്റ്സ്& ഡെപ്പോസിറ്റ്സ് | 117,89,13,400 | 17,80,62,122 | -100,08,51,278 | 117,89,13,400 | 25,89,41,506 | -91,99,71,894 |
| ആകെ | 214,33,52,100 | 94,34,35,463 | -119,99,16,637 | 217,17,48,100 | 103,31,28,001 | -113,86,20,099 |

1-2 വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിൽ കാലതാമസം

1994 ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല നിയമം വകുപ്പ് 38(2) പ്രകാരം വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കേണ്ടത് സർവ്വകലാശാല രജിസ്ട്രാറുടെ ചുമതലയാണ്. കണക്കുകൾ സമർപ്പിക്കേണ്ട സമയപരിധിയെപ്പറ്റി സർവ്വകലാശാലാ നിയമത്തിൽ പരാമർശമില്ലെങ്കിലും 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരവും, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15(3) പ്രകാരവും വാർഷിക കണക്കുകൾ ഹാജരാക്കുന്നതിന് നിഷ്കർഷിച്ചിട്ടുള്ള സമയപരിധി അതാത് സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനുള്ളിൽ എന്നതാണ്. നിയമപ്രകാരം 2018-19 ലെ കണക്കുകൾ സർവ്വകലാശാല തയ്യാറാക്കി സമർപ്പിക്കേണ്ടത് 31-07-2019 ന് മുൻപായിരുന്നു. എന്നാൽ ഈ കണക്കുകൾ ഓഡിറ്റിന് നൽകിയത് 17-06-2020ൽ മാത്രമാണ്. വാർഷികകണക്കുകൾ സമയപരിധിയ്ക്കുള്ളിൽ തയ്യാറാക്കുന്നതിലും സിൻഡിക്കേറ്റിൽ വച്ച് അംഗീകാരം നേടുന്നതിലും ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-3 പദ്ധതി ചെലവ്

പദ്ധതി വിഹിതമായി സർക്കാരിൽ നിന്നും 9,39,00,000/- രൂപ തൻവർഷം ലഭിച്ചിട്ടുണ്ട്. ഈയിനത്തിൽ യാതൊരു തുകയും യു.ജി.സി യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പദ്ധതി വിഹിതമിനത്തിൽ ലഭിച്ച തുകയും മുന്നിരിപ്പും ഉൾപ്പെടുത്തി 13,92,14,427/-രൂപ സർവ്വകലാശാലയുടെ അടിസ്ഥാന വികസനത്തിനായി ഓഡിറ്റ് വർഷം ചെലവഴിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി പദ്ധതിപ്പണം ചെലവഴിക്കുന്നതിൽ ശ്രദ്ധേയമായ പുരോഗതി കൈവരിക്കുവാൻ സർവ്വകലാശാലയ്ക്കു കഴിഞ്ഞിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ചെലവിന്റെ ശതമാനം 148 ആണ്. മുൻ വർഷത്തെ (70.6%) അപേക്ഷിച്ച് കൂടുതൽ തുക ചെലവഴിക്കാൻ ഓഡിറ്റ് വർഷം കഴിഞ്ഞിട്ടുണ്ട്.

1-4 പദ്ധതിയേതര ചെലവ്

വാർഷിക പദ്ധതി പ്രകാരമുള്ള പദ്ധതിയേതര ചെലവു കണക്കുകൾ ചുവടെ ചേർക്കുന്നു.

| സ്രോതസ് | വരവ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| തനതു വരുമാനം | 3,45,39,239 | 62,97,87,506 | 94% |
| സർക്കാർ ധനസഹായം | 63,41,79,000 | | |
| ആകെ | 66,87,18,239 | 62,97,87,506 | |

തനതു വരുമാനത്തിൽ മുൻവർഷത്തെ അപേക്ഷിച്ച വർദ്ധനവുണ്ടാക്കുന്നതിന് സർവ്വകലാശാലയ്ക്കു കഴിഞ്ഞിട്ടുണ്ട്. സർക്കാർ ധന സഹായത്തിലും ഗണ്യമായ വർദ്ധനവുണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

1-5 അക്കൗണ്ടിങ് സംവിധാനത്തിലെ പോരായ്മകൾ

ബഡ്ജറ്റ്, ധനാഗമം, ധനവിനിയോഗം എന്നിവ നിയന്ത്രിക്കാനാവശ്യമായ ചട്ടങ്ങളും മാന്വലുകളും സർവ്വകലാശാല ഇതുവരെയും രൂപീകരിച്ചിട്ടില്ല. ബഡ്ജറ്റ് തയ്യാറാക്കൽ, ധനവിനിയോഗം എന്നിവ സംബന്ധിച്ച് സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടിലും ആക്റ്റിലും പ്രത്യേക പരാമർശങ്ങളില്ല. കേരള ഫിനാൻഷ്യൽ കോഡ്, ബഡ്ജറ്റ് മാന്വൽ, ട്രഷറി കോഡ്, അക്കൗണ്ട് കോഡ് എന്നിവയിലെ നിർദ്ദേശങ്ങൾക്ക് ആവശ്യമായ ഭേദഗതി വരുത്തി സർവ്വകലാശാലയുടെ സാമ്പത്തിക ഇടപാടുകൾ ക്രമപ്പെടുത്താവുന്നതാണെന്ന സിൻഡിക്കേറ്റ് തീരുമാനപ്രകാരമാണ് ധന സംബന്ധമായ ഇടപാടുകൾ ക്രമപ്പെടുത്തിയിട്ടുള്ളത്. എന്നാൽ കൃത്യമായ നിയമങ്ങളുടെയും ചട്ടങ്ങളുടെയും അഭാവത്തിൽ സർവ്വകലാശാലയിലെ അക്കൗണ്ടിംഗ് യഥാർത്ഥ ധനവിനിയോഗത്തെ പ്രതിഫലിപ്പിക്കുന്നില്ല. നിലവിലെ ധനമാനേജ്മെന്റ് സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സർവ്വകലാശാലയിൽ സൂക്ഷിക്കാത്തതിനാൽ ഓരോ ഇനങ്ങളിലുമുള്ള ചെലവും നീക്കിയിരിപ്പും പ്രത്യേകം നിരീക്ഷിക്കുവാനും ഫണ്ടുകളുടെ വകമാറ്റൽ തിരിച്ചറിയുവാനും സാധിക്കുന്നില്ല.

2. സർവ്വകലാശാല ഓഡിറ്റിനായി സമർപ്പിച്ചിട്ടുള്ള വാർഷിക കണക്കുകൾ വരവ്, ചെലവ്, ബാക്കി എന്ന രീതിയിൽ സിംഗിൾ എൻട്രി സമ്പ്രദായത്തിലാണ് തയ്യാറാക്കിയിട്ടുള്ളത്. ഡബിൾ എൻട്രി അക്കൗണ്ടിങ് സമ്പ്രദായത്തിലുള്ള ട്രയൽ ബാലൻസ്, ലെഡ്ജർ, ബാലൻസ് ഷീറ്റ് എന്നിവ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ലെഡ്ജർ തയ്യാറാക്കാത്തതിനാൽ എല്ലാ വരവുകളും, ചെലവുകളും അക്കൗണ്ട് ചെയ്യപ്പെട്ടിട്ടുണ്ടോ എന്ന് ഓഡിറ്റിൽ ഉറപ്പാക്കാനും സാധിച്ചിട്ടില്ല.

3. പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുള്ള ആസ്തി - ബാധ്യതാ പത്രിക യഥാർത്ഥ ആസ്തി - ബാധ്യതകളെ പ്രതിഫലിപ്പിക്കുന്നില്ല. സർവ്വകലാശാലയ്ക്കും, അനുബന്ധ കേന്ദ്രങ്ങൾക്കും സ്വന്തമായുള്ള ഭൂമി, കെട്ടിടങ്ങൾ എന്നിവയുടെ വില നിശ്ചയിക്കുകയോ, ആസ്തി രജിസ്റ്ററിൽ ചേർക്കുകയോ ചെയ്തിട്ടില്ല.

4. ഫീസ്, മറ്റ് വരവുകൾ എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് പത്രിക തയ്യാറാക്കി സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഓരോ ഇനത്തിലും പിരിഞ്ഞുകിട്ടാനുള്ള തുക, കുടിശ്ശിക നിൽക്കുന്ന തുക എന്നിവ സംബന്ധിച്ച് സർവ്വകലാശാലയിൽ കൃത്യമായ രേഖകളില്ല.

1-6 വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ 2018-19 വർഷത്തെ വാർഷിക കണക്കുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2017-18 വർഷത്തെ ഓഡിറ്റഡ് അക്കൗണ്ട്സ് പ്രകാരം 31.03.2018 ലെ ട്രഷറിയിലെ നീക്കിയിരിപ്പ് 17,66,45,300/- രൂപയാണ്. എന്നാൽ പരിശോധനയ്ക്കായി സമർപ്പിച്ചിട്ടുള്ള 2018-19 വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം 01.04.2018-ൽ ട്രഷറിയിൽ 18,71,28,586/- രൂപ മുന്നിരിപ്പ് ഉള്ളതായി കാണിച്ചിരിക്കുന്നു. മുൻ വർഷത്തെ നീക്കിയിരിപ്പും തൻവർഷത്തെ മുന്നിരിപ്പും തമ്മിൽ 1,04,83,286/- രൂപയുടെ വ്യത്യാസം ഉണ്ട്.

2. 01.04.2018 ലെ കയ്യിരിപ്പ് പണം 4065/- രൂപ ആണ്. എന്നാൽ 2165/- രൂപ എന്നാണ് വാർഷിക കണക്കിൽ ചേർത്തിട്ടുള്ളത്. Dept system-ൽ നീക്കിയിരിപ്പുള്ള കയ്യിരിപ്പ് പണം 1900/- രൂപ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. അങ്കമാലി സബ് ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ള എൻഡോവ്മെന്റ് ഫണ്ടിലെ 31.03.2019 ലെ നീക്കിയിരിപ്പ് 45,13,718/- രൂപയാണ്. എന്നാൽ വാർഷിക കണക്കിൽ 44,95,718/- രൂപ മാത്രമാണ് നീക്കിയിരിപ്പായി ചേർത്തിട്ടുള്ളത്.

4. വിവിധ റീജിയണൽ സെന്ററുകളിൽ നിലനിർത്തിയിട്ടുള്ള ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ വിവരം വാർഷിക കണക്കുകളിലെ നീക്കിയിരിപ്പ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | റീജിയണൽ സെന്ററിന്റെ പേരു വിവരം | ബാങ്ക് അക്കൗണ്ടിന്റെ വിവരം | 31.03.2019 ലെ നീക്കിയിരിപ്പ് തുക (രൂപ) |
|---|---|---|---|
| 1. | കൊയിലാണ്ടി | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, കൊയിലാണ്ടി | 8,44,146/- |

| | | | |
|---|---|---|---|
| | | അക്കൗണ്ട് നം. 61110201000 7469 | |
| 2. | തിരൂർ | യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, തിരൂർ<br>അക്കൗണ്ട് നം. 10306 | 3,52,587/- |
| ആകെ | | | 11,96,733/- |

5. സ്പൈങ്ങ്തനിംഗ് ഓഫ് സാൻസ്ക്രിറ്റിന്റെ രജിസ്റ്റർ പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ 30,91,933/- രൂപയുടെ സ്ഥിര നിക്ഷേപം ഉണ്ട്. എന്നാൽ 31.03.2019 ലെ നീക്കിയിരിപ്പ് തുക 32,67,606/- രൂപ എന്നാണ് 2018-19 വാർഷികക്കണക്കിൽ ചേർത്തിട്ടുള്ളത്.
6. ബാങ്ക് സ്റ്റേറ്റ്മെന്റ്, രജിസ്റ്റർ എന്നിവ പ്രകാരം സ്റ്റാഫ് വെൽഫയർ ഫണ്ടിനത്തിൽ 31.03.2019 ലെ നീക്കിയിരിപ്പ് 3,26,827/- രൂപ ആണ്. എന്നാൽ വാർഷിക കണക്കുകൾ പ്രകാരം 31.03.2019 ലെ നീക്കിയിരിപ്പ് 3,41,620/- രൂപയാണ്.
7. പി.എഫ്. അക്കൗണ്ട് വരവ്-ചെലവ് രജിസ്റ്റർ പ്രകാരം 31.03.2019 പ്രാബല്യത്തിൽ 53,55,362/- രൂപയുടെ നീക്കിയിരിപ്പ് ഉണ്ട്. എന്നാൽ ബാങ്ക് പാസ് ബുക്കിൽ പ്രസ്തുത തീയതിയിൽ 46,11,712/- രൂപ മാത്രമാണ് നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടുള്ളത്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 ആഭ്യന്തര വരുമാനം ആസ്ഥാനത്തിലേയ്ക്ക് നൽകുന്നതിൽ കാലതാമസം

ഡിപ്പാർട്ടുമെന്റൽ സിസ്റ്റം പൂർണ്ണമായ രീതിയിൽ നടപ്പിലാക്കിക്കൊണ്ട് 8.07.2013 ൽ സർവ്വകലാശാല പുറപ്പെടുവിച്ചിട്ടുള്ള എ.ഡി.ബി/5268/എസ്.എസ്.യു.എസ്/2009 ഉത്തരവിലെ ഖണ്ഡിക 15 പ്രകാരം അതാത് വകുപ്പുകളിൽ സ്വീകരിക്കുന്ന ആഭ്യന്തരവരുമാനം പ്രതിമാസ കണക്കുകൾ സഹിതം എല്ലാ മാസവും 10ാം തീയതിക്ക് മുമ്പായി ഹെഡ് ക്വാർട്ടേഴ്സിൽ സമർപ്പിക്കേണ്ടതാണ്. എന്നാൽ സർവ്വകലാശാലയിലെ വിവിധ വകുപ്പുകളിൽ സ്വീകരിക്കുന്ന ആഭ്യന്തരവരുമാനം ഇപ്രകാരം കണക്കുകൾ തയ്യാറാക്കി സമയ പരിധിക്കുള്ളിൽ നൽകുന്നില്ല. ഇക്കാര്യത്തിൽ സമയ ക്ളിപ്തത പാലിക്കേണ്ടതാണ്.

2-2 ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള തുക-മുഴുവനായും സർവ്വകലാശാല അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല.

വിവിധ പഠന വകുപ്പുകളിൽ ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ള തുക മുഴുവനായും സർവ്വകലാശാല അക്കൗണ്ടിൽ ഒടുക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പഠന വകുപ്പിന്റെ പേര് | തീയതി | പിരിച്ചെടുത്ത തുക | ഒടുക്കിയ തുക | ബാലൻസ് |
|---|---|---|---|---|---|
| 1. | സൈക്കോളജി | 06.06.19 | 26,880/- | 26,430/- | 450/- |
| 2. | ജ്യോഗ്രഫി | 26.06.19 (രസീത് നം. 2198/46) | 125/- | -- | 125/- |
| 3. | ഇംഗ്ലീഷ് | 04.06.18 | 49,450/- | 49,400/- | 50/- |
| | | 17.01.19 | 750/- | 550/- | 200/- |

| | | | | | |
|---|---|---|---|---|---|
| 4. | സോഷ്യോളജി | 12.03.19 (രസീത് നം. 23/2235) | 375/- | 275/- | 100/- |
| 5. | സോഷ്യൽ വർക്ക് | 13.09.18 (രസീത് നം.2181/23) | 800/- | 500/- | 300/- |
| | | | | ആകെ | 1225/- |

ഒടുക്കാനുള്ള തുക സർവ്വകലാശാല അക്കൗണ്ടിലേക്ക് ഒടുക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

2-3 സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഫീസായി പിരിച്ച തുക കയ്യിൽ സൂക്ഷിച്ചു

മോഹിനിയാട്ടം പഠന വിഭാഗത്തിൽ പുതുതായി ആരംഭിച്ച സർട്ടിഫിക്കറ്റ് കോഴ്സിന്റെ ഫീസിനത്തിൽ 50,000/- രൂപ 17.07.2019-ൽ 2356 നമ്പർ രസീത് ബുക്കിലെ 01 മുതൽ 12 വരെയുള്ള (04 & 11 രസീതുകൾ ക്യാൻസൽ ചെയ്തു) രസീതുകൾ പ്രകാരം പിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ ഈ തുക ക്യാഷ് ബുക്കിൽ വരവു വച്ച് ബാങ്കിൽ അടച്ചത് 30.09.2019 ലാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം -1 ആർട്ടിക്കിൾ 7(2) പ്രകാരം രണ്ടു മാസത്തിലധികം തുക കൈവശം വച്ചത് താൽക്കാലിക പണാപഹരണമായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിന് വകുപ്പ് തലവനിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. തുടർന്നും ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ഉത്തരവാദിത്തപ്പെട്ടവരുടെ ഭാഗത്ത് നിന്നും ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

2-4 സ്ഥിര നിക്ഷേപങ്ങൾ കാലാവധി പൂർത്തിയായിട്ടും പുനർ നിക്ഷേപം നടത്തിയില്ല.

സർവ്വകലാശാലയുടെ 2018-19 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് സ്ഥിര നിക്ഷേപങ്ങളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 2017-18-ൽ കാലാവധി പൂർത്തിയായ ചുവടെ ചേർക്കുന്ന സ്ഥിര നിക്ഷേപങ്ങൾ ടി.എസ്.ബി.262 ലേയ്ക്ക് മാറ്റിയിട്ടുള്ളതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിലാണ് ഈ തുകകൾ പുനർ നിക്ഷേപം നടത്തിയിട്ടുള്ളത്. 2017 ജൂൺ മാസത്തിൽ പിൻവലിച്ച ഈ തുകകൾ 2019 ഫെബ്രുവരി മാസം വരെ ടി.എസ്.ബി 262-ലാണ് സൂക്ഷിച്ചിട്ടുള്ളത്. സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിന് ബാധകമായ കുറഞ്ഞ നിരക്കിലുള്ള പലിശ മാത്രമാണ് സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുള്ളത്. സ്ഥിര നിക്ഷേപമാക്കിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന ഉയർന്ന നിരക്കിലുള്ള പലിശ സർവ്വകലാശാലയ്ക്ക് നഷ്ടമായിട്ടുണ്ട്. നിക്ഷേപങ്ങളുടെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഫണ്ടിനം | തുക | കാലാവധി പൂർത്തിയായ തീയതി | പുനർ നിക്ഷേപം നടത്തിയ തീയതി |
|---|---|---|---|---|
| 1 | പ്രൊവിഡന്റ് ഫണ്ട് | 1,01,91,667/- | 27.06.2017 | 26.02.2019 |
| 2 | പെൻഷൻ ഫണ്ട് | 37,37,588/- | 27.06.2017 | 26.02.2019 |
| | | | | |

| | | | | |
|---|---|---|---|---|
| 3 | പെൻഷൻ ഫണ്ട് | 53,95,192/- | 27.06.2017 | 26.02.2019 |
| 4 | പെൻഷൻ ഫണ്ട് | 4,05,926/- | 27.06.2017 | 26.02.2019 |
| 5 | പെൻഷൻ ഫണ്ട് | 7,40,651/- | 27.06.2017 | 26.02.2019 |

27.06.2017-ന് പിൻവലിച്ച നിക്ഷേപങ്ങൾ എന്തു ചെയ്തുവെന്നും ഈ തുക നിക്ഷേപിച്ചിരുന്നെങ്കിൽ 26.02.2019 വരെ ലഭിക്കുമായിരുന്ന പലിശ നിരക്ക്, തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 07.08.2020 ൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. ഉയർന്ന പലിശനിരക്കുള്ള സ്ഥിര നിക്ഷേപമാക്കാതെ പ്രൊവിഡന്റ് ഫണ്ട്, പെൻഷൻ ഫണ്ട് നിക്ഷേപങ്ങൾ കുറഞ്ഞ പലിശ നിരക്കുള്ള സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) 31.03.2017ന് മറ്റ് നിക്ഷേപങ്ങൾ എന്ന ഇനത്തിൽ 2,18,07,972/- രൂപ സർവ്വകലാശാലയ്ക്ക് സ്ഥിര നിക്ഷേപമുണ്ട്. 2017-18 സാമ്പത്തിക വർഷം സർവ്വകലാശാല ഇതിന്റെ നീക്കിയിരിപ്പ് വിവരങ്ങളും രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. 2018-19 സാമ്പത്തിക വർഷത്തിലും ഇതു സംബന്ധിച്ച വിവരങ്ങൾ നൽകിയിട്ടില്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 ക്യാഷ് ബുക്കിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

സർവ്വകലാശാല ബിൽ നമ്പർ 939-1/19 മുതൽ 966-1/19 വരെയുള്ള ബില്ലുകൾ പ്രകാരം 01.07.2009 മുതൽ 28.02.2010 വരെയുള്ള യു ജി സി ശമ്പളപരിഷ്കരണ കുടിശ്ശിക കണക്കാക്കി യു.പി.എഫ്. അക്കൗണ്ടിലേക്കും ആദായനികുതി അക്കൗണ്ടിലേക്കുമായി നൽകിയതായി കാണിച്ചിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകൾ ക്യാഷ് ബുക്കിൽ വരുത്തിയിട്ടില്ല. ഇപ്രകാരം ചെലവ് തുകകൾ രേഖപ്പെടുത്താത്തത് നീക്കിയിരിപ്പ് തുകയിൽ വ്യത്യാസം വരുമെന്നതിനാൽ ആയത് പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ ക്യാഷ് ബുക്കിൽ വരുത്തേണ്ടതുമാണ്.

3-2 ലീവ് വേക്കൻസിയിൽ താൽക്കാലികമായി നിയമിക്കപ്പെട്ട വ്യക്തിക്ക് സ്ഥിര നിയമനം നൽകി

സംസ്കൃത സർവ്വകലാശാലയിൽ ഫിലോസഫി വിഭാഗത്തിൽ 05.07.2012-ൽ ലീവ് വേക്കൻസിയിൽ നിയമനം ലഭിച്ച ഡോ.ആർ.ഷർമ്മിളയുടെ നിയമനം സംസ്കൃത സർവ്വകലാശാലയുടെ 22.08.2019-ലെ 7889/Ad.A3/2011/ssus നമ്പർ ഉത്തരവ് പ്രകാരം സർവ്വകലാശാല സ്ഥിര നിയമനമാക്കി ഉത്തരവായിട്ടുണ്ട്. ഈ നിയമനം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

23.12.2010-ലെ വിജ്ഞാപന പ്രകാരം സർവ്വകലാശാല ഫിലോസഫി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുകയും റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ രണ്ടാം റാങ്കുകാരിയാണ് ഡോ.ആർ.ഷർമ്മിള (ഹിന്ദു നായർ വിഭാഗം). റാങ്ക് ലിസ്റ്റ് നിലവിൽ വരുമ്പോൾ ഫിലോസഫി വിഭാഗത്തിൽ 2 ഒഴിവുകളാണ് ഉണ്ടായിരുന്നത്. ഇതിൽ ഒരു ഒഴിവ് മുസ്ലീം എൻ.സി.എ. വേക്കൻസിയിൽ ആയിരുന്നതിനാൽ സിറാജുൽ മുനീർ എന്നയാളും ഓപ്പൺ വേക്കൻസിയിൽ ബാബു എം.എൻ. എന്നയാളും നിയമിതരായി. ഒരു വർഷമാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധി.

ഫിലോസഫി വിഭാഗത്തിൽ അദ്ധ്യാപകനായി സേവനം ചെയ്തിരുന്ന ഡോ.എൻ.എം.ഫൈസൽ അവധിയിൽ പോയ ഒഴിവിൽ മേൽപ്പറഞ്ഞ ഫിലോസഫി റാങ്ക് ലിസ്റ്റിലെ രണ്ടാം റാങ്കുകാരിയായ, ഓപ്പൺ കാറ്റഗറിയിൽപ്പെട്ട ഡോ. ആർ.ഷർമ്മിളയെ 05.07.2012-ലെ 7889/Ad.A3/2011/SSUS നമ്പർ സർവ്വകലാശാല ഉത്തരവ് പ്രകാരം ലീവ് വേക്കൻസിയിൽ നിയമിച്ചു. ടിയാളുടെ നിയമനം തീർത്തും താൽക്കാലികമാണെന്നും ഫിലോസഫി വിഭാഗത്തിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് യാതൊരു വിധ അവകാശവാദവും ടിയാരിക്ക് ഉണ്ടായിരിക്കില്ലെന്നും ഈ നിയമന ഉത്തരവിൽ സർവ്വകലാശാല വ്യക്തമാക്കിയിട്ടുണ്ട്. ടിയാരിക്ക് വാർഷിക അവധിക്കായി സ്ഥാപനം അടക്കുന്നതു വരെയോ മറ്റൊരാൾ സ്ഥിരമായി പ്രസ്തുത തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നത് വരെയോ ഏതാണ് ആദ്യം വരുന്നത് അതുവരെ മാത്രമേ സേവനത്തിൽ തുടരുവാൻ അർഹതയുള്ളൂ എന്ന വിവരം 09.01.2015-ലെ എൽ.എഫ്.എസ്.എസ്.യു.എസ്./എ4-438/2014 നമ്പർ കത്ത് പ്രകാരം സർവ്വകലാശാലയെ ഈ ഓഫീസിൽ നിന്നും അറിയിച്ചിരുന്നുവെങ്കിലും സർവ്വകലാശാല യാതൊരു നടപടിയും എടുത്തിരുന്നില്ല.

1997-ലെ സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് പാർട്ട് I, ചാപ്റ്റർ III, ഖണ്ഡിക 3 പ്രകാരം സർവ്വകലാശാലയിൽ അദ്ധ്യാപകരെ നിയമിക്കേണ്ടത് ഹ്രസ്വകാല കരാർ നിയമനത്തിലേക്കൊഴികെ പത്രപരസ്യം മുഖേന അപേക്ഷ ക്ഷണിച്ചും 1968-ലെ KSSR വ്യവസ്ഥകൾക്കനുസരിച്ചും ആണ്. എന്നാൽ ടിയാളെ നിയമിച്ചത് KSSR ചട്ടങ്ങളിലെ ചട്ടം 14, 15, 16, 17 എന്നിവയനുസരിച്ചുള്ള സംവരണ തത്ത്വങ്ങളും റൊട്ടേഷൻക്രമവും പാലിച്ചല്ല.

05.07.2012-ൽ നിയമിക്കപ്പെട്ട് സേവനത്തിൽ തുടരുന്നതിന്റെ അടിസ്ഥാനത്തിൽ സ്ഥിര നിയമനം ആവശ്യപ്പെട്ട് ടിയാൾ ബഹു.ഹൈക്കോടതിയെ സമീപിച്ചു. ബഹു.ഹൈക്കോടതി 22.02.2018-ലെ WP(C) നമ്പർ 6010,7774 & 12960 of 2015 നമ്പർ ആയി പുറപ്പെടുവിച്ച വിധിന്യായത്തിൽ, സംവരണ തത്ത്വങ്ങൾ പാലിക്കാതെയുള്ള ടിയാളുടെ നിയമനം സബ്സ്റ്റാൻറീവ് വേക്കൻസിയിൽ ആണെന്ന് സ്ഥാപിക്കാൻ കഴിയില്ല എന്നും അതുകൊണ്ടുതന്നെ ശ്രീമതി.ഷർമ്മിളയ്ക്ക് ബാധകമായത് നിയമന ഉത്തരവിലെ വ്യവസ്ഥകളാണെന്നും കോടതി വ്യക്തമാക്കിയിരുന്നു. ടിയാൾക്ക് നിയമനം നൽകിയ 05.07.2012 ലെ 7889/Ad.A3/2011/ssus നമ്പർ ഉത്തരവിൽ ടിയാളുടെ നിയമനം തീർത്തും താൽക്കാലികമാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്.

പ്രസ്തുത വിധിക്കെതിരെ ടിയാൾ റിവ്യൂ ഹർജി നൽകി. ആയതിന്മേലുള്ള "There is no interdiction contained in the judgement under review, as against consideration of any claim of the petitioner on the strength of her continuance in service from the year 2012" എന്ന

നമ്പർ RP 480 of 2018 in WP(C)6010/2015 Dtd:07.03.2019 വിധി അടിസ്ഥാനമാക്കി 29.07.19-ലെ 5/19 (178) നമ്പർ സിൻഡിക്കേറ്റ് തീരുമാന പ്രകാരം ഡോ.ഷർമ്മിളയുടെ നിയമനം ടിയാൾ ലീവ് വേക്കൻസിയിൽ നിയമിക്കപ്പെട്ട 05.07.2012 മുതൽ സ്ഥിരനിയമനമായി അംഗീകരിച്ചു.

സിവിൽ അപ്പീൽ 3595-3612 of 1999, ഉമാദേവി V/S കർണ്ണാടക സ്റ്റേറ്റ് എന്ന കേസിന്മേലുള്ള ബഹു.സുപ്രീം കോടതിയുടെ 10.04.2006-ലെ വിധിന്യായത്തിൽ 09.04.2006 വരെ കുറഞ്ഞത് 10 വർഷത്തിലധികം തുടർച്ചയായി അംഗീകൃത തസ്തികയിൽ ജോലി ചെയ്തവരെ ഒറ്റത്തവണ എന്ന നിലയ്ക്ക് സ്ഥിരപ്പെടുത്തുവാൻ അനുവാദം നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ സമയപരിധി ബഹു. കോടതി ആ ഉത്തരവ് പുറപ്പെടുവിച്ച് 6 മാസം (09.10.2006 വരെ) ആണ്. അതിനുശേഷം ആരെയും സ്ഥിരപ്പെടുത്തരുതെന്ന് പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്. ദിവസ വേതനക്കാരോ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെയുള്ള താൽക്കാലിക ജീവനക്കാരോ ആയ ഏതൊരാളെയും 09.10.2006 നു ശേഷം സർക്കാർ സ്ഥാപനങ്ങളിൽ സ്ഥിരപ്പെടുത്തുന്നത് ഇതു സംബന്ധിച്ചുള്ള സുപ്രീം കോടതി നിർദ്ദേശത്തിന്റെ ലംഘനമാണ് എന്ന് വ്യക്തമാക്കികൊണ്ടുള്ള അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 19.01.2016 ലെ 2661/Exp.A1/15,Fin നമ്പർ ആയുള്ള നോട്ടും നിയമ വകുപ്പിന്റെ 613/Opinion-F/2016 Law—36410/WW1/15/Fin നമ്പർ ആയുള്ള നിയമോപദേശവും അടങ്ങിയ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 28.01.2016-ലെ 39/K1/16 ഉ.വി.വ., നമ്പർ കത്തിന്റെ പകർപ്പ് ഉന്നത വിദ്യാഭ്യാസ വകുപ്പ് സംസ്കൃത സർവ്വകലാശാലക്ക് നൽകിയിട്ടുള്ളതാണ്.

ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും 25.04.2017-ൽ ബി4/639/2017/ഉ.വി.വ. നമ്പർ ആയി സർവ്വകലാശാലക്ക് നൽകിയ കത്തിൽ അനൗപചാരികമായി നിയമിക്കപ്പെട്ട ജീവനക്കാരെ ഒരു കാരണവശാലും സ്ഥിരപ്പെടുത്തരുതെന്നും ഭാവിയിൽ ഇപ്രകാരം ആവശ്യപ്പെട്ട് സർക്കാരിലേക്ക് പ്രൊപ്പോസലുകൾ അയക്കരുതെന്നും അറിയിച്ചിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്നും 26.04.2019-ൽ സംസ്കൃത സർവ്വകലാശാലക്ക് നൽകിയ HEDN-B4/23/2019 ഉ.വി.വ. നമ്പർ കത്തിൽ 09.04.2006നു ശേഷം താൽക്കാലികക്കാരെ ആരെയും സ്ഥിരപ്പെടുത്തരുതെന്ന കാര്യം വീണ്ടും വ്യക്തമാക്കിയിട്ടുണ്ട്. അതോടൊപ്പം എല്ലാ മാനദണ്ഡങ്ങൾക്കും വിരുദ്ധമായി ദിവസ വേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും നിയമിക്കപ്പെട്ടിരിക്കുന്ന എല്ലാ വിഭാഗം ജീവനക്കാരുടെയും സേവനം അവസാനിപ്പിച്ച് പുതിയ ആൾക്കാരെ സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളനുസരിച്ച് ദിവസവേതന/കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നിർദ്ദേശം നൽകുകയും ഒരാളെത്തന്നെ തുടർച്ചയായി ദിവസവേതന/കരാർ അടിസ്ഥാനത്തിൽ ജോലിക്ക് നിർത്തുന്നത് തെറ്റാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

സംവരണ തത്ത്വങ്ങൾ പാലിക്കാതെയും ബഹു. സുപ്രീം കോടതിയുടെ വിധിയും സംസ്ഥാന സർക്കാരിന്റെ ഉത്തരവുകളും പാലിക്കാതെയുമാണ് ഡോ.ആർ.ഷർമ്മിളയ്ക്ക് സിൻഡിക്കേറ്റ് തീരുമാന പ്രകാരം നിയമനം നൽകിയിരിക്കുന്നത്.

കൂടാതെ ടിയാളുടെ നിയമനം സംബന്ധിച്ചും ഇന്റർവ്യൂവിൽ നൽകിയ മാർക്ക് സംബന്ധിച്ചും ഡോ.ബൈജു ഇ.ബി, ഡോ.ഷീജ ഒ.കെ. എന്നിവർ ബഹു.സംസ്ഥാന ഗവർണർക്ക് പരാതി നൽകിയതായും ഫയലിൽ ഉണ്ട്.

10.06.19-ലെ 7889/Ad.A3/2011/SSUS നമ്പർ പ്രകാരം അക്കൗണ്ട്സ്, ആഡിറ്റ് & ലീഗൽ സ്ഥിരം സമിതിയും സ്റ്റാഫ് സ്ഥിരം സമിതിയും മുഖേന സർവ്വകലാശാലയിൽ നിന്നും സിൻഡിക്കേറ്റിലേക്ക് സമർപ്പിച്ച കുറിപ്പിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഈ കുറിപ്പിൽ താൽക്കാലിക അദ്ധ്യാപകരായി ജോലി ലഭിക്കുന്നവർ പിന്നീട് ജോലി ലഭിച്ച തീയതി മുതൽ റഗുലറൈസ് ചെയ്യണമെന്നോ സ്ഥിര നിയമനം നൽകണമെന്നോ ആവശ്യപ്പെട്ട് ഹൈക്കോടതിയെ സമീപിക്കുന്ന പ്രവണതയാണെന്നും ഇത് സർവ്വകലാശാലയ്ക്ക് അധിക ബാദ്ധ്യത ഉണ്ടാകുന്നുവെന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ താൽക്കാലിക അദ്ധ്യാപകരെ സ്ഥിരപ്പെടുത്താനുള്ള യാതൊരു നിർദ്ദേശവും പ്രോസസ്സ് ചെയ്യരുതെന്നുള്ള ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ കുറിപ്പിലെ നിർദ്ദേശം പാലിക്കാൻ 10.11.2016 – ലെ 6/16 (156) നമ്പർ സിൻഡിക്കേറ്റ് യോഗം ഇനം 14 ആയി തീരുമാനിക്കുകയും ഈ തീരുമാനം നടപ്പിലാക്കി 06.02.2017–ലെ എഡിബി/2024/എസ്എസ് യു എസ്/2016 നമ്പർ ആയി ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് എന്ന കാര്യം കൂടി വ്യക്തമാക്കിയിട്ടുണ്ട്.

ഈ സാഹചര്യത്തിൽ, താൽക്കാലിക ജീവനക്കാർക്ക് സ്ഥിരനിയമനം അനുവദിക്കരുതെന്ന് സർക്കാർ പല കത്തുകളിലൂടെയും സർവ്വകലാശാലയെ അറിയിച്ചിട്ടുണ്ടെങ്കിലും ആയത് പരിഗണിക്കാതെയും ബഹു. സുപ്രീം കോടതിയുടെ 10.04.2006 – ലെ ഉത്തരവിനു വിരുദ്ധമായും, സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും ശ്രീമതി. ഷർമ്മിളയെ നിയമിച്ചത് തെറ്റായ നടപടിയായി ഓഡിറ്റിൽ വിലയിരുത്തുന്നു. പ്രസ്തുത അപാകത ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-3 കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ ചിത്രകലാ ജോലികൾ - ചെലവ് രേഖകൾ ഇല്ല.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ ചിത്രകലാ ജോലികൾ ചെയ്യുന്നതിന് കരാർ എടുത്തിട്ടുള്ള കൊച്ചിയിലെ സ്ക്വയർ അസോസിയേറ്റ്സ് വിമാനത്താവളത്തിലെ മ്യൂറൽ പെയിന്റിംഗ് ചെയ്യുന്നതിന് സർവ്വകലാശാലയുമായി 11.06.2018 – ൽ കരാർ വച്ചിരുന്നു. ഈ ജോലി പൂർത്തിയാക്കുന്നതിനായി സംസ്കൃത സർവ്വകലാശാലയിലെ പെയിന്റിംഗ് വിഭാഗം മേധാവി ശ്രീ.സാജു ടി.എസ്.-നെ ചുമതലപ്പെടുത്തി 19.06.2018-ൽ Acd.B1/7130/2012/ssus നമ്പർ ഉത്തരവ് സർവ്വകലാശാല പുറപ്പെടുവിച്ചിരുന്നു.

മേൽപ്പറഞ്ഞ ഉത്തരവിൽ തുറവൂർ മഹാദേവക്ഷേത്രത്തിലെ ചുമർ ചിത്രങ്ങളുടെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതുമായി ബന്ധപ്പെട്ട് യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിൽ ശ്രീ.സാജു ടി.എസ്. പേർക്ക് തുടങ്ങിയിട്ടുള്ള അക്കൗണ്ട് (അക്കൗണ്ട് നമ്പർ 338602010152142) മേൽ പ്രോജക്ടിനായി തുടർന്നും ഉപയോഗിക്കേണ്ടതാണെന്നും പ്രസ്തുത പ്രോജക്ടിനായി ലഭിക്കുന്ന തുക സർവ്വകലാശാലയുടെ യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയിലെ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് 14001 ലേക്ക് നിക്ഷേപിക്കണമെന്നും അങ്ങനെ ലഭിക്കുന്ന തുകയിൽ ശ്രീ സാജു ടി.എസ്. ആവശ്യപ്പെടുന്ന തുക മേൽപ്പറഞ്ഞ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 338602010152142) മാറ്റി നൽകുന്നതാണെന്നും ഈ പ്രോജക്ട് സംബന്ധിച്ച വരവു ചെലവുകളുടെ ബില്ലുകളും വൗച്ചറുകളും കൃത്യമായി സൂക്ഷിക്കണമെന്നും ഇതിനായി ഒരു രജിസ്റ്റർ പ്രത്യേകമായി തയ്യാറാക്കി സൂക്ഷിക്കണമെന്നും നികുതി കിഴിച്ചുള്ള തുകയുടെ 80% ടി

പ്രവൃത്തികളുടെ ചെലവുകൾക്കും ബാക്കി 20% സർവ്വകലാശാലയുടെ വരുമാനവുമായി ഉപയോഗിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സാംസ്കാരിക പരിപാടികളും ആർട്ട് വർക്കുകളും എറ്റെടുത്തു നടത്തുന്നതിനായി സർവ്വകലാശാലയിൽ രൂപീകൃതമായ 2011 – ലെ കൺസോർഷ്യം ഓർഡിനൻസ് പ്രകാരം, എറ്റെടുത്തു നടത്തുന്ന പ്രോഗ്രാമുകളുടെയും വർക്കുകളുടെയും പ്രതിഫലം, ഉപാധികൾ, നിബന്ധനകൾ മുതലായവ ഏറ്റെടുത്തു നടപ്പിലാക്കേണ്ടത് കൺസോർഷ്യമാണ്.

സർവ്വകലാശാലയും സ്ക്വയർ അസോസിയേറ്റ്സുമായുള്ള 11.06.2018 – ലെ കരാർ പ്രകാരം നികുതികൾ ഉൾപ്പെടെ ഒരു ചതുരശ്ര മീറ്ററിന് 10,000/- രൂപയാണ് കണക്കാക്കിയിരിക്കുന്ന നിരക്ക്. മൂന്ന് ഗഡുക്കളായാണ് കരാർ തുക കൈമാറേണ്ടത്. ഇതിൽ അവസാന ഗഡു, പ്രസ്തുത ജോലി തൃപ്തികരമായി തീർത്ത് ഒരാഴ്ചയ്ക്കകം സർവ്വകലാശാലക്ക് നൽകേണ്ടതാണ്. ആകെ 181.43 ച.മീറ്റർ ആണ് ചിത്രകല ചെയ്തിരിക്കുന്നത്. ഇതിന് 10,000/-രൂപ നിരക്കിൽ നികുതികൾ ഉൾപ്പെടെ 18,14,300/- രൂപയാണ് ആകെ മൂല്യം. സർവ്വകലാശാലയ്ക്ക് 3 ഗഡുക്കളായി ആകെ ലഭിച്ചിരിക്കുന്നത് (1% ആദായനികുതി കഴിച്ച് ) 13,46,568/- രൂപയാണ്. ബാക്കി ലഭിക്കാനുള്ള 4,67,732/- രൂപ 2019 ജനുവരി മാസത്തിൽ നൽകുമെന്ന് സ്ക്വയർ അസോസിയേറ്റസ് സർവ്വകലാശാലയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക ഇതുവരെ ലഭിച്ചിട്ടില്ല. സ്ക്വയർ അസോസിയേറ്റ്സിൽ നിന്നും ഇനിയും ലഭിയ്ക്കാനുള്ള 4,67,732/- രൂപ ലഭിയ്ക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിയ്ക്കേണ്ടതാണ്.
26.10.2018-ൽ ശ്രീ. സാജു ടി.എസ്. സർവ്വകലാശാലയ്ക്ക് നൽകിയ കത്തിൽ കൺസോർഷ്യം നിലവിൽ വരുമ്പോൾ GST ഉണ്ടായിരുന്നില്ല എന്നും GST നിലവിൽ വന്നതിനാൽ മേൽ പ്രവൃത്തിയിൽ നിന്നും സർവ്വകലാശാലയ്ക്ക് നൽകാനുള്ള 20% തുകയും GST –യും ചേർക്കുമ്പോൾ 40% തുക മാറിപ്പോകുന്ന സ്ഥിതി വരുമെന്നും ആയതിനാൽ സർവ്വകലാശാലക്ക് നൽകാനുള്ള 20% തുകയിൽ മതിയായ മാറ്റം വരുത്തണമെന്നും അറിയിച്ചിട്ടുണ്ട്. 01.06.2018-ന് മുൻപേ 01.07.2017 മുതൽ ജി.എസ്.ടി. നിലവിൽ വന്നിരുന്നു. 2011 കൺസോർഷ്യം ഗൈഡ് ലൈൻസ് ഖണ്ഡിക 6 (v) പ്രകാരം പ്രതിഫലവും മറ്റ് ഉപാധികളും നിബന്ധനകളും വയ്ക്കേണ്ടത് കൺസോർഷ്യം എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ചുമതലയാണ്. GST നിലവിൽ വന്നതിനുശേഷം വച്ച കരാറിൽ പ്രസ്തുത നിരക്ക് കൂടി ചേർത്ത് തുക കണക്കാക്കാതിരുന്നത് അപാകതയാണ്.

2011 കൺസോർഷ്യം ഗൈഡ് ലൈൻസ് ഖണ്ഡിക 11(iii) പ്രകാരം പുറത്തുനിന്നുള്ള കലാകാരൻമാരുടെ വേതനവും സാധന സാമഗ്രികളുടെ വിലയും കിഴിച്ചുള്ള തുകയുടെ $^2/_5$ ഭാഗം സർവ്വകലാശാല ജനറൽ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കേണ്ടതാണ്. ഇതിനുശേഷം ബാക്കിയുള്ള തുക അഞ്ചായി ഭാഗിച്ച് അതിൽ $^3/_5$ ഭാഗമാണ് പങ്കെടുത്ത അദ്ധ്യാപകരുടെ പ്രതിഫലമായി നൽകേണ്ടതാണ്. $^1/_5$ ഭാഗം പങ്കെടുത്ത വിദ്യാർത്ഥികൾക്കും $^1/_5$ ഭാഗം കൺസോർഷ്യം ചെയർമാൻ/കൺവീനർ മുതലായവർക്ക് പ്രതിഫലമായി വിഭജിച്ചു നൽകണം. എന്നാൽ 1% ആദായനികുതി കിഴിച്ച് ആകെ ലഭിച്ച 13,46,568/- രൂപയിൽ 13,37,500/- രൂപയും സർവ്വകലാശാല ശ്രീ.സാജു ടി.എസ്.-ന്റെ പേരിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നമ്പർ 338602010152142) നൽകുകയാണുണ്ടായത്

മേൽ പ്രവൃത്തിയുടെ നടത്തിപ്പിനായി പുറത്തു നിന്ന് കലാകാരൻമാരുണ്ടായിരുന്നവെങ്കിൽ അവർക്ക് നൽകിയ തുകയുടെ വിവരം, സാധന സാമഗ്രികൾ വാങ്ങിയതിന്റെ ബില്ലുകൾ, വൗച്ചറുകൾ മുതലായവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തി സംബന്ധിച്ച വരവ്- ചെലവ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സർവ്വകലാശാലയ്ക്ക് ലഭിക്കേണ്ട തുകയും കൺസോർഷ്യം വൈസ്ചെയർമാൻ, പങ്കെടുത്ത വിദ്യാർത്ഥികൾ, പങ്കെടുത്ത അദ്ധ്യാപകർ എന്നിവർക്കുള്ള തുകകളും കണക്കാക്കി വിഭജിച്ച നൽകിയിട്ടില്ല. ആകെ ലഭിച്ച തുകയിൽ 9,068/- രൂപ കിഴിച്ച് ബാക്കി തുക മുഴുവൻ ശ്രീ.സാജു ടി.എസ്.-ന് 338602010152142 വ്യക്തിപരമായി ഉപയോഗിക്കാവുന്ന അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് എന്ന് ഫയലിൽ നിന്നു വ്യക്തമാകുന്നു. ഈ തുകകളുടെ വിനിയോഗം സംബന്ധിച്ച് യാതൊരു വിവരവും ലഭ്യമായിട്ടില്ല. കൂടാതെ മേൽ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.338602010152142) പാസ്ബുക്കും പരിശോധനക്ക് ലഭ്യമായിട്ടില്ല.

ശ്രീ സാജുവിനെ ഈ വർക്ക് ഏൽപ്പിച്ചു കൊടുത്ത സർവ്വകലാശാല ഉത്തരവിൽ നികുതി കിഴിച്ചുള്ള തുകയുടെ 80% ടി പ്രവൃത്തികളുടെ ചെലവുകൾക്കും ബാക്കി 20% സർവ്വകലാശാലയുടെ വരുമാനവുമായി ഉപയോഗിക്കണം എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരം കണക്കാക്കിയാലും ഇതുവരെ ലഭിച്ച തുകയുടെ 20% ആയ 2,69,313/- രൂപ സർവ്വകലാശാല അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. അതിനു പകരം ഈയിനത്തിൽ 9,068/- രൂപ മാത്രമാണ് സർവ്വകലാശാല അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുന്നത്. ബാക്കി നിൽക്കുന്ന 2,60,245/- രൂപ ശ്രീ. സാജു ടി.എസ്-ൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-4 ശമ്പള പരിഷ്കരണ കുടിശ്ശിക തുക സർക്കാരിൽ നിന്നും ലഭിക്കുന്നതിനു മുൻപ് സർവ്വകലാശാല വിതരണം ചെയ്തു.

ആറാമത് യു.ജി.സി. ശമ്പള പരിഷ്കരണത്തിന്റെ 2 & 3 ഗഡുക്കൾ യഥാക്രമം 01.07.2007 മുതൽ 30.06.2008 വരെയും 01.07.2008 മുതൽ 30.06.2009 വരെയും ഉള്ള കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനായി 4,59,84,910/- രൂപ 01.06.2017 – ലെ ജി.ഒ.(എം.എസ്.) നമ്പർ 139/2017 ഉ.വി.വ. നമ്പർ ഉത്തരവ് വഴിയും 4-ാം ഗഡുവായി 01.07.2009 മുതൽ 31.03.2010 വരെയുള്ള കുടിശ്ശിക തുക 1,75,72,058/- രൂപ 03.03.2019-ലെ ജി.ഒ.(എം.എസ്.) നമ്പർ 50/2019 ഉ.വി.വ. നമ്പർ ഉത്തരവ് പ്രകാരവും സർക്കാർ അനുവദിച്ചിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ഈ തുക സർവ്വകലാശാല അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. അതേ സമയം ഈ കുടിശ്ശിക തുകകൾ അദ്ധ്യാപകർക്ക് സർവ്വകലാശാല അനുവദിക്കുകയും ചെയ്തിട്ടുണ്ട്. തുക അക്കൗണ്ടിൽ ലഭിക്കുന്നതിനു മുമ്പേ സർവ്വകലാശാല നോൺ - പ്ലാൻ ഗ്രാന്റിൽ നിന്നും പ്രസ്തുത തുക വിതരണം ചെയ്തിട്ടുള്ള നടപടി തെറ്റായി ഓഡിറ്റിൽ വിലയിരുത്തുന്നു. തുടർന്നും ഇത്തരം അപാകതകൾ സംഭവിക്കാതിരിക്കാൻ ഉത്തരവാദിത്തപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

3-5 ട്രാവൽ ഗ്രാന്റ് അനുവദിച്ച് നൽകിയതിൽ അപാകത- 6,210/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

കൊൽക്കത്തയിലെ ജാദവ്പൂർ സർവ്വകലാശാലയിൽ വച്ച് 28.12.2017 മുതൽ 30.12.2017 വരെ നടന്നിട്ടുള്ള ഇന്ത്യൻ ഹിസ്റ്ററി കോൺഗ്രസിൽ പങ്കെടുത്തതിനു തുറവൂർ പ്രാദേശിക കേന്ദ്രത്തിലെ മലയാള വിഭാഗം അസോസിയേറ്റ് പ്രൊഫസറും ക്യാമ്പസ് ഡയറക്ടറുമായ

ഡോ.ബിച്ചു എക്സ്. മലയിലിനു യാത്രയ്ക്കായി ചെലവായിട്ടുള്ള 25,044/- രൂപ ട്രാവൽ ഗ്രാന്റായി അനുവദിച്ചുകൊണ്ട് ബഹു. വൈസ് ചാൻസലർ ഉത്തരവായിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാറുടെ 09.07.18 ലെ പി.എൽ.ഡി./13605/എസ്.എസ്.യു.എസ്./2013 ഉത്തരവ് പ്രകാരം പ്രസ്തുത തുക വൗച്ചർ നം. 1279 തീയതി 17/07/18 (ചെക്ക് നം.145026 തീ.17/07/18) മുഖേന ഡോ.ബിച്ചു എക്സ്. മലയിലിനു നൽകിയിട്ടുള്ളതുമാണ്. കൊച്ചിയിൽ നിന്നും കൊൽക്കത്തയിലേക്കും തിരികെ കൊൽക്കത്തയിൽ നിന്നും കൊച്ചിയിലേക്കും ഡോ.ബിച്ചു എക്സ്. മലയിൽ വിമാനത്തിൽ ആണ് യാത്ര നടത്തിയിട്ടുള്ളത്. യാത്രയിൽ ഒപ്പം അനുഗമിച്ചിരുന്ന മറ്റൊരു വ്യക്തിയുടെ യാത്രാ ചെലവ് കൂടി ഉൾപ്പെട്ടിട്ടുള്ള വിമാനടിക്കറ്റുകൾ ആണ് അദ്ദേഹം ട്രാവൽ ഗ്രാന്റ് ലഭിക്കുന്നതിനായി സമർപ്പിച്ചിരുന്നത്. ആയതിൽ നിന്നും ഡോ.ബിച്ചു എക്സ്. മലയിലിനു ചെലവായിട്ടുള്ള തുക മാത്രമാണ് യൂണിവേഴ്സിറ്റിയിൽ നിന്നും അനുവദിച്ചു നൽകിയിട്ടുള്ളത്. പ്രസ്തുത റ്റി.എ. ബിൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. 07.04.2009 ൽ ധന വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുള്ള 31/2009/ധനം നമ്പർ സർക്കുലർ പ്രകാരം വിമാന ടിക്കറ്റുകൾ ട്രാവൽ ഏജൻസി വഴി ബുക്ക് ചെയ്യുമ്പോൾ ട്രാവൽ ഏജൻസിക്ക് നൽകേണ്ടി വരുന്ന സർവ്വീസ് ചാർജ്ജ് റ്റി.എ. ഇനത്തിൽ ഉൾപ്പെടുത്തി റീ-ഇംപേഴ്സ് ചെയ്യുവാൻ പാടുള്ളതല്ല. ഡോ.ബിച്ചു എക്സ്. മലയിൽ 14.10.2017 ന് ദർശന ടൂർസ് ആൻഡ് ട്രാവൽസ്,കോട്ടയം മുഖേന കൊൽക്കത്തയിലേക്കും തിരികെ കൊച്ചിയിലേക്കും ബുക്ക് ചെയ്തിട്ടുള്ള ടിക്കറ്റുകളിൽ യഥാക്രമം 4,240/- രൂപ, 1,220/- രൂപ ഉൾപ്പടെ ആകെ 5,460/- രൂപ സർവ്വീസ് ചാർജ്ജ് ഇനത്തിൽ നൽകിയിട്ടുണ്ട്. അദ്ദേഹം യാത്ര നടത്തിയിട്ടുള്ള വിമാന കമ്പനിയുടെ വെബ്സൈറ്റിൽ നിന്നും ലഭ്യമായിട്ടുള്ള GST ഇൻവോയ്സ് ഇൻഫർമേഷനിൽ നിന്നും (PNR: FB8Q3Z) ട്രാവൽ ഏജൻസിയുടെ സർവ്വീസ് ചാർജ്ജ് കിഴിച്ചുള്ള തുക മാത്രമാണ് ടിക്കറ്റ് ചാർജ്ജായി രേഖപ്പെടുത്തിയിട്ടുള്ളത്.

2. കേരള സർവ്വീസ് റൂൾസിലെ പാർട്ട്-II ലെ ട്രാവലിംഗ് അലവൻസുകളുമായി ബന്ധപ്പെട്ട റൂൾ നം. 63 പ്രകാരം താമസത്തിനുള്ള ബത്ത കണക്കാക്കുന്നത് ഹെഡ് ക്വാർട്ടേഴ്സിൽ നിന്നും ആരംഭിച്ച യാത്ര ഔട്ട് സ്റ്റേഷനിൽ അവസാനിച്ച സമയം മുതൽ തിരികെ ഉള്ള യാത്ര ആരംഭിക്കുന്ന സമയം വരെയാണ്. പ്രസ്തുത റൂൾ പ്രകാരം ഡോ.ബിച്ചു എക്സ് മലയിൽ തുറവൂരിൽ നിന്നും കൊൽക്കത്തയിൽ എത്തിയ സമയം മുതൽ (27.12.2017 – 09.30AM) മടക്കയാത്ര ആരംഭിച്ച സമയം (30.12.2017-11AM) വരെയാണ് താമസത്തിനുള്ള ബത്ത കണക്കാക്കുന്നത്. ആയതിൻപ്രകാരം മേൽ വ്യക്തിക്ക് 3 ഡി.എ. ആയി (3 X 550) 1,650/-രൂപ അനുവദിച്ച് നൽകാവുന്നതാണ്. എന്നാൽ വൗച്ചർ പ്രകാരം മേൽ വ്യക്തിക്ക് 6 ഡി.എ. (6 X 400 = 2,400/-) അനുവദിച്ചു നൽകിയിരിക്കുന്നു.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം.01 തീയതി: 25/02/2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിമാന ടിക്കറ്റുകൾ ട്രാവൽ ഏജൻസി വഴി ബുക്ക് ചെയ്തപ്പോൾ സർവ്വീസ് ചാർജ്ജ് ഇനത്തിൽ നൽകിയിട്ടുള്ള 5,460/- രൂപ, താമസത്തിനുള്ള ബത്ത ഇനത്തിൽ അധികം കൈപ്പറ്റിയിട്ടുള്ള 750/- രൂപ എന്നിവ ഉൾപ്പടെ ആകെ 6,210/- രൂപയുടെ

ചലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. തുടർ നടപടികൾ സ്വീകരിച്ച് തടസ്സവാദം ഒഴിവാക്കേണ്ടതാണ്.

3-6 GST ഇനത്തിൽ അധികം ഒടുക്കിയിട്ടുള്ള 51,458/- രൂപ ക്രമീകരിക്കുകയോ റീ-ഫണ്ട് ചെയ്ത് ലഭ്യമാകുകയോ ചെയ്തിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു

2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിൽ ഉണ്ടായ മഹാപ്രളയത്തിൽ അകപ്പെട്ട് കേടുപാടുകൾ സംഭവിച്ച ഉപയോഗശൂന്യമായിട്ടുള്ള വാഹനങ്ങൾക്ക് പകരമായി പുതിയ 4 കാറുകൾ വാങ്ങുന്നതിന് 09.11.2018 ൽ നടന്ന സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനമെടുത്തിരുന്നു. പ്രസ്തുത തീരുമാനം സർവ്വകലാശാല സർക്കാരിനെ അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പുതിയ 4 കാറുകൾ വാങ്ങുന്നതിനു 53 ലക്ഷം രൂപ (നശിച്ച് പോയ വാഹനങ്ങളുടെ ഇൻഷുറൻസ് തുക കിഴിച്ചുള്ള തുക) അനുവദിച്ച് 19.12.2018 ൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഉത്തരവായിട്ടുള്ളതാണ് [സ.ഉ.(സാധാ)നം.2275/2018]. സർക്കാർ അനുമതിയുടെ അടിസ്ഥാനത്തിൽ ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, ബാംഗ്ലൂരിൽ നിന്നും 3 വാഹനങ്ങൾ 29.12.2018 ലെ 16401/എസ്റ്റേറ്റ്3/ എസ്.എസ്.യു.എസ്./2018(1) നമ്പർ രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം വാങ്ങിയിട്ടുണ്ട്. വാഹനങ്ങളുടെ വിലയായ 37,71,488/- രൂപയിൽ നിന്നും 2% TDS (വാഹനങ്ങളുടെ അടിസ്ഥാന വില + ഫ്രൈറ്റ് ചാർജ്ജ് + ട്രാൻസിറ്റ് ഇൻഷുറൻസ് എന്നിവയിൽ നിന്നും) കിഴിച്ച് 37,20,030/- രൂപ 29.12.2018 ൽ ടൊയോട്ട കിർലോസ്കർ മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ അക്കൗണ്ടിലേക്കും കിഴിവ് വരുത്തിയിട്ടുള്ള 2% TDS (Rs.51,458/-) തുകയിൽ 1% CGST ഇനത്തിൽ 25,729/- രൂപയും 1% SGST ഇനത്തിൽ 25,729/-രൂപയും സർവ്വകലാശാല ഒടുക്കിയിരുന്നു. എന്നാൽ വാഹനങ്ങൾ വാങ്ങിയിട്ടുള്ളത് മറ്റൊരു സംസ്ഥാനത്തിൽ (കർണ്ണാടകയിൽ) നിന്നും ആയിട്ടുള്ളതിനാൽ അന്തർസംസ്ഥാന വാങ്ങലുകൾക്ക് ബാധകമായിട്ടുള്ള IGST ആയിരുന്നു GST ഇനത്തിൽ ഒടുക്കേണ്ടിയിരുന്നത്. പിഴവ് മനസ്സിലാക്കിയ സർവ്വകലാശാല 16.01.2019 ലെ 16401/എസ്റ്റേറ്റ്3/ എസ്.എസ്.യു.എസ്./2018 നമ്പർ രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം വീണ്ടും 51,458/- രൂപ കൂടി പിൻവലിച്ച് IGST ഇനത്തിൽ ഒടുക്കി. എന്നാൽ CGST ഇനത്തിലും SGST ഇനത്തിലും ആയി മുൻപ് ഒടുക്കിയിരുന്ന 51,458/- രൂപ റീ-ഫണ്ട് ചെയ്തിട്ടുള്ളതിന്റെയോ ക്രമീകരിച്ചതിന്റെയോ രേഖകൾ ഫയലിൽ ലഭ്യമല്ല. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിക്ക് (നം.04 തീയതി 07/03/2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ GST ഇനത്തിൽ അധികം ഒടുക്കിയിട്ടുള്ള 51,458/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അധികമായി ഒടുക്കിയിട്ടുള്ള 51,458/- രൂപ ക്രമീകരിച്ചതിന്റെയോ റീ-ഫണ്ട് ചെയ്ത് ലഭ്യമായിട്ടുള്ളതിന്റേയോ രേഖകൾ ലഭ്യമാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

3-7 പ്രളയത്തിൽ അകപ്പെട്ട് ഉപയോഗശൂന്യമായ വാഹനങ്ങൾ ലേലം ചെയ്ത വിൽപ്പന നടത്തിയിട്ടില്ല.

2018 ആഗസ്റ്റ് മാസത്തിൽ കേരളത്തിൽ ഉണ്ടായ മഹാപ്രളയത്തിൽ അകപ്പെട്ട് കേടുപാടുകൾ സംഭവിച്ച ഉപയോഗശൂന്യമായിട്ടുള്ള രജിസ്ട്രാറുടെ ഔദ്യോഗിക വാഹനമായ സ്വിഫ്റ്റ്-ഡിസയർ (No. KL-41-D-8657), ഓഫീസ് വാഹനമായ ഫോർഡ് ഫിയസ്റ്റ (No. KL-41-C-1849) എന്നീ

വാഹനങ്ങൾ ഇതുവരെയും ലേലം ചെയ്തു കൈയ്യൊഴിയുന്നതിനുള്ള നടപടികൾ സർവ്വകലാശാല സ്വീകരിച്ചിട്ടില്ല. ഫോർഡ് ഫിയസ്റ്റ വാഹനത്തിന് 2,52,000/- രൂപയും സ്വിഫ്റ്റ്-ഡിസയർ വാഹനത്തിന് 3,60,225/- രൂപയും ഉൾപ്പടെ ആകെ 6,12,225/- രൂപ ഇൻഷ്വേർഡ് ഡിക്ലേർഡ് വാല്യൂ ഉണ്ടായിരുന്ന മേൽ വാഹനങ്ങൾക്ക് ഇൻഷുറൻസ് കമ്പനികൾ നൽകിയിട്ടുള്ള ഇൻഷുറൻസ് തുക യഥാക്രമം 2,11,000/- രൂപയും 1,79,112/- രൂപയും ഉൾപ്പടെ ആകെ 3,90,112/- രൂപ മാത്രമാണ്. കുറവ് വന്നിട്ടുള്ള 2,22,113/- രൂപ വാഹനങ്ങൾ ലേല നടപടികളിലൂടെ വിറ്റഴിച്ച് സർവ്വകലാശാലയ്ക്ക് ഈടാക്കാവുന്നതാണ്. എന്നാൽ ഇതുവരെയും സർവ്വകലാശാല തുടർ നടപടികൾ സ്വീകരിക്കാത്തതിനാൽ വാഹനങ്ങൾ നിലവിൽ ജീർണ്ണാവസ്ഥയിൽ ആണ്. ആയത് ഉത്തരവാദിത്തപ്പെട്ടവരുടെ ഭാഗത്ത് നിന്നും കൃത്യനിർവ്വഹണത്തിൽ വന്നിട്ടുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. വാഹനങ്ങൾ ലേലം ചെയ്ത് വിറ്റഴിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കണമെന്ന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

3-8 പന്മന പ്രാദേശിക കേന്ദ്രത്തിലേക്ക് UF+UV വാട്ടർ കൂളറുകൾ - പർച്ചേസ് നടപടിക്രമങ്ങളിൽ അപാകത - 1,04,550/- രൂപ തടസ്സപ്പെടുത്തുന്നു

പന്മന പ്രാദേശിക കേന്ദ്രത്തിലേക്ക് UF+UV സൗകര്യമുള്ള 3 (മൂന്ന്) വാട്ടർ കൂളറുകൾ വാങ്ങുന്നതിന് പ്രാദേശിക കേന്ദ്രം ഡയറക്ടർ ഡോ.എ.ഷീലാകുമാരിക്ക് 1,12,500/- രൂപ മുൻകൂർ നൽകുന്നതിനു 03.06.2017ലെ 160-ാമത് സിൻഡിക്കേറ്റ് യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വൈസ്-ചാൻസിലർ അനുമതി നൽകിയിരുന്നു. പ്രസ്തുത അനുമതിയുടെ അടിസ്ഥാനത്തിൽ 28.07.2018 ലെ ജോയിന്റ് രജിസ്ട്രാറുടെ 12355/എസ്റ്റേറ്റ്.2/ എസ്.എസ്.യു.എസ്./2015 നമ്പർ ഉത്തരവ് പ്രകാരം മേൽ തുക പ്രാദേശിക കേന്ദ്രം ഡയറക്ടർക്ക് മുൻകൂറായി അനുവദിച്ചു നൽകിയിട്ടുണ്ട്. 3 വാട്ടർകൂളറുകൾക്കുമായി 1,04,550/- രൂപയും അനുബന്ധ പ്ലമ്പിംഗ് പ്രവൃത്തികൾക്കായി 5,729/- രൂപയും ഉൾപ്പടെ 1,10,279/- രൂപ ചെലവഴിച്ചിട്ടുള്ളതായും മുൻകൂറിൽ ബാക്കി നിൽക്കുന്ന തുക 2,221/- രൂപ സർവ്വകലാശാല ഫണ്ടിലേക്ക് തിരിച്ചടച്ചിട്ടുള്ളതായും കാണിച്ച് പ്രാദേശിക കേന്ദ്രം ഡയറക്ടർ രജിസ്ട്രാർക്ക് 23.11.2018 ൽ കത്ത് നൽകിയിരുന്നു. പ്രസ്തുത ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ.ഉ.(പി.)നം.03/2013/എസ്.പി.ഡി. തീ.21-06-2013 പ്രകാരമുള്ള സ്റ്റോർ പർച്ചേസ് മാന്വൽ 2013 അനുസരിച്ച് ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള പർച്ചേസുകൾ ലിമിറ്റഡ് ടെണ്ടർ മുഖേന നടപ്പിലാക്കേണ്ടതാണ്. ടെണ്ടർ നോട്ടീസ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും ടെണ്ടർ രേഖകൾ രജിസ്റ്റർ ചെയ്തിട്ടുള്ള വിതരണക്കാർക്ക് സൗജന്യമായി അയച്ചു നൽകേണ്ടതുമാണ്. കൂടാതെ മൂന്നിലധികം വിതരണക്കാരുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടതും ടെണ്ടർ സമർപ്പിക്കുന്നതിനു 14 ദിവസത്തെ സമയം അനുവദിക്കേണ്ടതുമാണ്. എന്നാൽ പ്രസ്തുത ചട്ടങ്ങൾ പ്രാദേശിക കേന്ദ്രം ഡയറക്ടർ പാലിച്ചിട്ടുള്ളതായി കാണുന്നില്ല. പകരം 3 സ്ഥാപനങ്ങളിൽ നിന്നും വാട്ടർ കൂളർ വിതരണം ചെയ്യുന്നതിനായി ക്വട്ടേഷൻ ക്ഷണിക്കുകയും അതിൽ കുറഞ്ഞ തുക (ഒരു വാട്ടർ കൂളറിനു 34,850/- രൂപ) ക്വാട്ട് ചെയ്തിട്ടുള്ള മീഡിയോ, ചവറ, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നും 3 വാട്ടർകൂളറുകൾ 1,04,550/- രൂപ ചെലവഴിച്ച് വാങ്ങിയിട്ടുള്ളതായി കാണുന്നു.

2. മേൽ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് തുക 1 ലക്ഷത്തിൽ കൂടുതലും എന്നാൽ 10 ലക്ഷം വരെയും ഉള്ള പർച്ചേസുകൾക്ക് ടെണ്ടർ തുകയുടെ 0.2% (കുറഞ്ഞത് 400/- രൂപ) ഈടാക്കി പർച്ചേസ് നടത്തുന്ന ഉദ്യോഗസ്ഥൻ നിശ്ചിത മാതൃകയിൽ തയ്യാറാക്കിട്ടുള്ള ടെണ്ടർ ഫോറം വിതരണം ചെയ്യേണ്ടതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശം ക്യാമ്പസ് ഡയറക്ടർ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

3. മേൽ ഉത്തരവ് പ്രകാരം കരാറിന്റെ കൃത്യമായ നിർവ്വഹണം ഉറപ്പാക്കുന്നതിനായി കരാർ തുക 1 ലക്ഷത്തിനു മുകളിലുള്ള ടെണ്ടറുകളിൽ നിന്നും കരാർ തുകയുടെ 5% പെർഫോമൻസ് സെക്യൂരിറ്റി ആയി കരാറുകാരനിൽ നിന്നും വാങ്ങി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പ്രസ്തുത ചട്ടവും ക്യാമ്പസ് ഡയറക്ടർ പാലിച്ചിട്ടുള്ളതായി കാണുന്നില്ല.

പർച്ചേസ് നടപടിക്രമങ്ങളിലെ കാര്യക്ഷമത, മിതവ്യയം, ഉത്തരവാദിത്തം എന്നിവ ഉറപ്പാക്കുന്നതിനായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സ്റ്റോർ പർച്ചേസ് മാന്വലിലെ ചട്ടങ്ങൾ പ്രാദേശിക കേന്ദ്രം ഡയറക്ടർ പാലിക്കാതിരുന്നതിനു വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.9 തിയതി 17/06/2020) നൽകിയിരുന്നു. സർവ്വകലാശാലയ്ക്ക് വേണ്ടി സുരക്ഷാ നിക്ഷേപം/ഇ.എം.ഡി. സ്വീകരിക്കുന്നതിനും, കരാറിൽ ഏർപ്പെടുന്നതിനുമുള്ള അധികാരം പ്രാദേശിക കേന്ദ്രം ഡയറക്ടർക്ക് ഇല്ലാത്തതാണ് മേൽ അപാകതയ്ക്ക് കാരണമെന്ന് മറുപടിയിൽ സർവ്വകലാശാല വ്യക്തമാക്കിയിട്ടുണ്ട്. പർച്ചേസ് നടപടിക്രമങ്ങളിൽ സർവ്വകലാശാലയ്ക്ക് വേണ്ടി കരാറിൽ ഏർപ്പെടാൻ അധികാരമില്ലാത്ത ഒരു വ്യക്തിയെ പർച്ചേസിംഗ് ഓഫീസർ ആയി നിയോഗിച്ചിട്ടുള്ളത് ഉത്തരവാദിത്തപ്പെട്ടവരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി ഓഡിറ്റിൽ വിലയിരുത്തുന്നു. ആയതിനാൽ വാട്ടർകൂളറുകൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുള്ള 1,04,550/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

3-9 രൂപകൽപന ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ - പദ്ധതി ഫലപ്രാപ്തിയിലെത്തിയില്ല

സംസ്ഥാന സർക്കാർ 08.03.2016ലെ ജി.ഒ.(ആർ.ടി.) നമ്പർ.682/2016 ഉ.വി.വകുപ്പ് ഉത്തരവ് പ്രകാരം സർവ്വകലാശാലയിൽ രൂപകൽപന ടെക്നോളജി ബിസിനസ് ഇൻകുബേറ്ററിന് ഭരണാനുമതി നൽകി. പെയിന്റിങ്ങ്, മ്യൂറൽ പെയിന്റിങ്ങ്, സ്കൾപ്ചർ, ഡിജിറ്റൽ ഗ്രാഫിക്സ് ആന്റ് പ്രിന്റ്സ്, ടെക്സ്റ്റൈൽ ഡിസൈനിങ്ങ്, പ്രൊഡക്റ്റ് ഡിസൈനിങ്ങ്, ഡിജിറ്റൽ ഫിലിം മേക്കിങ്ങ് എന്നീ മേഖലകളിൽ വിദ്യാർത്ഥികളുടെ നൈപുണ്യം വികസിപ്പിക്കുക, ഈ മേഖലകളുമായി ബന്ധപ്പെട്ട ആധുനിക സാങ്കേതിക വിദ്യകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക, വിദ്യാർത്ഥികൾ നിർമ്മിക്കുന്ന ഉൽപന്നങ്ങൾ രൂപകൽപന എന്ന ബ്രാന്റിൽ വിറ്റഴിക്കാൻ വേണ്ട സംവിധാനങ്ങളൊരുക്കുക എന്നിവയാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്തിരുന്നത്. ഇതിന്റെ ഭാഗമായി കെട്ടിടം നിർമ്മാണത്തിന് 40 ലക്ഷം രൂപ വകയിരുത്തുകയും അധികമായി ചെലവാകുന്ന തുക സർവ്വകലാശാലാ ഫണ്ടിൽ നിന്ന് ചെലവഴിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. 52,19,728/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഇ-ദർഘാസ് ക്ഷണിച്ചപ്പോൾ ക്വാട്ട് ചെയ്ത ഏറ്റവും കുറഞ്ഞ നിരക്ക് 25.87% എസ്റ്റിമേറ്റ് നിരക്കിലും കുറവായിരുന്നു. ഈ കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു നൽകി 12.10.2017-ന് സ്ഥലം കൈമാറി നൽകുകയും ചെയ്തു. ഒരു വർഷമായിരുന്ന കരാർ കാലാവധിയെങ്കിലും അധിക പ്രവൃത്തികൾ ചെയ്യേണ്ടതായി വന്നതുകൊണ്ട് സമയം വീണ്ടും നീട്ടി നൽകി. 31.12.2018-ന്

പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിച്ചതിന് ശേഷവും കെട്ടിടം ഉപയോഗയോഗ്യമാക്കുന്നതിന് പ്രത്യേക എസ്റ്റിമേറ്റ് തയ്യാറാക്കി അധിക പ്രവൃത്തികൾ നിർവ്വഹിച്ചു.

ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ കെട്ടിടനിർമ്മാണം സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 25%ൽ കുറവ് നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് പ്രവൃത്തി ഏൽപ്പിച്ചു നൽകുന്നതിന് മുൻപ് കരാറുകാരന്റെ മുൻകാല പരിചയം, കുറഞ്ഞ നിരക്കിൽ പ്രവൃത്തി എങ്ങനെ പൂർത്തിയാക്കാൻ കഴിയും എന്നുള്ള വിശദീകരണം എന്നിവ പരിശോധിച്ച് വിലയിരുത്തേണ്ടതുണ്ട്. (ജി.ഒ. (പി) നം. 124/2016 ധന. തീയതി 29.08.2016) എന്നാൽ ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ നിർമ്മാണത്തിൽ സാമ്പത്തിക ഭദ്രതയും പ്രവൃത്തി പരിചയവും സംബന്ധിച്ച് കരാറുകാരൻ നൽകിയ പ്രസ്താവന പരിഗണിച്ച് പ്രവൃത്തി ഏൽപിച്ചു നൽകുകയായിരുന്നു.

2. ടെക്നോളജി ബിസിനസ് ഇൻകുബേറ്ററിന്റെ കെട്ടിടം രൂപകൽപന ചെയ്യുന്നതിന് മുൻപ് സ്പെസിഫിക്കേഷൻ സംബന്ധിച്ച് ഈ രംഗത്തെ വിദഗ്ദരുമായി കൂടിയാലോചന നടത്തിയിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതിനു ശേഷവും കലാ പ്രവർത്തനങ്ങൾക്കും ശിൽപ നിർമ്മാണത്തിനും അനുയോജ്യമാക്കുന്നതിന് കെട്ടിടത്തിന്റെ ആർക്കിടെക്ചറിൽ തുടർച്ചയായി മാറ്റങ്ങൾ വരുത്തേണ്ടതായി വന്നു. പദ്ധതി നടപ്പാക്കുന്നതിനായി ചിത്രകലാ വിദഗ്ധരെ ഉൾപ്പെടുത്തി വിദഗ്ധസമിതി രൂപീകരിച്ചുവെങ്കിലും കെട്ടിടത്തിന്റെ രൂപകൽപന സംബന്ധിച്ച് അഭിപ്രായം തേടിയതായി ഫയലിൽ പരാമർശമില്ല. ടെക്നോളജി ബിസിനസ് ഇൻകുബേറ്ററിന്റെ കെട്ടിട നിർമ്മാണത്തിൽ സർവ്വകലാശാല എഞ്ചിനീയറിങ്ങ് വിഭാഗം കാര്യക്ഷമത പുലർത്തിയില്ല.

3. കെട്ടിട നിർമ്മാണത്തിനായി തെരഞ്ഞെടുത്തത് മഴക്കാലം മുഴുവൻ വെള്ളക്കെട്ടുള്ള ഭൂമിയാണ്. 20 സെ.മീ കനത്തിലുള്ള മണ്ണ് നികത്തൽ വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പര്യാപ്തമായില്ല. കെട്ടിടം പണി പൂർത്തിയായതിനുശേഷം വെള്ളക്കെട്ട് ഒഴിവാക്കുന്നതിന് പ്രത്യേക നിർമ്മാണ പ്രവൃത്തികൾ നടത്തേണ്ടി വന്നു.

4. കെട്ടിടത്തിന് സമീപം നിന്ന മരം മറിഞ്ഞ് വീണ് പണി പൂർത്തിയായ ചില ഭാഗങ്ങൾ തകർന്ന് വീണതിനാലും കെട്ടിടം പണിയ്ക്കായി സംഭരിച്ചു വച്ച നിർമ്മാണ സാമഗ്രികൾ 2018 ആഗസ്റ്റിലുണ്ടായ പ്രളയത്തിൽ നശിച്ചുപോയതിനാലും ഉണ്ടായ നഷ്ടം പരിഹരിച്ചു നൽകണമെന്ന് കരാറുകാരൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് സർവ്വകലാശാല തീരുമാനമെടുത്തിട്ടില്ല.

മേൽ പരാമർശങ്ങൾക്ക് 31.03.2020 ന് മുൻപ് വിശദീകരണം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി (നം.9 തിയതി 19.03.2020) നൽകിയിരുന്നെങ്കിലും സർവ്വകലാശാല നൽകിയ മറുപടി തൃപ്തികരമല്ല. സർവ്വകലാശാലയിലെ ചിത്രകലാ വിദ്യാർത്ഥികൾക്ക് അന്താരാഷ്ട്ര തലത്തിൽ തന്നെ അംഗീകാരം ലഭ്യമാക്കാൻ പര്യാപ്തമായ പദ്ധതി ഫലപ്രാപ്തിയിലെത്തിക്കാൻ കാര്യക്ഷമമായ പ്രവർത്തനങ്ങൾ സർവ്വകലാശാലയുടെ ഭാഗത്തു നിന്നുണ്ടായില്ല. കെട്ടിടം പണി 31.12.2018 ന് പൂർത്തീകരിച്ചെങ്കിലും ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ പദ്ധതിയിലെ

കൈത്തറി മാത്രമാണ് ഇപ്പോൾ പ്രവർത്തന സജ്ജമായിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് ceramic kiln ഉപയോഗിച്ച് പരിശീലനം നൽകാൻ പദ്ധതി വിഭാവനം ചെയ്യുന്നുണ്ടെങ്കിലും ഉപകരണം ഇതുവരെ ലഭ്യമാക്കിയിട്ടില്ല. വിദ്യാർത്ഥികൾക്ക് സാങ്കേതിക പരിശീലനം നൽകുന്നതിനു വേണ്ട ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും രൂപകൽപന – ടെക്നോളജി ബിസിനസ് ഇൻകുബേറ്റർ പദ്ധതി വിഭാവനം ചെയ്ത രീതിയിൽ നടപ്പിലാക്കുന്നതിനും കാര്യക്ഷമമായ പ്രവർത്തനങ്ങൾ സർവ്വകലാശാലയുടെ ഭാഗത്തു നിന്നുണ്ടാകേണ്ടതുണ്ട്.

3-10 സ്ഥിര നിക്ഷേപമാക്കുന്നതിലേക്കായി വിവിധ അക്കൗണ്ടുകളിൽ നിന്നും തുക പിൻവലിച്ചു - സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

അങ്കമാലി സബ് ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ള സർവ്വകലാശാലയുടെ ടി.എസ്.ബി അക്കൗണ്ടുകളിൽ നിന്നും സ്ഥിര നിക്ഷേപം നടത്തുന്നതിലേക്കായി 2018-19 വർഷത്തിൽ 6,43,79,542/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ മേൽ തുക സ്ഥിര നിക്ഷേപം ആക്കിയിട്ടുള്ളതിന്റെ രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) വൗച്ചർ നം. 3722/22.2.2019 പ്രകാരം 2,58,26,911/- രൂപ ടി.എസ്.ബി. 262ലെ സ്ഥിര നിക്ഷേപവും പലിശയുമുൾപ്പെട്ട തുക പിൻവലിച്ച് അക്കൗണ്ട് നം. 14001 ലേക്ക് മാറ്റിയിട്ടുണ്ട്. അന്വേഷണത്തിൽ വിവിധയിനങ്ങളിലായിരുന്ന ഈ തുക സ്ഥിര നിക്ഷേപമായി മാറ്റുന്നതിന് വേണ്ടിയാണ് പിൻവലിച്ചതെന്നറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സ്ഥിര നിക്ഷേപത്തിന്റെ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ സ്ഥിരനിക്ഷേപമായിരുന്ന തുക പിൻവലിച്ച് സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയതുവഴി പലിശയിനത്തിൽ വന്നിട്ടുള്ള നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്.

2) വൗച്ചർ നം. 4061/26.3.2019 പ്രകാരം 3,77,58,236/- രൂപയും വൗച്ചർ നം. 4060/26.3.2019 പ്രകാരം 7,94,395/- രൂപയും യഥാക്രമം PSTSB & TSB യിൽ നിന്നും പിൻവലിച്ച് പ്ലാൻ ഫണ്ട് അക്കൗണ്ടിലേക്ക് (15490) മാറ്റിയിട്ടിട്ടുണ്ട്. എന്നാൽ പാസ്ബുക്ക് പ്രകാരം ഈ തുകകൾ പ്ലാൻ ഫണ്ട് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല. തുക പിൻവലിച്ചിട്ടില്ലെങ്കിൽ ആ വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതും വൗച്ചറുകളിൽ ആവശ്യമായ വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് ഓഡിറ്റ് എൻക്വയറി (AO/3/2020 dt.28.2.2020) നൽകിയിരുന്നുവെങ്കിലും മറുപടി നൽകിയിട്ടില്ല. പിൻവലിച്ചിട്ടുള്ള തുകകൾ സ്ഥിര നിക്ഷേപമാക്കി മാറ്റിയത് സംബന്ധിച്ച സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

3-11 ഏറ്റുമാനൂർ റീജിയണൽ സെന്റർ - പേരൂർ പ്ലോട്ടിനു ചുറ്റുമതിൽ നിർമ്മാണം - നടത്തിപ്പിലെ അപാകതകൾ- 7,58,303/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| ഫയൽ നം. | എൻജി./1531/SSUS/2015 |
| അളവു പുസ്തകം | 05/2017 |
| കൺവീനറുടെ പേര് | ഡോ.പൂർണ്ണിമ ജി., |

| | |
|---|---|
| | പി.ടി.എ.സെക്രട്ടറി |
| ചെലവ് | 282000/- 22.11.2017<br>563000/- 25.01.2018<br>ആകെ: 845000/- |

ഏറ്റുമാനൂർ റീജിയണൽ സെന്ററിലെ പേരൂർ പ്ലോട്ടിനു ചുറ്റുമതിൽ നിർമ്മാണം ഗുണഭോക്തൃ സമിതി മുഖേനയാണ് (പി.റ്റി.എ.) നടപ്പാക്കിയിട്ടുള്ളത്. പ്രവൃത്തി നടത്തിപ്പിനായി 8,45,000/- രൂപ പി.ടി.എ. സെക്രട്ടറിക്ക് (ക്യാമ്പസ് ഡയറക്ടർ) അനുവദിച്ചു നൽകിയിരിക്കുന്നു. മേൽ പ്രവൃത്തി സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1) ഫൈനൽ ബിൽ പ്രകാരം 7,58,303/- രൂപയാണ് ആകെ പ്രവൃത്തി മൂല്യം. അധികം അനുവദിച്ച തുകയായ 86,697/- (8,45,000-7,58,303) രൂപ അഡ്ജസ്റ്റ്മെൻറ് വൗച്ചർ നം.4233/30.03.2019 പ്രകാരം ക്രമീകരിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ തിരിച്ചടച്ച തുകയുടെ രസീത്, തുക സർവ്വകലാശാല അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ആയിട്ടുള്ളതിന്റെ രേഖകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2) ഈ പ്രവൃത്തിയിൽ നിന്നും സർക്കാറിലേയ്ക്ക് അടയ്ക്കേണ്ട നികുതികൾ ചുവടെ ചേർക്കുന്നു.

ആകെ പ്രവൃത്തി മൂല്യം 7,58,303/-

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1. | ജി.എസ്.ടി. @ 2% | 15,166 |
| 2. | ആദായനികുതി @2% | 15,166 |
| 3. | കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @1% | 7,583 |
| | ആകെ | 37,915/- |

ഫൈനൽ ബില്ലിൽ മേൽ തുക ക്രമീകരിച്ചിട്ടുണ്ടെങ്കിലും നികുതികൾ ഒടുക്കിയതിന്റെ വിവരം ഫയലിൽ ലഭ്യമല്ല. ഇതിൽ ആദായ നികുതി ഗുണഭോക്തൃ സമിതി കൺവീനറിൽ (പി.ടി.എ. സെക്രട്ടറി) നിന്നും ഈടാക്കേണ്ടതായിരുന്നുവെങ്കിലും ഈടാക്കിയിട്ടില്ല.

മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് 17.03.2020 ൽ ഓഡിറ്റ് എൻക്വയറി നം.08 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തിക്ക് ചെലവായിട്ടുള്ള 7,58,303/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അളവു പുസ്തകവും മറ്റ് രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

3-12 സർവ്വകലാശാലയിലെ സ്റ്റേഡിയം നിർമ്മാണം - ഒന്നാം ഘട്ടം - ചട്ടങ്ങളും വ്യവസ്ഥകളും ലംഘിച്ച് സ്വകാര്യ കരാറുകാരന് 65 ലക്ഷം രൂപ മുൻകൂർ അനുവദിച്ചു.

സർവ്വകലാശാല ആസ്ഥാനത്തോടനുബന്ധിച്ച്, സ്റ്റേഡിയം നിർമ്മാണം ഒന്നാംഘട്ടം (മണ്ണിട്ടു നികത്തൽ) എന്ന പ്രവൃത്തി നടപ്പിലാക്കുന്നതിലേയ്ക്കായി 18/01/2016 -ൽ വിളിച്ച ടെണ്ടറിൽ 11 പേർ പങ്കെടുക്കുകയുണ്ടായി. ഇതിൽ ഏറ്റവും കുറവ് ടെണ്ടർ തുക (2,40,95,458/-) എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 1.7001% കുറവ് രേഖപ്പെടുത്തിയ ശ്രീശൈലം കോൺട്രാക്ടിങ് & റിയൽ എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡ്, അടൂർ എന്ന സ്ഥാപനത്തിനാണ് പ്രവൃത്തി ഏല്പിച്ച് നൽകിയത്. മൂന്നു മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കണം എന്ന വ്യവസ്ഥയോടെ 09/02/2016-ൽ സർവ്വകലാശാല കരാറിൽ ഏർപ്പെട്ട് 18/02/2016-ൽ സ്ഥലം കൈമാറുകയും ചെയ്തു. സൈറ്റ് ഏറ്റെടുത്ത് 3 മാസത്തിനകം (17/05/2016) പൂർത്തിയാക്കേണ്ട പ്രവൃത്തി 3 വർഷമെടുത്ത് 13/02/2019-ൽ പൂർത്തീകരിച്ചിട്ടുള്ളതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആയത് സർവ്വകലാശാല എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഈ പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1) സർവ്വകലാശാലയിലെ മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കുന്നത് കേരള പൊതു മരാമത്ത് ചട്ടങ്ങളും, പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥകളും പ്രകാരമാണെങ്കിലും, 09/02/2016-ൽ സർവ്വകലാശാലയും കരാറുകാരനും തമ്മിൽ ഒപ്പിട്ട കരാറിൽ കാലാവധി ദീർഘിപ്പിക്കൽ, കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ, കരാർ റദ്ദാക്കൽ തുടങ്ങിയവ സംബന്ധിച്ചുള്ള (വ്യവസ്ഥ 2112, 2112-1, 2116-1, 2116-2, 2116-2-1) 01-02-2012-ലെ ജി.ഒ(പി) നം.13/2012/ പി.ഡബ്ള്യൂഡി പ്രകാരമുള്ള 2012-ലെ പുതുക്കിയ പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥകൾ ഉൾപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

2) 2012-ലെ പുതുക്കിയ പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥ 2112, 2112-1 എന്നിവ പ്രകാരം പൂർത്തീകരണ കാലാവധി നീട്ടി നൽകാവുന്നത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25 ശതമാനവും, പരമാവധി 50 ശതമാനവുമാണ്. ഇപ്രകാരം സമയം നീട്ടി നൽകുന്നതിന് ആദ്യത്തെ തവണ പി.എ.സി യുടെ 1 ശതമാനവും, രണ്ടാമത്തെ തവണ 2 ശതമാനവും പിഴയായി ഈടാക്കണമെന്നുമാണ് വ്യവസ്ഥ. എന്നാൽ ഈ കരാറുകാരന് ഒറിജിനൽ സമയത്തിന്റെ (മൂന്നു മാസം) 11 ഇരട്ടി സമയമാണ് അയാളുടെ ആവശ്യ പ്രകാരം സർവ്വകലാശാല നീട്ടി നൽകിയത്. ഇപ്രകാരം നീട്ടി നൽകിയ സമയത്തിൽ 18/06/2016 മുതൽ 15/12/2016 വരെയുള്ള 7 മാസം പിഴ ഇല്ലാതെയും, 16/12/2016 മുതൽ പ്രതി ദിനം 500/- രൂപ പിഴയോടു കൂടിയുമാണ് സപ്ലിമെന്ററി എഗ്രിമെന്റ് പ്രകാരം സമയം നീട്ടി നൽകിയത്. പൊതു

മരാമത്ത് മാന്വലിലെ വ്യവസ്ഥ 2116-1, 2116-2, 2116-2-1, എന്നിവ പ്രകാരം നിശ്ചിത സമയ പരിധിയ്ക്കകം പ്രവ്യത്തി പൂർത്തീകരിച്ച് സ്ഥലം കൈമാറ്റം ചെയ്യാത്ത കരാറുകാരനിൽ നിന്നും കരാർ തുകയുടെ 10 ശതമാനം വരെ ലിക്വിഡേറ്റഡ് ഡാമേജായി ഈടാക്കാനും, കരാർ റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവ്യത്തി പൂർത്തിയാക്കാനും, അവശേഷിക്കുന്ന പണിയുടെ 30 ശതമാനം തുക തിരിച്ച് പിടിക്കാനും വ്യവസ്ഥയുണ്ടായിട്ടും കരാർ റദ്ദ് ചെയ്ത് പ്രവ്യത്തി മറ്റ് വിധത്തിൽ യഥാസമയം പൂർത്തിയാക്കി നഷ്ടം കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് സർവ്വകലാശാല നടപടി സ്വീകരിച്ചതായി കാണുന്നില്ല.

3) സർവ്വകലാശാല ആദ്യം തയ്യാറാക്കിയ പ്ലാൻ പ്രകാരം 200m X 190m സ്ഥലം നികത്തുന്നതിന് 68000 $m^3$ മണ്ണ് ആവശ്യമായി വരുമെന്ന് കണക്കാക്കിയിരുന്നുവെങ്കിലും കൺസൾട്ടന്റ് ആർക്കിടെക്കിന്റെയും, വർക്സ് & പർച്ചേയ്സ് ഉപസമിതിയുടെയും നിർദ്ദേശാനുസരണം സ്റ്റേഡിയത്തിന്റെ സ്ഥാനം മാറ്റിയതിനാൽ സ്റ്റേഡിയത്തിനായി 120m X 200m സ്ഥലത്ത് വേണ്ടിയിരുന്നത് 38450.778 $m^3$ മണ്ണും, പാർക്കിങ് ഏരിയായ്ക്കും, 15 മീറ്റർ വീതിയുള്ള റോഡിനുമായി 27073.02$m^3$ മണ്ണും ഉൾപ്പെടെ ആകെ 65523.79 $m^3$ മണ്ണാണ് വേണ്ടിയിരുന്നത്. ഒന്നാം പാർട്ട് ബിൽ തയ്യാറാക്കുന്നതിനായി അളവ് പുസ്തകം 22/15 പേജ് 10-ൽ 14-06-2016-ൽ രേഖപ്പെടുത്തിയിരിക്കുന്ന മണ്ണിന്റെ അളവ് 17581.50$m^3$ ഉം, രണ്ടാം പാർട്ട് ബില്ലിനായി 21/12/2016-ൽ പേജ് 19-ൽ രേഖപ്പെടുത്തിയിരിക്കുന്ന മണ്ണിന്റെ ആകെ അളവ് 38401.453$m^3$ ഉം, അവസാന അളവായി 07/02/2019-ൽ പേജ് 30-ൽ രേഖപ്പെടുത്തിയിരിക്കുന്ന ആകെ അളവ് 51793.61 $m^3$ ഉം ആണ്. 14/06/2016-ലെ അളവ് ടേപ്പ് മെഷർമെന്റ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ രണ്ടാം ഘട്ടത്തിൽ ഇൻട്രിം ലെവൽ എന്നും, അവസാന ഘട്ടത്തിൽ ആസ്പെർ ലെവൽ എന്നുമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. രണ്ടാം ഘട്ടത്തിലും, അവസാന ഘട്ടത്തിലും കിട്ടിയിരിക്കുന്ന മണ്ണിന്റെ അളവ് എങ്ങനെ ലഭിച്ചു എന്നത് സാധൂകരിക്കുന്ന നീളം, വീതി, കനം തുടങ്ങിയവ ഉൾപ്പെടുന്ന അളവുകൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയോ, ഫയലിൽ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ഇപ്രകാരം രേഖപ്പെടുത്തിയ അളവിന്റെ അടിസ്ഥാനത്തിലാണ് ആകെ പ്രവ്യത്തിയുടെ മൂല്യം 1,84,45,685.02 രൂപ എന്ന് കണക്കാക്കിയിരിക്കുന്നത്. അവസാന അളവ് 13/02/2019-ൽ അസി.എക്സി.എൻജിനിയർ രേഖപ്പെടുത്തിയതായി കാണുന്നുണ്ടെങ്കിലും, ഈ അളവുകൾ യൂണിവേഴ്സിറ്റി എൻജിനീയർ ചെക്ക് മെഷർ ചെയ്തിട്ടില്ല.

4) പൊതു മരാമത്ത് ചട്ടങ്ങളിലെ ചട്ടം 15(6) പ്രകാരം കരാറുകാരൻ ചെയ്ത പ്രവ്യത്തിയുടെ അളവ്, അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പാർട്ട് ബില്ലോ, ഫൈനൽ ബില്ലോ തയ്യാറാക്കി തുക അനുവദിക്കാൻ പാടുള്ളൂ എന്ന് പറയുന്നുണ്ട്. സ്റ്റേഡിയം നിർമ്മാണം ഏറ്റെടുത്ത കരാറുകാരന് 14/06/2016-ൽ രേഖപ്പെടുത്തിയിരിക്കുന്ന അളവിന്റ അടിസ്ഥാനത്തിൽ ഒന്നാം പാർട്ട് ബില്ലായി നിയമാനുസ്യത കിഴിവുകൾ കഴിച്ച് 63,45,680/- രൂപയും, 22/12/2016-ലെ അളവിന്റെ അടിസ്ഥാനത്തിൽ രണ്ടാം പാർട്ട് ബില്ലായി 66,48,114/- രൂപയും അനുവദിച്ചു. തുടർന്ന് തുടർ പ്രവ്യത്തി ചെയ്യാതെ തന്നെ 23/02/2018-ൽ 15,00,000/- (പതിനഞ്ച് ലക്ഷം) രൂപയും, 12/04/2018-ൽ 50,00,000/- (അൻപത് ലക്ഷം ) രൂപയും, ആദായനികുതി മാത്രം കുറവ് വരുത്തി, മുൻകൂറായി അനുവദിച്ചു. സ്വകാര്യ കരാറുകാർക്ക് മുൻകൂർ അനുവദിക്കാൻ നിലവിലുള്ള നിയമങ്ങളിലും, ചട്ടങ്ങളിലും

വ്യവസ്ഥയില്ലെന്നിരിക്കെയാണ് ഒന്നും രണ്ടും പാർട്ട് ബില്ലുകൾ പ്രകാരം 1,29,93,794/-രൂപ കൈപ്പറ്റിയതിനുശേഷം യാതൊരു പ്രവൃത്തിയും ചെയ്യാത്ത കരാറുകാരന് 65,00,000/- (അറുപത്തഞ്ച് ലക്ഷം രൂപ) മുൻകൂറായി അനുവദിച്ചിരിക്കുന്നത്. മുൻകൂർ തുക കൈപ്പറ്റിയതിനു ശേഷം, കരാറുകാരൻ പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ 13/02/2019-വരെ 54,51,889.69/- രൂപയുടെ പ്രവൃത്തി മാത്രമാണ് ചെയ്തിരിക്കുന്നത്. നിലവിൽ സർവ്വകലാശാല 10,48,110/-രൂപ കരാറുകാരന് അധികം നൽകിയതായി കാണുന്നു.

5) കരാറുകാർക്ക് അനുവദിക്കുന്ന തുകയിൽ നിന്നും, ആദായ നികുതി, ചരക്ക് സേവന നികുതി, നിർമ്മാണത്തൊഴിലാളി ക്ഷേമനിധി എന്നിവ കുറവ് വരുത്തേണ്ടതാണെങ്കിലും ഇവിടെ കരാറുകാരന് മുൻകൂറായി അനുവദിച്ച 65 ലക്ഷത്തിൽ നിന്നും ആദായ നികുതിയൊഴികെയുള്ളവ കുറവ് വരുത്താത്തത് സർവ്വകലാശാലയുടെ വീഴ്ചയാണ്.

6) 13/02/2019-ൽ ആകെ പ്രവൃത്തിമൂല്യം 1,84,45,685/- രൂപ എന്ന് അളവ് പുസ്തകം പേജ് 38-ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ അടിസ്ഥാനത്തിൽ കരാറുകാരന് ആകെ നൽകിയ തുക, ഈടാക്കിയ തുക, ഇനി ഈടാക്കേണ്ടതുമായ നിയമാനുസൃതമുള്ള വിവിധ കിഴിവുകൾ പ്രകാരമുള്ള തുകകൾ എന്നിവ കണക്കാക്കി അവസാന ബിൽ തയ്യാറാക്കി പ്രവൃത്തിക്ക് മേൽ നോട്ടം വഹിച്ച എൻജിനീയർ സാക്ഷ്യപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഇതുമൂലം കരാറുകാരന് ആകെ എത്ര തുക അധികമായി നൽകിയെന്നും, എത്ര തുക തിരിച്ചുപിടിക്കാനുണ്ട് എന്നതും വ്യക്തമല്ല.

7) കരാറുകാരന് സമയം നീട്ടി നൽകിയ സർവ്വകലാശാലയുടെ 27/12/2016-ലെ നം.എൻജി/9100/എസ്.എസ്.യു.എസ്./2013 ഉത്തരവ് പ്രകാരം 16/12/2016 മുതൽ പ്രവൃത്തി പൂർത്തിയാക്കുന്നതുവരെയുള്ള ഓരോ ദിവസത്തിനും 500/- രൂപ നിരക്കിൽ പിഴ ഈടാക്കാൻ വ്യവസ്ഥ ചെയ്തുകൊണ്ട് കരാറുകാരനുമായി സർവ്വകലാശാല സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിരുന്നു. അതു പോലെ തന്നെ 2012-ലെ പുതുക്കിയ പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥ 2112-പ്രകാരം, ആദ്യതവണ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുമ്പോൾ കരാർ തുകയുടെ 1% തുകയും, തുടർന്ന് ദീർഘിപ്പിക്കുമ്പോൾ 2% ഈടാക്കണമെന്നുമാണ് വ്യവസ്ഥ. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ 18/08/2018-ലെ എസി2/223/2015 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ, ആദ്യത്തെ 3 മാസ കാലയളവിന് 1% നിരക്കിലും തുടർന്നുള്ള ഓരോ മൂന്ന് മാസത്തിനും 2% നിരക്കിലും പിഴ ഈടാക്കണമെന്നുമാണ് വ്യവസ്ഥ. എന്നാൽ 27/02/2020-ൽ ചേർന്ന സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് യോഗത്തിൽ കാലാവധി പിഴയോടുകൂടി നീട്ടി നൽകിയ തീയ്യതി മുതൽ ബാക്കി നിർവ്വഹിക്കാനുള്ള പ്രവൃത്തിയുടെ അടങ്കൽ തുകയുടെ 1 ശതമാനമായ 11,70,17/- രൂപ മാത്രം കരാറുകാരനിൽനിന്നും ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. കരാറുകാരനുമായി ഒപ്പിട്ട കരാറിലെ വ്യവസ്ഥയ്ക്കും, നിലവിലുള്ള പൊതു മരാമത്ത് ചട്ടങ്ങൾക്കും അനുസൃതമായി പിഴ ഈടാക്കാതെ, കരാറുകാരനിൽ നിന്നും കുറഞ്ഞ പിഴ ഈടാക്കാൻ തീരുമാനിച്ചത് സർവ്വകലാശാലയുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു.

8) ധനകാര്യ വകുപ്പിന്റെ 10/06/2012-ലെ ജി.ഒ.(പി) നം.390/2012/ധന ഉത്തരവ് പ്രകാരം മുൻകൂറായി നൽകിയ തുകയിൽ ഉപയോഗിക്കാത്ത തുകയ്ക്ക്, അതു ക്രമീകരിക്കുന്നതുവരെ 18%

പലിശ ഈടാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 27/02/2020-ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ കരാറുകാരന് അധികം നൽകിയ തുകയ്ക്ക് ബാങ്ക് പലിശ മാത്രം ഈടാക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. ഇത് മുകളിൽ പരാമർശിച്ച സർക്കാർ ഉത്തരവിന് വിരുദ്ധമാണ്.

9) പൊതു മരാമത്ത് മാന്വലിലെ വ്യവസ്ഥ 2106-പ്രകാരം കരാർ ഒപ്പിട്ട് ആരംഭിച്ച പ്രവൃത്തിയുടെ എല്ലാ മാസത്തെയും പ്രവർത്തന പുരോഗതി നിശ്ചിത മാതൃകയിൽ നിർവ്വഹണം നടത്തുന്ന എൻജിനിയർ തയ്യാറാക്കി നൽകണമെന്നാണ്. അതുപോലെതന്നെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം തയ്യാറാക്കൽ, കൃത്യമായ അളവ് രേഖപ്പെടുത്തൽ, ബില്ല് തയ്യാറാക്കി ബില്ലിൽനിന്നും നിയമ പ്രകാരമുള്ള എല്ലാ തിരിച്ചടവുകളും ഉറപ്പ് വരുത്തേണ്ടതും മേൽനോട്ടം വഹിക്കുന്ന എൻജിനിയറായിരിക്കണമെന്നിരിക്കെ, സർവ്വകലാശാലയിലെ എൻജിനീയർ ഇപ്രകാരം പ്രവർത്തിച്ചതായി കാണുന്നില്ല. എസ്റ്റിമേറ്റ് പ്രകാരം, സ്റ്റേഡിയത്തിനും പാർക്കിങ് സ്ഥലത്തിനും അനുബന്ധ റോഡിനും വേണ്ടിയായിരുന്നു മണ്ണിടേണ്ടിയിരുന്നത്. എസ്റ്റിമേറ്റ് പ്രകാരമുള്ള ആകെ മണ്ണിന്റെ 79 % മാത്രം സൈറ്റിൽ ഇറക്കിയതായിട്ടാണ് കാണുന്നത്. ഇറക്കിയിരിക്കുന്ന മണ്ണിന്റെ അളവ് വേർതിരിച്ച് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുമില്ല. സർവ്വകലാശാല എൻജിനിയറുടെ പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രമില്ലാത്തതിനാൽ പ്രവൃത്തി എപ്രകാരമാണ് പൂർത്തിയാക്കിയത് എന്ന കാര്യവും വ്യക്തമല്ല.

10) ഈ പ്രവൃത്തിയുടെ മോണിറ്ററിങ് നിർവ്വഹിച്ചത് വർക്ക്സ് & പർച്ചേയ്സ് സ്റ്റാൻഡിങ് കമ്മിറ്റി ഉപസമിതിയായിരുന്നുവെങ്കിലും പ്രവൃത്തിയുടെ മോണിട്ടറിങ് റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല.

11) 2012-ലെ പൊതു മരാമത്ത് മാന്വലിലെ ചട്ടം 2116-1 പ്രകാരം കരാർ പ്രവൃത്തിയിൽ വീഴ്ച വരുത്തുന്ന കരാറുകാരനെ അഞ്ചു വർഷത്തേയ്ക്ക് ടെണ്ടർ നടപടികളിൽ പങ്കെടുക്കുന്നതിൽ നിന്ന് വിലക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. മൂന്ന് മാസം കൊണ്ട് പൂർത്തിയാക്കേണ്ട പ്രവൃത്തി, മൂന്നു വർഷമെടുത്തിട്ടും ഭാഗികമായി മാത്രം പൂർത്തിയാക്കിയ കരാറുകാരനെതിരെ മേൽപറഞ്ഞ ചട്ട പ്രകാരം നടപടിയെടുത്തതായും കാണുന്നില്ല.

12) 2013-14 വർഷം വിഭാവനം ചെയ്ത സ്റ്റേഡിയം നിർമ്മാണം ഒന്നാംഘട്ടം മണ്ണിടീൽ എന്ന പ്രവൃത്തി 17/05/2016-ൽ പൂർത്തിയാക്കേണ്ടതായിരുന്നുവെങ്കിലും, കരാറുകാരന്റെ ഭാഗത്തു നിന്നുമുണ്ടായ ഗുരുതരമായ വീഴ്ച മൂലം 13/02/2019-വരെ നീണ്ടു പോവുകയുണ്ടായി. നിലവിൽ ഈ പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം പൂർത്തിയാക്കപ്പെട്ടുവോ എന്നകാര്യം സർവ്വകലാശാല എൻജിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുമില്ല. കഴിഞ്ഞ നാലുവർഷം കൊണ്ട് വർദ്ധിച്ചിരിക്കുന്ന നിർമ്മാണച്ചെലവ് കണക്കിലെടുത്തുവേണം ഈ പ്രവൃത്തിയുടെ കാലതാമസം മൂലമുണ്ടായ നഷ്ടം കണക്കാക്കാൻ. ഈ പ്രവൃത്തിയുടെ രണ്ടാം ഘട്ടം ഇതുവരെ തുടങ്ങിയിട്ടില്ല എന്ന കാര്യവും പ്രത്യേകം പരിഗണിക്കേണ്ടതാണ്.

സർവ്വകലാശാലയും കരാറുകാരനുമായി ഒപ്പിട്ട പ്രധാന കരാറിലെയും, സപ്ലിമെന്ററി കരാറുകളിലെയും വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാരനെ കരാറിൽ നിന്നൊഴിവാക്കി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ യഥാസമയം നടപടി സ്വീകരിക്കാതെ, പ്രവൃത്തി പൂർത്തീകരണ കാലാവധി വീണ്ടും വീണ്ടും നീട്ടി നൽകിയും,

പ്രവൃത്തിയുടെ അളവ് കൃത്യമായി രേഖപ്പെടുത്താതെ, പൊതുമരാമത്ത് ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി 65,00,000/- (അറുപത്തിയഞ്ച് ലക്ഷം) രൂപ കരാറുകാരന് മുൻകൂറായി നൽകുവാൻ ശിപാർശ ചെയ്ത സർവ്വകലാശാല എൻജിനീയറുടെ നടപടി ഗുരുതര അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.
കരാറിലെ വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയും, അധികമായി നൽകിയ തുകയ്ക്ക് പലിശ ഈടാക്കിയും പൊതു മരാമത്ത് ചട്ടങ്ങളും വ്യവസ്ഥകളും പാലിച്ച് സർവ്വകലാശാലയുടെ താല്പര്യം സംരക്ഷിക്കേണ്ടതിനു പകരം, സർവ്വകലാശാലയിലെ ഉത്തരവാദിത്തപ്പെട്ടവർ കരാറുകാരന് അനുകൂലമായ നിലപാട് സ്വീകരിച്ചതായിട്ടാണ് കാണുന്നത്.

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 40-ൽ പൊതു പണം ചെലവഴിക്കുന്നത് സ്വന്തം പണം ചെലവഴിക്കുന്ന മിതവ്യയ ബോധ്യത്തിലൂടെയായിരിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. (Financial Propriety) എന്നാൽ ഈ പ്രവൃത്തിയിൽ അടിമുടി പ്രസ്തുത വ്യവസ്ഥകൾ ഭഞ്ജിക്കപ്പെടുന്നതായി കാണുന്നുണ്ട്.

മേൽ പരാമർശിച്ച ചട്ട ലംഘനങ്ങൾക്കും, വീഴ്ചകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. അതുപോലെ കരാറുകാരന് അധികം നൽകിയ തുകയും, ഈടാക്കാത്ത നിയമപരമായ കിഴിവുകളും കരാറുകാരനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.07 തീയതി:17/03/2020)

3-13 മുൻകൂറുകൾ യഥാസമയം ക്രമീകരിക്കുന്നില്ല - 2,80,96,596/- രൂപ തടസ്സപ്പെടുത്തുന്നു

ധനകാര്യ വകുപ്പിന്റെ 04.10.2011 -ലെ ജി.ഒ.(പി.)നം.419/2011 -ാം നമ്പർ ഉത്തരവിൽ മുൻകൂറുകൾ ക്രമീകരിക്കുന്നത് സംബന്ധിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മുൻകൂർ അനുവദിച്ച് മൂന്നു മാസത്തിനുള്ളിൽ അവസാനബിൽ ഹാജരാക്കി ക്രമീകരിക്കേണ്ടതും സയമപരിധി കഴിഞ്ഞ് കൈവശം വച്ച തുക തിരിച്ചടയ്ക്കുന്നതു വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അഡ്ജസ്റ്റ്മെന്റ് ബിൽ സമർപ്പിച്ചില്ലെങ്കിൽ മുൻകൂർ തുക ഒറ്റത്തവണയായി 18% പലിശയോടെ തിരിച്ചീടാക്കാനും വ്യവസ്ഥയുണ്ട്. ഈ സമയപരിധി പാലിക്കപ്പെടുന്നില്ല എന്ന് കണ്ട് 23.10.2019 ൽ 87/2019/ ധന നമ്പറായിട്ടുള്ള സർക്കുലറും 09.01.2020 ലെ ജി.ഒ.(പി) നം.05/2020/ഫിൻ നമ്പർ ഉത്തരവും ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. സർവ്വകലാശാലയുടെ 2018-19 വർഷത്തെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ ശീർഷകങ്ങളിലായി നൽകിയ ആകെ 8,85,13,065/- (എട്ടു കോടി എൺപത്തിയഞ്ചു ലക്ഷത്തി പതിമൂന്നായിരത്തി അറുപത്തിയഞ്ച്) രൂപയിൽ 2,80,96,596/- (രണ്ടു കോടി എൺപതു ലക്ഷത്തി തൊണ്ണൂറ്റി ആറായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ്റിയാറ്) രൂപ ഇനിയും ക്രമീകരിക്കാനുണ്ട്. 2018-19 വർഷത്തെ തുക 2019-20 വർഷത്തിനുശേഷവും ക്രമീകരിച്ച് കാണുന്നില്ല. വിവിധ ശീർഷകങ്ങളിൽ നൽകിയിട്ടുള്ള മുൻകൂറുകളും ക്രമീകരിക്കാൻ ശേഷിക്കുന്ന തുകയും താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | മുൻകൂറായി നൽകിയിട്ടുള്ള തുക (രൂപ) | ക്രമീകരിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 1 | DD II (C1) NON PLAN | 2,10,24,189/- | 71,06,806/- |
| 2 | DD II (C2) PLAN | 2,18,56,284/- | 1,39,00,290/- |
| 3 | DD II (D) EXAM | 20,20,920/- | 2,50,000/- |
| 4 | DD II (E) WORKS | 4,34,79,172/- | 68,39,500/- |
| 5 | DD II (B) VEHICLE | 1,32,500/- | nil |
| | ആകെ | 8,85,13,065/- | 2,80,96,596/- |

മുൻകൂറുകൾ കൈപറ്റിയവരുടെ പേരു വിവരം അനുബന്ധം - 9 ആയി ചേർക്കുന്നു.

സർവ്വകലാശാല മുൻകൂറുകൾ അനുവദിക്കുന്നതിലും ക്രമീകരിക്കുന്നതിലും സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും യഥാസമയം ക്രമീകരിക്കാത്തവരിൽ നിന്നും നിയമാനുസൃതമുള്ള പിഴയോടുകൂടി തുക തിരിച്ചു പിടിക്കേണ്ടതുമാണ്. ക്രമീകരിക്കാൻ ബാക്കിയുള്ള 2,80,96,596/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

3-14 ശമ്പള പരിഷ്കരണ ഉത്തരവിന് വിരുദ്ധമായി സ്റ്റാറ്റ്യൂട്ടിൽ നിലവിലുള്ള വ്യവസ്ഥകളും അനധികൃത നിയമനങ്ങളും

ശമ്പള പരിഷ്കരണ ഉത്തരവുകളിലെ വ്യവസ്ഥകൾക്കനുസൃതമായി സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകൾ ഭേദഗതി ചെയ്ത് സ്റ്റാഫ് പാറ്റേൺ ക്രമീകരിച്ച ശേഷം ശമ്പള പരിഷ്കരണം നടപ്പിലാക്കുവാൻ ബന്ധപ്പെട്ട സർവ്വകലാശാലകൾക്ക് സർക്കാർ നിർദ്ദേശം നൽകിയതായി ധനകാര്യ പി.ആർ.സി.ഡി3 വകുപ്പിന്റെ 05.11.2019-ലെ 1019030/പി.ആർ.സി.ഡി3/145/2018-ധന നമ്പർ കത്തിലൂടെ സംസ്ഥാന ഓഡിറ്റ് വകുപ്പിനെ അറിയിച്ചിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സ്റ്റാറ്റ്യൂട്ടിൽ ശമ്പള പരിഷ്കരണ ഉത്തരവുകൾക്ക് വിരുദ്ധമായി നിലവിലുള്ള വ്യവസ്ഥകളും സർക്കാർ അനുവാദമില്ലാതെ വിവിധ തസ്തികകളിലേയ്ക്ക് സർവ്വകലാശാല നടത്തിയ ദിവസ വേതന/ കരാർ നിയമനങ്ങളും ചുവടെ ചേർക്കുന്നു.

1. <u>അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം</u>

യു.ജി.സി. അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം അറുപത് വയസ്സായി സ്റ്റാറ്റ്യൂട്ടിലും ആക്ടിലും നിജപ്പെടുത്തിയിട്ടുണ്ട്. (ആക്റ്റ് അധ്യായം VI വകുപ്പ് 31(3) സ്റ്റാറ്റ്യൂട്ട് അധ്യായം III റൂൾ (10)) ജൂലൈ 1ന് ശേഷം അറുപത് വയസ്സ് പൂർത്തിയാകുന്ന അദ്ധ്യാപകർക്ക് അദ്ധ്യയന വർഷത്തിന്റെ അവസാനം വരെ ജോലിയിൽ തുടരാം എന്ന ഭേദഗതി (Rule 60(c)of KSR Part III) ആക്ടിൽ വരുത്തിയെങ്കിലും സ്റ്റാറ്റ്യൂട്ട് ഇതനുസരിച്ച് ഭേദഗതി ചെയ്തിട്ടില്ല.

2. <u>നോൺ യു.ജി.സി. അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം</u>

നോൺ യു.ജി.സി. അദ്ധ്യാപകർക്ക് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ബാധകമായ വിരമിക്കൽ പ്രായമാണെങ്കിലും സംസ്ഥാന സർക്കാർ ജീവനക്കാരുടെ വിരമിക്കൽ പ്രായം 56 ആയി ഉയർത്തിയപ്പോൾ സ്റ്റാറ്റ്യൂട്ടിൽ ഈ ഭേദഗതി ഉൾപ്പെടുത്തിയിട്ടില്ല.

3. ട്യൂട്ടർ തസ്തിക നോൺ യു.ജി.സി. ലക്ചറർ തസ്തികയായി പുനർനാമകരണം ചെയ്തതിന് സർക്കാർ അനുവാദം വാങ്ങിയില്ല

ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ട്യൂട്ടർ-I, ട്യൂട്ടർ -II തസ്തതികകൾ ഏകീകരിച്ച് നോൺ യൂ.ജി.സി. ലക്ചറർ തസ്തികയായി 1997 ശമ്പളപരിഷ്കരണ ഉത്തരവിൽ പുനർനാമകരണം ചെയ്തു. സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടാത്ത ട്യൂട്ടർ തസ്തിക സർക്കാർ അനുവാദമില്ലാതെ നോൺ യു.ജി.സി. ലക്ചറർ തസ്തികയായി പുനർനാമകരണം ചെയ്യുകയും ഈ തസ്തികയിൽ ജോലി ചെയ്തിരുന്നവർക്ക് ഉയർന്ന സ്കെയിൽ അനുവദിക്കുകയും ചെയ്തു. 2009 ശമ്പള പരിഷ്കരണ ഉത്തരവിൽ ശമ്പള സ്കെയിലിലെ അപാകത പരിഹരിച്ചെങ്കിലും അനുവാദമില്ലാത്തതും സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്താത്തതുമായ നോൺ യു.ജി.സി. ലക്ചറർ തസ്തിക ഇപ്പോഴും നിലനിൽക്കുന്നു.

4. ലൈബ്രറി അസിസ്റ്റൻറുമാർക്ക് ശമ്പള പരിഷ്കരണ ഉത്തരവിൽ അനുവദിയ്ക്കാത്ത ഗ്രേഡ് പ്രൊമോഷൻ നടപ്പിലാക്കുകയും 4:5:3 എന്ന അനുപാതത്തിൽ ലൈബ്രറി അസിസ്റ്റന്റ്, ടെക്നിക്കൽ അസിസ്റ്റന്റ് എന്നീ തസ്തികകളിൽ സ്ഥാനക്കയറ്റം അനുവദിക്കുകയും ചെയ്തു. സർവ്വകലാശാലയ്ക്ക് തസ്തതികകൾ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവിൽ അനുവദിച്ച തസ്തികകളുടെ എണ്ണം ഡെപ്യൂട്ടി ലൈബ്രേറിയൻ-1, റഫറൻസ് അസിസ്റ്റൻറ്-3, ലൈബ്രറി അസിസ്റ്റന്റ്-14 എന്നിങ്ങനെയാണ്. ടെക്നിക്കൽ അസിസ്റ്റന്റ് തസ്തിക സ്റ്റാറ്റ്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തസ്തികകൾ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവിൽ ഈ തസ്തിക ഉൾപ്പെടുത്തിയിട്ടില്ല. (2014 ശമ്പള പരിഷ്കരണ ഉത്തരവിൽ ഈ തസ്തിക പിന്നീട് ഉൾപ്പെടുത്തി)

5. കമ്പ്യൂട്ടർ അസിസ്റ്റന്റുമാർക്ക് 2004 ശമ്പള പരിഷ്കരണ ഉത്തരവിൽ അനുവദിയ്ക്കാത്ത ശമ്പള സ്കെയിൽ 2006 മുതൽ പൂർവ്വകാല പ്രാബല്യത്തോടെ അനുവദിക്കുകയും നോഷണൽ ഫിക്സേഷൻ അനുവദിച്ച് ശമ്പളം പരിഷ്കരിക്കുകയും അത് പ്രകാരം 2009-ലെ ശമ്പള നിർണ്ണയം അനുവദിച്ചു നൽകുകയും ചെയ്തു. രണ്ട് കമ്പ്യൂട്ടർ ഓപ്പറേറ്റർമാർക്ക് അനുവദിച്ചു നൽകിയ അധിക ശമ്പളം ഇപ്പോഴും നൽകിക്കൊണ്ടിരിക്കുന്നു.

6. സർവ്വകലാശാലയുടെ ദൈനംദിന ആവശ്യങ്ങൾ നടത്തുന്നതിന് ചില തസ്തികകളിൽ സർവ്വകലാശാല കോൺട്രാക്ട്/ദിവസവേതന നിയമനങ്ങൾ നടത്തുന്നുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തികകൾ | നിയമനം | തസ്തികകളുടെ എണ്ണം | അംഗീകാരമുള്ള തസ്തികകളുടെ എണ്ണം |
|---|---|---|---|---|
| 1. | സിസ്റ്റം അനലിസ്റ്റ്/ അഡ്മിനിസ്ട്രേറ്റർ | കരാർ | 1 | സ്റ്റാറ്റ്യൂട്ടിൽ തസ്തിക ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും തസ്തികകൾ അനുവദിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| 2. | പ്രേഷണൽ | കരാർ | 1 | സ്റ്റാറ്റ്യൂട്ടിലും തസ്തികകൾ |

| | | | | |
|---|---|---|---|---|
| | അസിസ്റ്റന്റ് | | | അനുവദിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തിയിട്ടില്ല. |
| 3. | ഓവർസീയർ | കരാർ | 7 | അനുമതിയുള്ള 2 തസ്തികകളിൽ സ്ഥിര നിയമനം നടത്തിയിട്ടുണ്ട് |
| 4. | അസിസ്റ്റന്റ് | കരാർ | 5 | അനുമതിയുള്ള 52 തസ്തികകളിൽ സ്ഥിര നിയമനം നടത്തിയിട്ടുണ്ട് |
| 5. | ലൈബ്രറി അസിസ്റ്റന്റ് | കരാർ | 7 | അനുമതിയുള്ള 14 തസ്തികകളിൽ സ്ഥിര നിയമനം നടത്തിയിട്ടുണ്ട് |
| 6. | ട്രെയിൻഡ് ഗാർഡ്നർ | കരാർ | 2 | സ്റ്റാറ്റ്യൂട്ടിലും തസ്തികകൾ അനുവദിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തിയിട്ടില്ല. ഇന്റഗ്രേറ്റഡ് ക്ലാസ് 4 തസ്തികയിൽ ഉൾപ്പെടുത്തി 5 ഗാർഡ്നർമാരെ നിയമിച്ചിട്ടുണ്ട്. |
| 7. | മേട്രൺ | കരാർ | 3 | സ്റ്റാറ്റ്യൂട്ടിലും, തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തിയിട്ടില്ല. |
| 8. | കുക്ക്/ഹെൽപ്പർ | ദിവസ വേതനം | 10 | സ്റ്റാറ്റ്യൂട്ടിലും, തസ്തികകൾ അനുവദിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തിയിട്ടില്ല. |
| 9. | സ്വീപ്പർ | ദിവസ വേതനം | 38 | സർക്കാർ അനുവാദമുള്ള തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. |
| 10. | അസിസ്റ്റന്റ് എഞ്ചിനീയർ | കരാർ | 2 | സർക്കാർ അനുവദിച്ച 2 തസ്തികകളിൽ ഒന്നിൽ സ്ഥിര നിയമനം നടത്തിയിട്ടുണ്ട് |
| 11. | ഗ്രാജ്വേറ്റ് ട്രെയിനി | കരാർ | 2 | |

| | | | | |
|---|---|---|---|---|
| | പ്രോഗ്രാമർ | | | |
| 12. | കമ്പ്യൂട്ടർ അസിസ്റ്റന്റ് | കരാർ | 2 | സർക്കാർ അനുവാദമുള്ള തസ്തികകളിൽ സ്ഥിര നിയമനം നടത്തിയിട്ടുണ്ട്. |
| 13. | ഇന്റേൺഷിപ്പ് ട്രെയിനി (പബ്ലിക് റിലേഷൻസ്) | കരാർ | 2 | |
| 14. | പ്രൊജക്ട് ട്രെയിനി (നാക് അക്രഡിറ്റേഷൻ) | കരാർ | 2 | |
| 15. | ഡോക്ടർ | കരാർ | 1 | സ്റ്റാറ്റ്യൂട്ടിലും, തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തിയിട്ടില്ല. |
| 16. | നഴ്സ് | കരാർ | 1 | സ്റ്റാറ്റ്യൂട്ടിലും, തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തിയിട്ടില്ല. |
| 17. | നഴ്സിങ്ങ് അസിസ്റ്റന്റ് | കരാർ | 1 | സ്റ്റാറ്റ്യൂട്ടിലും, തസ്തികകൾ അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവിലും ഉൾപ്പെടുത്തിയിട്ടില്ല. |
| 18. | സെക്യൂരിറ്റി ഗാർഡ് | ദിവസ വേതനം | 21 | സർക്കാർ അംഗീകാരമുള്ള 8 തസ്തികകളിൽ സ്ഥിര നിയമനം നടത്തിയിട്ടുണ്ട്. |
| 19. | വാച്ച് മാൻ/ നൈറ്റ് വാച്ച് മാൻ | ദിവസ വേതനം | 7 | ഇന്റഗ്രേറ്റഡ് ക്ലാസ് 4 തസ്തികയിൽ ഉൾപ്പെടുത്തി സ്ഥിര നിയമനം നടത്തിയിട്ടുണ്ട്. |

അനുവദിക്കപ്പെട്ട അംഗബല പരിധിക്കുള്ളിൽ നിന്നു കൊണ്ട് മാത്രമേ വിവിധ തസ്തികകളിൽ താത്ക്കാലിക അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുവാൻ കഴിയൂ. സർവ്വകലാശാലയുടെ ദൈനം ദിന പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമായ തസ്തികകൾക്ക് സർക്കാർ അംഗീകാരമില്ലെങ്കിൽ താത്ക്കാലിക നിയമനം നടത്തുന്നതിന് മുൻപ് സർക്കാരിന്റെ പ്രത്യേക

അനുവാദം വാങ്ങേണ്ടതാണ്.

.

**7.സെക്ഷൻ ഓഫീസർ (FC&D) തസ്തിക സ്റ്റാറ്റ്യൂട്ടിൽ നിന്ന് നീക്കം ചെയ്തിട്ടില്ല.**

ഫെയർകോപ്പി വിങ്ങിൽ സെക്ഷൻ ഓഫീസർ (FC&D) തസ്തിക 2014 ശമ്പള പരിഷ്കരണ ഉത്തരവിൽ നിർത്തലാക്കുകയും പകരം ഓഫീസ് സൂപ്രണ്ട് (ഹ.ഗ്രേ.) തസ്തിക പുതുതായി ഉൾക്കൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിൽ ക്രമ നം. 15 ആയി ഉൾപ്പെടുത്തിയിട്ടുള്ള സെക്ഷൻ ഓഫീസർ (എഫ്.സി.&ഡി) തസ്തിക നീക്കം ചെയ്ത് ഓഫീസ് സൂപ്രണ്ട് (ഹ.ഗ്രേ.) തസ്തിക ഉൾക്കൊള്ളിച്ച് സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി വരുത്തിയിട്ടില്ല.

.

**8. അനദ്ധ്യാപക നിയമനങ്ങൾ കെ.പി.എസ്.സി.ക്ക് വിട്ടു നൽകിയത് - സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്തിട്ടില്ല**

സർവ്വകലാശാലകളിലെ അനദ്ധ്യാപക ജീവനക്കാരുടെ നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് സർക്കാർ ഉത്തരവിലൂടെ വിട്ടു നൽകിയിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആക്ടിലെ വ്യവസ്ഥകൾക്കനുസൃതമായി സർക്കാർ സ്പെഷ്യൽ റൂൾസ്/എക്സിക്യൂട്ടീവ് ഓർഡേഴ്സ് രൂപപ്പെടുത്താത്ത സാഹചര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 26.02.2016-ലെ 07/2016 ഉത്തരവ് പ്രകാരം സർവ്വകലാശാലകളോട് അവയുടെ സ്റ്റാറ്റ്യൂട്ടിൽ വേണ്ട ഭേദഗതി വരുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്. ജീവനക്കാരുടെ പ്രൊബേഷൻ, അന്തർസർവ്വകലാശാല സ്ഥലംമാറ്റം എന്നിവ സംബന്ധിച്ച് സ്റ്റാറ്റ്യൂട്ടിൽ നിന്ന് വ്യത്യസ്തമായ നിർദ്ദേശങ്ങളാണ് മേൽ ഉത്തരവിലുള്ളത്. ചട്ടസംഹിതയിലെ അനുശാസനങ്ങളെ ഒരു ഉത്തരവിലൂടെ ഭേദഗതി വരുത്താനാവാത്തതിനാൽ ഈ വിഷയത്തിൽ സ്റ്റാറ്റ്യൂട്ട് ഭേദഗതി അത്യന്താപേക്ഷിതമാണ്.

**9.സർക്കാർ അനുമതിയില്ലാത്ത അസിസ്റ്റന്റ് തസ്തികകളിൽ പിഎസ്.സി വഴി നിയമനം**

1994-ൽ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല പ്രവർത്തനമാരംഭിച്ചെങ്കിലും തസ്തികകൾ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവിറക്കിയത് 2004-ലാണ്. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 08.06.2004-ലെ 60/2004 ഉത്തരവ് പ്രകാരം സർക്കാർ അനുവാദമുള്ള അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം 52 ആണ്. 1994-ലെ സംസ്കൃത സർവ്വകലാശാലാ നിയമം വകുപ്പ് 14, ഉപവകുപ്പ് 2(എച്ച്) പ്രകാരം സർവ്വകലാശാലയിൽ അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സിൻഡിക്കേറ്റ്, സർക്കാരിന്റെ മുൻകൂർ അനുമതി തേടേണ്ടതുണ്ട്. 2004-ൽ അനുവദിക്കപ്പെട്ട 52 തസ്തികകൾക്ക് പകരം 63 അസിസ്റ്റന്റ് തസ്തികകൾ സർവ്വകലാശാലയിൽ പ്രവർത്തിച്ചു വരുന്നു. ഇതിനു പുറമേ 15 അസിസ്റ്റന്റ് തസ്തികകളിലേയ്ക്ക് താത്കാലിക നിയമനം നടത്തുന്നതിന് 24.07.2018ലെ എ.ഡി.ബി./9193/എസ്.എസ്. യു.എസ്/2018 നമ്പർ ഉത്തരവ് പ്രകാരം സർവ്വകലാശാല തീരുമാനിച്ചു. പി.എസ്.സി അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഒരു ഉദ്യോഗാർത്ഥിയുടെ പരാതിയെത്തുടർന്ന് താത്ക്കാലിക നിയമന നടപടികൾ റദ്ദു ചെയ്ത് നിലവിൽ ഒഴിവുള്ള എല്ലാ തസ്തികകളും കെ. പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യാൻ ഉന്നത വിദ്യാഭ്യാസ വകുപ്പിൽ നിന്ന് നിർദേശം നൽകി. (30.10.2018-ലെ ബി2/220/2018/ഉ.വി.വ നമ്പർ കത്ത്).

ധനകാര്യ (സ്ലീം ലൈനിങ്ങ്) വകുപ്പിന്റെ 05.10.2019ലെ 83/2019/ധന സർക്കുലറിലെ നിർദ്ദേശ പ്രകാരം സർക്കാർ അംഗീകാരമുള്ള തസ്തികകളിൽ (sanctioned strength) മാത്രമേ താത്ക്കാലിക ജീവനക്കാരെ നിയമിക്കാവൂ. സർവ്വകലാശാലയിലെ അംഗീകരിക്കപ്പെട്ട അസിസ്റ്റന്റ് തസ്തികകളുടെ എണ്ണം 52 ആണ്. അധികമായി 11 അസിസ്റ്റന്റ് തസ്തികകൾ (ആകെ 63) നില നിൽക്കുമ്പോഴാണ് 15 അധിക തസ്തികകളിൽ കൂടി താത്ക്കാലിക നിയമനം നടത്താൻ സർവ്വകലാശാല തീരുമാനിച്ചത്. ഈ തസ്തികകളിൽ 14 അസിസ്റ്റന്റ് തസ്തികകൾ (ഒരെണ്ണം ആശ്രിത നിയമനത്തിനായി നീക്കി വച്ചു) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നിർദേശ പ്രകാരം കേരള പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുകയും സ്ഥിര നിയമനം നടത്തുകയും ചെയ്തു. ഒഴിവുള്ള തസ്തികകൾ റിപ്പോർട്ട് ചെയ്യാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് നിർദ്ദേശിച്ചപ്പോൾ സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളാണ് സർവ്വകലാശാല റിപ്പോർട്ട് ചെയ്യുകയും സ്ഥിര നിയമനം നടത്തുകയും ചെയ്തത്. അംഗീകാരമില്ലാത്ത തസ്തികകളിൽ നടത്തിയ നിയമനത്തിന് സർക്കാരിൽ നിന്ന് സാധൂകരണം വാങ്ങേണ്ടതാണ്.

സർക്കാർ ഉത്തരവ്, സ്റ്റാറ്റ്യൂട്ട് എന്നിവ തമ്മിലുള്ള പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് മേൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

3-15 ഡാറ്റാ സെന്റർ -പ്രവൃത്തി നിർവ്വഹണത്തിലും നടത്തിപ്പിലും അപാകത

ഉന്നത വിദ്യാഭ്യാസ സ്ഥാപനമെന്ന നിലയിൽ വിവര സാങ്കേതിക വിദ്യയിലെ ആധുനിക സൗകര്യങ്ങൾ സർവ്വകലാശാലയിൽ ലഭ്യമാക്കുന്നതിന് റൂസ (RUSA) പദ്ധതിയിൽ ഉൾപ്പെടുത്തി ലോക്കൽ ഏരിയ നെറ്റ് വർക്ക്, വൈഫൈ, ഡാറ്റാ സെന്റർ, നെറ്റ് വർക്ക് സെക്യൂരിറ്റി എന്നിവ സ്ഥാപിക്കാൻ പൊതു മേഖല സ്ഥാപനമായ കെൽട്രോണിനെ ഏൽപ്പിക്കുകയും 20.02.2016ന് കരാറിൽ ഏർപ്പെടുകയും ചെയ്തു. കെൽട്രോൺ 2017ൽ പ്രവൃത്തി പൂർത്തീകരിക്കുകയും 3,79,00,610/- രൂപയുടെ ബില്ലുകൾ സമർപ്പിക്കുകയും ചെയ്തു. മൂന്നു ഗഡുക്കളായി 3,69,86,312/- രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണവും നടത്തിപ്പും സംബന്ധിച്ച് ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>ഫയർവാൾ സോഫ്റ്റ് വെയറിൽ പിഴവ്</u>

1) 2019 ജനുവരിയിൽ പാസ് വേർഡ് തകരാർ മൂലം സർവ്വകലാശാലയിലെ ബയോമെട്രിക് സർവ്വർ ഉപയോഗിക്കാൻ കഴിയാതെ വന്നു. കെൽട്രോണുമായി ബന്ധപ്പെട്ട് പാസ് വേർഡ് വീണ്ടെടുത്ത് പരിശോധിച്ചപ്പോൾ സർവ്വറിലെ മുഴുവൻ വിവരങ്ങളും എൻക്രിപ്റ്റ് ചെയ്ത നിലയിലായിരുന്നു. ഡാറ്റാ സെക്യൂരിറ്റി സോഫ്റ്റ് വെയറായ ഫയർവാളിന്റെ പിഴവ് മൂലമാണ് സർവ്വറിലെ വിവരങ്ങൾ എൻക്രിപ്റ്റഡ് ആയത്. ഫയർവാളിന്റെ ലൈസൻസ് കാലാവധിക്കുള്ളിൽ തന്നെ ഈ പിഴവ് സംഭവിച്ചത് സർവ്വറിലെ വിവരങ്ങൾക്ക് വേണ്ടത്ര സുരക്ഷ ഉറപ്പാക്കാൻ കെൽട്രോണിന് കഴിഞ്ഞില്ലെന്നതിന് തെളിവാണ്.

2 ) <u>ജനറേറ്റർ പ്രവർത്തനക്ഷമമല്ല:</u>

ഡാറ്റാ സെന്റർ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായ പവർ ബാക്ക് അപ് നൽകുന്നതിന് സ്ഥാപിച്ച ഡീസൽ ജനറേറ്റർ 2018-ലെ പ്രളയത്തിൽ പ്രവർത്തനരഹിതമായെങ്കിലും ഇത് പ്രവർത്തനക്ഷമമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

2 ) <u>പൊളിഞ്ഞുവീണ സീലിംഗ് പുന:സ്ഥാപിച്ചിട്ടില്ല:</u>

ഡാറ്റാ സെന്ററിന്റെ സീലിംഗ് 2019 സെപ്റ്റംബർ മാസത്തിൽ തകർന്നു വീണെങ്കിലും ഇതുവരെ പുനർനിർമ്മിച്ചിട്ടില്ല.

3 ) <u>ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല:</u>

ഡാറ്റാ സെന്ററിലെ ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സിസ്റ്റം അനലിസ്റ്റിന് കൈമാറി നൽകിയിട്ടില്ല. ഡാറ്റാ സെന്ററിന്റെ ഉപകരണങ്ങളും വിവരങ്ങളും കൈകാര്യം ചെയ്യുന്നത് സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങളോ ഉത്തരവുകളോ ഇല്ല.

4 ) <u>ഉപകരണങ്ങളുടെ തുടർ പരിപാലനം അനാസ്ഥ:</u>

2018ലെ പ്രളയത്തിനുശേഷം ഡാറ്റാ സെന്ററിലെ പല ഉപകരണങ്ങൾക്കും അറ്റകുറ്റപ്പണി ആവശ്യമായി വന്നു. വാറന്റി പീരിയഡ് കഴിഞ്ഞ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കായി എ.എം.സിയിൽ ഏർപ്പെടുന്നതിന് ഉപകരണങ്ങളുമായി ബന്ധപ്പെട്ട രേഖകൾ കൈമാറാൻ ആവശ്യപ്പെട്ട് 11.01.2019-ൽ കത്ത് നൽകിയെങ്കിലും കെൽട്രോണിന്റെ ഭാഗത്തു നിന്നും നടപടിയുണ്ടായില്ല. വാറന്റി പിരീയഡ് തീർന്നതിനാൽ A.M.C.-യിൽ ഏർപ്പെടുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്ന് സിസ്റ്റം അനലിസ്റ്റ് 25.02.2019-ൽ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നടപടി സ്വീകരിച്ചിട്ടില്ല. ഈ ഉപകരണങ്ങളുടെ രജിസ്ട്രേഷൻ, പ്രൊഡക്റ്റ്, വാറന്റി സംബന്ധിച്ച വിവരങ്ങൾ കെൽട്രോണിൽ നിന്ന് കൈമാറി ലഭിച്ചിട്ടില്ല.

5)<u>പദ്ധതി പൂർത്തീകരിച്ച് മൂന്നു വർഷത്തിനു ശേഷവും കെൽട്രോണുമായുള്ള സാമ്പത്തിക ഇടപാടുകൾ തീർപ്പാക്കിയില്ല.</u>

05.12.2016, 08.12.2016 എന്നീ തീയതികളിലെ 2607/എസ്.എസ്.യു.എസ് /2014 നമ്പർ ഉത്തരവുകൾ പ്രകാരം 3,69,86,312/- രൂപ ബിൽ തുകയായി കെൽട്രോണിന് നൽകിയിട്ടുണ്ട്. 2018ലെ പ്രളയത്തിനുശേഷം ഡാറ്റാ സെന്ററിലെ പല ഉപകരണങ്ങൾക്കും അറ്റകുറ്റപ്പണി ആവശ്യമായി വന്നു. വാറന്റി പീരിയഡ് കഴിഞ്ഞ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണിയ്ക്കായി എ.എം.സിയിൽ ഏർപ്പെടുന്നതിന് ഉപകരണങ്ങളുമായി ബന്ധപ്പെട്ട രേഖകൾ കൈമാറാൻ ആവശ്യപ്പെട്ട് 11.01.2019-ൽ കത്ത് നൽകിയെങ്കിലും കെൽട്രോണിന്റെ ഭാഗത്തു നിന്നും നടപടിയുണ്ടായില്ല. പ്രവൃത്തി നിർവ്വഹണം തൃപ്തികരമല്ലാത്തതിനാൽ സർവ്വകലാശാല കെൽട്രോണിന്റെ ഫൈനൽ ബിൽ തീർപ്പാക്കിയിട്ടില്ല. ഡാറ്റാ സെന്ററിലെ അപാകതകൾ പരിഹരിയ്ക്കാത്തതിനാൽ കെൽട്രോൺ നൽകിയ 20,56,000/- രൂപയുടെ ബാങ്ക് ഗ്യാരന്റിയും ഇതുവരെ തിരികെ നൽകിയിട്ടില്ല. 18.02.2016 ന് സർവ്വകലാശാലയും കെൽട്രോണുമായി ഒപ്പു വച്ച കരാറിലെ ക്ളോസ് 22.2 പ്രകാരം സർവ്വകലാശാലയ്ക്കും കെൽട്രോണിനും പരിഹരിയ്ക്കാൻ കഴിയാത്ത തർക്കങ്ങൾ ഉഭയസമ്മത പ്രകാരം നിയോഗിക്കുന്ന ഒരു ആർബിട്രേറ്റർ മുഖേന പരിഹരിക്കാവുന്നതാണ്.

6) <u>ഡാറ്റാ സെന്റർ നടത്തിപ്പിനായി സാങ്കേതിക യോഗ്യതയുള്ള സ്ഥിര ജീവനക്കാരില്ല.</u>

സർവ്വകലാശാലയിൽ കമ്പ്യൂട്ടർ യോഗ്യതയുള്ള സ്ഥിര ജീവനക്കാരായി രണ്ട് കമ്പ്യൂട്ടർ ഓപ്പറേറ്റർമാർ മാത്രമാണുള്ളത്. ലൈബ്രറിയിലെ ഡാറ്റാ എൻട്രിക്കും പരീക്ഷ സംബന്ധമായ ജോലികൾക്കുമായി ഇവരെ നിയോഗിച്ചിരിക്കുന്നു. സർവ്വകലാശാലയിലെ പരീക്ഷാ

സംബന്ധമായ ഓൺലൈൻ പ്രവർത്തനങ്ങൾ, ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം, ഇ-ഗവേണൻസ്, സർവേലൻസ് സിസ്റ്റം എന്നിവ ഹോസ്റ്റ് ചെയ്യുന്ന ഡാറ്റാ സെന്റർ പ്രവർത്തനങ്ങൾക്കായി താത്ക്കാലികാടിസ്ഥാനത്തിൽ നിയമിതരായ സിസ്റ്റം അനലിസ്റ്റ്, പേഴ്സണൽ അസിസ്റ്റന്റ് എന്നിവരെയാണ് നിയോഗിച്ചിട്ടുള്ളത്. (സിസ്റ്റം അനലിസ്റ്റ് തസ്തിക സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല). സർവ്വകലാശാലയിലെ ഇ-ഗവേണൻസ് സംവിധാനം നടപ്പാക്കുന്നതിന് 2015ൽ സർക്കാർ നിർദ്ദേശം നൽകി തുക കൈമാറി നൽകി. എന്നാൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കാൻ സർവ്വകലാശാലയ്ക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. 165ാം സിൻഡിക്കേറ്റ് മീറ്റിങ്ങിലെ തീരുമാന പ്രകാരം 16.02.2018ലെ പി.എൽ.ഡി/2607/ എസ്.എസ്.യു.എസ്/2014 നമ്പർ ഉത്തരവിലൂടെ വിവര സാങ്കേതിക വിദ്യാ നയം സർവ്വകലാശാല നടപ്പാക്കിയെങ്കിലും സാങ്കേതിക യോഗ്യതയുള്ള ജീവനക്കാരുടെ അഭാവം മൂലം നയം കാര്യക്ഷമമായി നടപ്പാക്കാൻ സർവ്വകലാശാലയ്ക്ക് കഴിഞ്ഞിട്ടില്ല.

സർവ്വകലാശാലയിലെ പരീക്ഷാ സംബന്ധമായ ഓൺലൈൻ പ്രവർത്തനങ്ങൾ, ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം, ഇ-ഗവേണൻസ്, സർവേലൻസ് സിസ്റ്റം എന്നിവ ഹോസ്റ്റ് ചെയ്യുന്ന ഡാറ്റാ സെന്ററിന് മതിയായ പവർ, ഡാറ്റാ ബാക്ക്-അപ് ഏർപ്പെടുത്തുന്നതിനും ഉപകരണങ്ങളുടെ മെയിന്റനൻസ് ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിയ്ക്കേണ്ടതാണ്. സിസ്റ്റം അനലിസ്റ്റ് തസ്തികയ്ക്ക് സർക്കാർ അംഗീകാരം നേടി സ്ഥിര നിയമനം നടത്തുന്നതിനും ഇ-ഗവേണൻസ് പ്രവർത്തനങ്ങൾ സമയ ബന്ധിതമായി നടപ്പാക്കുന്നതിനും അടിയന്തിര പ്രാധാന്യം നൽകേണ്ടതാണ്.

3-16 കൊയിലാണ്ടി പ്രാദേശിക കേന്ദ്രം

1. <u>പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് അടർന്നു പോകുന്നു – നിർമ്മാണത്തിലെ അപാകത</u>

2017 ഒക്ടോബർ മാസത്തിൽ ഉദ്ഘാടനം നടത്തിയ പ്രാദേശിക കേന്ദ്രത്തിന്റെ പുതിയ കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് പൊടിയായി അടർന്നു വീണു കൊണ്ടിരിക്കുകയാണ്. പലയിടങ്ങളിലും ഇഷ്ടിക പുറത്തു കാണാവുന്ന സ്ഥിതിയാണ്. തിണ്ണയിൽ വിരിച്ചിരിക്കുന്ന ഗ്രാനൈറ്റിന്റെ അടിയിൽ പ്ലാസ്റ്ററിംഗ് പോയിക്കൊണ്ടിരിക്കുകയാണ്. അതുമൂലം ഗ്രാനൈറ്റ് തിണ്ണയിൽ ഉയർന്നാണ് നിൽക്കുന്നത്. മഴ പെയ്താൽ വെള്ളം മുറികളിലും വരാന്തകളിലും ഒഴുകുന്ന അവസ്ഥയാണ്. പല ക്ലാസ്സ് മുറികളിലും ചുവർ വല്ലാതെ നനഞ്ഞ് ഈർപ്പവും പായലും പിടിച്ച അവസ്ഥയുണ്ട്. സൺഷേഡ് നിർമ്മിച്ചിട്ടില്ലാത്തതിനാൽ വരാന്തയിലും ക്ലാസ് മുറികളിലും വെള്ളം കയറാതിരിക്കാനായി സർവ്വകലാശാല പിന്നീട് സൺഷേഡിനു പകരം അലുമിനിയം ഷീറ്റ് ഇട്ടിട്ടുണ്ട് .

ഉദ്ഘാടനം നടത്തിയ വർഷം തന്നെ മുറികളിലും ചുവരുകളിലും വെള്ളം വീണ് നനയുന്നത് സംബന്ധിച്ച് ഈ ഓഫീസിലെ ഓഡിറ്റ് ടീമിന്റെ ശ്രദ്ധയിൽ പെടുകയും ആയത് 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുകയും ചെയ്തതാണ്. എന്നാൽ പ്രസ്തുത റിപ്പോർട്ടിന്മേൽ യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.



(കെട്ടിടത്തിന്റെ പ്ലാസ്റ്ററിംഗ് അടർന്നുപോയ ശേഷം ഇഷ്ടിക പുറത്തു കാണുന്നു)

.

ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിൽ അപാകതകൾ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുകയും കെട്ടിട നിർമ്മാണ കരാറുകാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുകയും ഇതുവരെയും അപാകതകൾ അവരെക്കൊണ്ട് പരിഹരിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും സർവ്വകലാശാല ചെയ്തിട്ടില്ല.

.

2. <u>ഇ-ഗ്രാന്റ്സ്- തുക ലഭിച്ചത് ഇനം തിരിച്ച് സർവ്വകലാശാല മുഖ്യകേന്ദ്രത്തിൽ അടവാക്കുന്നില്ല.</u>

എസ് സി ഡിപ്പാർട്ട്മെന്റിൽ നിന്നും ഫീസിനത്തിൽ ലഭ്യമായ തുകകൾ ഇതുവരെ ഇനം തിരിച്ച് സർവ്വകലാശാല അക്കൗണ്ടിലേക്ക് അടവാക്കിയിട്ടില്ല. എസ് ബി ഐ കറന്റ് അക്കൗണ്ട് നമ്പർ 30855717067 – ൽ 31.3.2019 – ൽ 34,08,321.50 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുകക്ക് പലിശ ലഭിക്കുന്നില്ല. മാത്രമല്ല, അക്കൗണ്ട് കീപ്പിംഗ് ചാർജ് ഇനത്തിൽ ബാങ്ക് തുക ഈടാക്കുകയും ചെയ്യുന്നുണ്ട്. ആവശ്യത്തിന് ജീവനക്കാരില്ല എന്ന കാരണം കൊണ്ടാണ് ഈ തുക സർവ്വകലാശാല ഫണ്ടിലേക്ക് അടവാക്കാത്തത്. ഇത്രയും വലിയ തുക വർഷങ്ങളായി പലിശ ലഭിക്കാതെ കറന്റ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് സർവ്വകലാശാലയുടെ അനാസ്ഥയാണ്.

.

3. <u>അസിസ്റ്റന്റിന്റെയും സെക്ഷൻ ഓഫീസറുടെയും ജോലികൾ ചെയ്യുന്നത് ഓഫീസ് അറ്റൻഡന്റ്</u>

കൊയിലാണ്ടി പ്രാദേശിക കേന്ദ്രത്തിലെ അറ്റൻഡൻസ് രജിസ്റ്റർ പ്രകാരം നിലവിലുള്ള ഓഫീസ് ജീവനക്കാരുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

.

| റഗുലർ ജീവനക്കാർ | | |
|---|---|---|
| ക്രമ | തസ്തിക | എണ്ണം |

| നമ്പർ | | |
|---|---|---|
| 1 | പി ടി എസ് | 4 |
| 2 | ഓഫീസ് അറ്റൻഡന്റ് | 2 |
| 3 | ക്ലറിക്കൽ അസിസ്റ്റന്റ് | 1 |
| 4 | ലൈബ്രറി അസിസ്റ്റന്റ് | 1 |
| 5 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 1 |

.

| കരാർ / ദിവസ വേതനാടിസ്ഥാനത്തിൽ ഉള്ളവർ | | |
|---|---|---|
| ക്രമ നമ്പർ | തസ്തിക | എണ്ണം |
| 1 | അസിസ്റ്റന്റ് | 1 |
| 2 | വാച്ച്മാൻ | 2 |
| 3 | കുക്ക് | 1 |

7 എം ഫിൽ വിദ്യാർത്ഥികളും 4 പി എച്ച് ഡി വിദ്യാർത്ഥികളും ഉൾപ്പെടെ ആകെ 437 വിദ്യാർത്ഥികൾ പഠിക്കുന്ന ഈ പ്രാദേശിക കേന്ദ്രത്തിൽ റഗുലർ വിഭാഗത്തിൽ നിന്നും ഒരു അസിസ്റ്റന്റിനെയോ മേൽനോട്ടം വഹിക്കുന്നതിനുള്ള സെക്ഷൻ ഓഫീസറേയോ സർവ്വകലാശാല പുനർ വിന്യസിച്ചിട്ടില്ല. നിലവിലുള്ള അസിസ്റ്റന്റ് സ്ഥിര നിയമം അല്ലാത്തതിനാൽ അസിസ്റ്റന്റും സെക്ഷൻ ഓഫീസറും നിർവ്വഹിക്കേണ്ട ജോലികൾ ഭൂരിഭാഗവും ചെയ്യുന്നത് ഒരു ഓഫീസ് അറ്റൻഡന്റ് ആണ്. താരതമ്യേന ഇതിലും കുറവ് കുട്ടികൾ പഠിക്കുന്ന മറ്റുള്ള സെന്ററുകളിൽ അത്യാവശ്യം റഗുലർ ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്.

കാലടി മുഖ്യ കേന്ദ്രത്തിൽ മിക്കവാറും എല്ലാ വിഷയങ്ങൾക്കും ഓരോ അസിസ്റ്റന്റും ഏതാണ്ട് നാല് അസിസ്റ്റന്റുമാർക്ക് ഒരു സെക്ഷൻ ഓഫീസറും എന്ന നിലയിൽ ജീവനക്കാരെ വിന്യസിച്ചിട്ടുണ്ട്. എന്നാൽ ഒരേ വിഷയങ്ങളിൽ മുഖ്യ കേന്ദ്രത്തിലെപ്പോലെ തന്നെ വിദ്യാർത്ഥികളുടെ എണ്ണമുള്ള പ്രാദേശിക കേന്ദ്രത്തിൽ അതിന് ആനുപാതികമായി ഒരു റഗുലർ അസിസ്റ്റന്റിനെ പോലും വിന്യസിച്ചിട്ടില്ല എന്നതിൽ നിന്നും വ്യക്തമാകുന്നത് പ്രാദേശിക കേന്ദ്രങ്ങൾക്ക് ആവശ്യമായ പരിഗണന നൽകുന്നില്ല എന്നതാണ്.

4. <u>ഉത്തരക്കടലാസുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ</u>

ഉത്തരക്കടലാസുകളുടെ സ്റ്റോക്ക് സൂക്ഷിച്ചിരിക്കുന്നത് എണ്ണിത്തിട്ടപ്പെടുത്തിയല്ല. പരീക്ഷാമുറികളിലേക്ക് നൽകുന്ന മെയിൻ ഉത്തരക്കടലാസുകളുടെയും അഡീഷണൽ ഉത്തരക്കടലാസുകളുടെയും ബാക്കി തിരികെ ലഭിക്കുന്നത് എക്സാം ഡ്യൂട്ടി രജിസ്റ്ററിൽ ചേർത്ത് നീക്കിബാക്കി രേഖപ്പെടുത്തിയിട്ടുണ്ട്. ഉത്തരക്കടലാസുകളുടെ എണ്ണം തിട്ടപ്പെടുത്തി വച്ചിട്ടില്ലാത്തതിനാൽ സ്റ്റോക്ക് രജിസ്റ്ററിലെ എണ്ണവുമായി താരതമ്യം ചെയ്യാനായിട്ടില്ല. ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ടിട്ടുണ്ടോയെന്നുള്ളതിലും വ്യക്തതയില്ല. വളരെ ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ട ഉത്തരക്കടലാസുകൾ അലക്ഷ്യമായിട്ടാണ് കൈകാര്യം ചെയ്തിട്ടുള്ളത്. ഉത്തരക്കടലാസുകളുടെ സ്റ്റോക്ക് കൃത്യമായി കണക്കാക്കി സൂക്ഷിക്കേണ്ടതാണ്.

.

5. <u>മുൻകൂർ ക്രമീകരിച്ചിട്ടില്ല</u>

താഴെ കൊടുത്തിരിക്കുന്ന പ്രകാരം മുൻകൂറുകൾ നാളിതു വരെയായും ക്രമീകരിച്ചിട്ടില്ല.

| തുക നൽകിയ തീയതി | തുക | ഇനം | തുക നൽകിയതിന്റെ വിവരം |
|---|---|---|---|
| 19.04.2018 | 50,000/- | കാന്റീൻ നവീകരണം | ശ്രീ. കെ. എസ്. അത്താവുള്ള ഖാൻ, ഡയറക്ടർ |
| 04.05.2018 | 10,000/- | | |
| 14.06.2018 | 50,000/- | | |
| 14.01.2019 | 9,000/- | ക്യാമ്പസ് യൂണിയൻ ഇലക്ഷൻ 2019 | ശ്രീ. കെ. എസ്. നകുലൻ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ |
| ആകെ | 1,19,000/- | | |

ധനകാര്യ വകുപ്പിന്റെ 04.10.2011 -ലെ ജി.ഒ.(പി.)നം.419/2011 -ാം നമ്പർ ഉത്തരവ് പ്രകാരം മുൻകൂർ അനുവദിച്ച് മൂന്നു മാസത്തിനുള്ളിൽ അവസാന ബിൽ ഹാജരാക്കി തുക ക്രമീകരിക്കേണ്ടതും സമയപരിധി കഴിഞ്ഞ് കൈവശം വച്ച തുക തിരിച്ചടയ്ക്കുന്നതു വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. ആയതിൻപ്രകാരം മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള മുൻകൂറുകൾ ക്രമീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

6. <u>അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത</u>

പ്രാദേശിക കേന്ദ്രത്തിൽ ആകെ 437 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. ആകെ 23 ക്ലാസ്സ് മുറികളാണ് ആവശ്യമുള്ളത്, എന്നാൽ 10 ക്ലാസ്സ് മുറികൾ ആണ് നിലവിലുള്ളത്. ബാക്കി ക്ലാസ്സുകൾ നടത്തുന്നത് കാന്റീൻ നടത്തുന്നതിനായി പണിത ഷെഡ്, സ്മാർട്ട് റൂം, റീഡിംഗ് റൂം,

കമ്പ്യൂട്ടർ റൂം എന്നിവയിൽ ആണ്. ഇത്രയും വിദ്യാർത്ഥികൾ പഠിക്കുന്ന ഈ സ്ഥാപനത്തിൽ അവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല.

വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുന്നതിനായി കളിസ്ഥലങ്ങൾ ഒരുക്കിയിട്ടില്ല. കാടു പിടിച്ചതും നിരപ്പില്ലാത്തതുമായ കോമ്പൗണ്ട് ആണ് നിലവിൽ പ്രാദേശിക കേന്ദ്രത്തിലുള്ളത്.
മഴ പെയ്യുന്ന അവസരങ്ങളിൽ ലൈബ്രറിയിൽ വെള്ളം കയറുന്ന അവസ്ഥയാണ്. തന്നെയുമല്ല പി എച്ച് ഡി, എം ഫിൽ മുതലായ കോഴ്സുകൾക്ക് ക്ലാസ്സായി പലപ്പോഴും ഉപയോഗിക്കുന്നത് ലൈബ്രറിയാണ്.

കാന്റീൻ നടത്തിപ്പിനായി നിർമ്മിച്ച കെട്ടിടത്തിൽ ക്ലാസ്സ് മുറികൾ നടത്തുന്നതിനാൽ കാന്റീൻ സൗകര്യം ഇല്ല.
പ്രാദേശിക കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

3-17 സോഷ്യോളജി വകുപ്പ്

1. <u>വൗച്ചറുകൾ ലഭ്യമാക്കിയില്ല – 32,329/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.</u>

താഴെപ്പറയുന്ന ചെലവുകൾക്ക് ആധാരമായ വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 32,329/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| തീയതി | ചെലവ് രേഖ (ചെക്ക് നം.) | തുക |
|---|---|---|
| 05/09/2018 | ch.no.10000507 | 7,875/- |
| 05/09/2018 | ch.no.10000511 | 3,200/- |
| 05/09/2018 | ch.no.10000512 | 925/- |
| 15/10/2018 | ch.no.10000517 | 6,750/- |
| 15/10/2018 | ch.no.10000518 | 3,200/- |
| 15/10/2018 | ch.no.10000519 | 8,850/- |
| 23/10/2018 | ch.no.5336 | 1,529/- |
| | ആകെ | 32,329/- |

3-18 മ്യൂസിക് വിഭാഗം

1. <u>പഠന യാത്രയ്ക്ക് മുൻകൂർ അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല</u>

വിദ്യാർത്ഥികൾക്ക് പഠന യാത്ര നടത്തുന്നതിന് 6300/- രൂപ 01.02.2019-ലെ 090424 ചെക്ക് മുഖേന വകുപ്പ് മേധാവിയ്ക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ക്രമീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല. തുക എത്രയും വേഗം ക്രമീകരിച്ച് ഉത്തരവാക്കേണ്ടതാണ്.

3-19 കായിക വിദ്യാഭ്യാസ വകുപ്പ്

<u>പഠന യാത്രയ്ക്ക് മുൻകൂർ അനുവദിച്ച തുക ക്രമീകരിച്ചിട്ടില്ല</u>

എം. പി. ഇ. എഡ്. ഒന്നും രണ്ടും വർഷ വിദ്യാർത്ഥികൾക്ക് പഠന യാത്ര നടത്തുന്നതിന് 25,200/- രൂപ 28.03.2019-ലെ ചെക്ക് നം. 135451 പ്രകാരം വകുപ്പ് മേധാവിക്ക് നൽകിയിട്ടുണ്ട്. പഠന യാത്ര നടത്തിയതിന്റെ ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും മുൻകൂർ തുക ക്രമീകരിച്ച് ഉത്തരവായിട്ടില്ല. ഉത്തരവ് പുറപ്പെടുവിച്ച് മുൻകൂർ തുക ക്രമീകരിക്കേണ്ടതാണ്.

3-20 ഏറ്റുമാന്നൂർ പ്രാദേശിക കേന്ദ്രം

1. <u>മുൻകൂർ ക്രമീകരിച്ചിട്ടില്ല</u>

താഴെ കൊടുത്തിരിക്കുന്ന പ്രകാരം മുൻകൂറുകൾ നാളിതു വരെയായും ക്രമീകരിച്ചിട്ടില്ല.

| ക്രമ നം. | മുൻകൂർ തുക വാങ്ങിയ വ്യക്തി | മുൻകൂർ തുക നൽകിയ ഉദ്ദേശ്യം | മുൻകൂർ തുക |
|---|---|---|---|
| 1 | Dr.ജേക്കബ്ബ് തോമസ് (ആയുർവ്വേദം) | ആയ്യുർവ്വേദ ഡിപ്ലോമ കോഴ്സിന്റെ പ്രാക്ടിക്കൽ ക്ലാസ് നടത്തുന്നതിന് | 15000.00 |
| 2 | Dr.ജേക്കബ്ബ് തോമസ് (ആയുർവ്വേദം) | ആയ്യുർവ്വേദ വിഭാഗത്തിന് ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് | 50000.00 |
| 3 | ഡോ .ജി.ചന്ദ്രവദന കാമ്പസ് ഡയറക്ടർ | പുസ്തകങ്ങളും ജേർണലുകളും വാങ്ങുന്നതിന് | 225000.00 |
| 4 | Dr.ജേക്കബ്ബ് തോമസ് | ഇൻഡസ്ട്രിയൽ വിസിറ്റ് | 9000.00 |
| 5 | ഡോ.ഷാജി ജേക്കബ്ബ് | കാമ്പസ് യൂണിയൻപ്രവർത്തനം/ യൂത്ത് ഫെസ്റ്റിവൽ | 70000.00 |
| 6 | ഡോ.പൂർണ്ണിമ.ജി | നാഷണൽ സെമിനാർ | 75000.00 |
| | | ആകെ തുക | 4,44,000.00 |

ധനകാര്യ വകുപ്പിന്റെ 04.10.2011 -ലെ ജി.ഒ.(പി.)നം.419/2011 -ാം നമ്പർ ഉത്തരവ് പ്രകാരം മുൻകൂർ അനുവദിച്ച് മൂന്നു മാസത്തിനുള്ളിൽ അവസാന ബിൽ ഹാജരാക്കി തുക ക്രമീകരിക്കേണ്ടതും സമയപരിധി കഴിഞ്ഞ് കൈവശം വച്ച തുക തിരിച്ചടയ്ക്കുന്നതു വരെ 18% നിരക്കിൽ പലിശ ഈടാക്കേണ്ടതുമാണ്. ആയതിൻപ്രകാരം മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള മുൻകൂറുകൾ ക്രമീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സർവ്വകലാശാലയുടെ സാമ്പത്തിക നില

| സർവ്വകലാശാലാ സാമ്പത്തിക നില | |
|---|---|
| മുന്നിരിപ്പ് | 28,08,26,891/- |
| വരവ് | 94,34,35,463/- |
| ആകെ | 122,42,62,354/- |
| ചെലവ് | 103,31,28,001/- |
| നീക്കിയിരിപ്പ് | 19,11,34,353/- |

2017-18 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം (നമ്പർ കെ.എസ്.എ/എസ്.എസ്.യു./എ3/ 407/2019 തീയതി 29/04/2020) സർവ്വകലാശാലയുടെ നീക്കിയിരിപ്പ് 28,08,26,891/- രൂപ ആണ്. എന്നാൽ സർവ്വകലാശാലയുടെ 2018-19 വർഷത്തെ അക്കൗണ്ട്സ് പ്രകാരം മുന്നിരിപ്പ് 29,13,07,777/- രൂപ എന്ന് കാണിച്ചിരിക്കുന്നു. 1,04,80,886/- രൂപയുടെ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ ഈ വ്യത്യാസം 2018-19 വർഷത്തെ അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരിപ്പിലും പ്രതിഫലിക്കുന്നുണ്ട്.

<u>നീക്കിയിരിപ്പിന്റെ ഘടകങ്ങൾ</u>

കയ്യിരിപ്പ് പണം

| | |
|---|---|
| കാലടി ആസ്ഥാനം | 18,783/- |

| | |
|---|---|
| കാലടി മുഖ്യകേന്ദ്രം | ഇല്ല |
| തിരുവനന്തപുരം പ്രാദേശിക കേന്ദ്രം | ഇല്ല |
| പന്മന പ്രാദേശിക കേന്ദ്രം | ഇല്ല |
| ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം | ഇല്ല |
| തുറവൂർ പ്രാദേശിക കേന്ദ്രം | ഇല്ല |
| തൃശ്ശൂർ പ്രാദേശിക കേന്ദ്രം | 330/- |
| തിരൂർ പ്രാദേശിക കേന്ദ്രം | ഇല്ല |
| കൊയിലാണ്ടി പ്രാദേശിക കേന്ദ്രം | ഇല്ല |
| പയ്യന്നൂർ പ്രാദേശിക കേന്ദ്രം | ഇല്ല |
| ഡിപ്പാർട്ട്മെന്റ് സിസ്റ്റം | 1,100/- |
| ആകെ | 20,213/- |

ബാങ്കിലെ നീക്കിയിരിപ്പ്

| | |
|---|---|
| കാലടി ആസ്ഥാനം | 9,14,72,489.00 |
| കാലടി മുഖ്യകേന്ദ്രം | 48,60,488.00 |
| തിരുവനന്തപുരം പ്രാദേശിക കേന്ദ്രം | 22,24,777.50 |
| പന്മന പ്രാദേശിക കേന്ദ്രം | 7,29,209.25 |
| ഏറ്റുമാനൂർ പ്രാദേശിക കേന്ദ്രം | 7,73,232.00 |
| തുറവൂർ പ്രാദേശിക കേന്ദ്രം | 8,70,226.50 |
| തൃശ്ശൂർ പ്രാദേശിക കേന്ദ്രം | 6,82,135.08 |
| തിരൂർ പ്രാദേശിക കേന്ദ്രം | 19,64,750.00 |
| കൊയിലാണ്ടി പ്രാദേശിക കേന്ദ്രം | 45,32,001.00 |
| പയ്യന്നൂർ പ്രാദേശിക കേന്ദ്രം | 18,31,029.00 |
| ഡിപ്പാർട്ട്മെന്റ് സിസ്റ്റം | 2,83,44,645.00 |
| ആകെ | 13,82,84,982.33 |
| ട്രഷറിയിലെ പണം | 6,33,00,044.00 |
| ഇംപ്രസ്റ്റ് | 10,000.00 |
| ആകെ | 20,15,95,026.33 |

സാമ്പത്തിക നില – പി.എഫ് (ബാങ്ക് പാസ്സ് ബുക്ക് പ്രകാരം)

| പി.എഫ്.അക്കൗണ്ട് നമ്പർ -15556 | |
|---|---|
| മുന്നിരിപ്പ് | 1,62,49,588.00 |
| വരവ് | 6,02,11,764.00 |
| | |

| | |
|---|---|
| ആകെ | 7,64,61,352.00 |
| ചെലവ് | 7,11,05,990.00 |
| നീക്കിയിരിപ്പ് | 53,55,362.00 |

(ബാങ്ക് പാസ്സ് ബുക്ക് പ്രകാരം 29/03/2019 -ൽ നീക്കിയിരിപ്പ് 46,11,712/- രൂപയാണ് )

4-2 ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ

കാലടി സംസ്കൃത സർവ്വകലാശാലയിലെ പ്രധാന ബാങ്ക് അക്കൗണ്ടുകളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു

| ക്രമ നം | അക്കൗണ്ടിന്റെ പേര് | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ |
|---|---|---|---|
| 1 | മെയിൻ അക്കൗണ്ട് | യു.ബി.ഐ, കാലടി | 14001 |
| 2 | പി.എഫ്.അക്കൗണ്ട് | യു.ബി.ഐ, കാലടി | 15556 |
| 3 | എൻ.എസ്.എസ്.ഫണ്ട് | യു.ബി.ഐ, കാലടി | 15498 |
| 4 | പെൻഷൻ | യു.ബി.ഐ, കാലടി | 18131 |
| 5 | ഇന്റേണൽ റവന്യൂ | യു.ബി.ഐ, കാലടി | 17455 |
| 6 | എക്സാമിനേഷൻ (confidential printing) | യു.ബി.ഐ, കാലടി | 15015 |
| 7 | എക്സാമിനേഷൻ ( entrance) | യു.ബി.ഐ, കാലടി | 151851 |
| 8 | സ്ട്രെങ്ത്തനിങ് ഓഫ് സാൻസ്ക്രിറ്റ് പ്രൊജക്ട് | ബാങ്ക് ഓഫ് ഇൻഡ്യ, കാലടി | (1) 17634<br>(2) 01187 |
| 9 | വാറ്റ് / ജി.എസ്.റ്റി അടവ് | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ , കാലടി | 864444 |
| 10 | ട്രഷറി അക്കൗണ്ട്<br>(എ) റ്റി.എസ്.ബി<br>(ബി) പി.എഫ്.അക്കൗണ്ട് | സബ് ട്രഷറി അങ്കമാലി | 1) ടി.എസ്.ബി. 262<br>(2) ടി.പി.എ. 150 |
| 11 | യൂണിവേഴ്സിറ്റി യൂണിയൻ & സ്റ്റാഫ് അഡ്വൈസർ (ജോയിന്റ് അക്കൗണ്ട്) | യു.ബി.ഐ . ചേർത്തല | 360902010014339 |
| 12 | പ്ലാൻ ഫണ്ട് | യു.ബി.ഐ, കാലടി | 151490 |
| 13 | എറുഡൈറ്റ് സ്കീം | യു.ബി.ഐ, കാലടി | 151297 |
| 14 | യൂണിവേഴ്സിറ്റി യൂണിയൻ & സ്റ്റാഫ് അഡ്വൈസർ | യു.ബി.ഐ, കാലടി | 151479 |

| | | | |
|---|---|---|---|
| | (ജോയിന്റ് അക്കൗണ്ട്) | | |
| 15 | സ്റ്റാഫ് വെൽഫയർ ഫണ്ട് | യു.ബി.ഐ, കാലടി | 72135 |
| 16 | എഞ്ചിനീയറിങ്<br><br>( ഇ- ടെൻഡർ) | യു.ബി.ഐ, കാലടി | 497121 |

4-3 സർവ്വകലാശാല ഫണ്ടുകൾ

(എ) <u>ജനറൽ ഫണ്ട്</u>

പ്ലാൻ ഗ്രാന്റ്, നോൺ-പ്ലാൻ ഗ്രാന്റ്, അഡീഷണൽ സെൻട്രൽ അസിസ്റ്റൻസ്, യു.ജി.സി ധനസഹായം എന്നീ ഗ്രാന്റുകളും ചേർന്നതാണ് സർവ്വകലാശാലയുടെ ജനറൽ ഫണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ സർവ്വകലാശാലയ്ക്ക് ലഭിച്ച വിവിധ ഗ്രാന്റുകളുടെ വിശദാംശം അനുബന്ധം-1,2 എന്നിവ ആയി ചേർത്തിട്ടുണ്ട്.

(ബി) <u>സ്പെസിഫിക് ഫണ്ടുകൾ</u>

1. <u>വികസന ഫണ്ട്</u>

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ ആക്ട്, 1994 സെക്ഷൻ (36) പ്രകാരമാണ് വികസന ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. സെക്ഷൻ 36(2) ൽ പ്രതിപാദിക്കുന്ന വിധത്തിൽ വികസന ഫണ്ട് ദീർഘകാല നിക്ഷേപമായി അങ്കമാലി സബ് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. വാർഷിക കണക്ക് പ്രകാരം 31.03.2019 ൽ ഈയിനത്തിലെ നീക്കിയിരിപ്പ് 61,96,385/- രൂപയാണ്. കാലാവധി പൂർത്തിയായ നിക്ഷേപങ്ങളെ സംബന്ധിച്ച വിവരങ്ങൾ വികസന ഫണ്ട് രജിസ്റ്ററിൽ ചേർത്ത് 31.03.2019 ലെ നീക്കിയിരിപ്പ് സാക്ഷ്യപ്പെടുത്തിയിട്ടില്ല. നിക്ഷേപ വിവരങ്ങൾ അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്.

2. <u>പ്രൊവിഡന്റ് ഫണ്ട്</u>

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലാ ആക്ട് 1994, സെക്ഷൻ 37 പ്രകാരമാണ് ഈ ഫണ്ട് രൂപീകരിച്ചിട്ടുള്ളത്. പ്രൊവിഡന്റ് ഫണ്ട് ക്രയ-വിക്രയങ്ങൾക്കായി യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, കാലടി ശാഖയിലെ അക്കൗണ്ട് നമ്പർ 15556 ഉം, ജീവനക്കാരുടെ പി.എഫ്. വരിസംഖ്യ നിക്ഷേപിക്കുന്നതിനായി അങ്കമാലി സബ് ട്രഷറിയിൽ (ടി.പി. അക്കൗണ്ട് നമ്പർ 150 എ) അക്കൗണ്ടും ഉണ്ട്. വാർഷിക കണക്ക് പ്രകാരം 31.03.2019 -ലെ പ്രൊവിഡന്റ് ഫണ്ട് സ്ഥിര നിക്ഷേപ നീക്കിയിരിപ്പ് 4,58,44,494/- രൂപയാണ്. കാലാവധി പൂർത്തിയാക്കിയ നിക്ഷേപങ്ങളുടെ വിവരങ്ങൾ പ്രൊവിഡന്റ് ഫണ്ട് രജിസ്റ്ററിൽ ചേർത്ത് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. നിക്ഷേപ വിവരങ്ങൾ അനുബന്ധം-4 ആയി ചേർത്തിട്ടുണ്ട്.

3. <u>പെൻഷൻ ഫണ്ട്.</u>

പ്രതിമാസം പെൻഷൻ തുക നൽകുന്നതിനായി, യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യ, കാലടി ശാഖയിൽ ഒരു പ്രത്യേക അക്കൗണ്ട് (അക്കൗണ്ട് നമ്പർ 18131) നിലനിർത്തി വരുന്നു. സർപ്ലസ് ഫണ്ട് ദീർഘകാല നിക്ഷേപമായി അങ്കമാലി സബ് ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്. വാർഷിക

കണക്കുകൾ പ്രകാരം 31.03.2019 ൽ നീക്കിയിരിപ്പുള്ള പെൻഷൻ ഫണ്ട് സ്ഥിര നിക്ഷേപം 2,51,44,925/- രൂപയാണ്. നിക്ഷേപ വിവരങ്ങൾ അനുബന്ധം-5 ആയി ചേർത്തിട്ടുണ്ട്.

4. എൻഡോവ്മെന്റ് ഫണ്ട്

സർവ്വകലാശാല ആക്ട് 1994, സെക്ഷൻ 34 പ്രകാരം അങ്കമാലി സബ് ട്രഷറിയിൽ ആരംഭിച്ച എൻഡോവ്മെന്റ് ഫണ്ടിലെ 31.03.2019 ലെ നീക്കിയിരിപ്പ് 45,13,718/- രൂപയാണ്. പലിശയിനത്തിൽ ലഭിയ്ക്കുന്ന തുക അർഹരായ വിദ്യാർത്ഥികൾക്ക് എൻഡോവ്മെന്റുകളായി നൽകുന്നു. എൻഡോവ്മെന്റ് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. നിക്ഷേപ വിവരങ്ങൾ അനുബന്ധം-6 ആയി ചേർത്തിട്ടുണ്ട്.

5. മറ്റ് നിക്ഷേപങ്ങൾ

സർവ്വകലാശാലയിൽ നിലനിൽക്കുന്ന മറ്റ് നിക്ഷേപങ്ങൾ സംബന്ധിച്ച വിവരങ്ങൾ അക്കൗണ്ട്സിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. സ്ട്രെങ്ത്തനിംഗ് ഓഫ് സാൻസ്ക്രിറ്റ്.

സംസ്ഥാനത്തെ സംസ്കൃത ഭാഷാ വികസന പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന സർവ്വകലാശാലയ്ക്ക് 2018-19 സാമ്പത്തിക വർഷത്തിൽ 30,91,933/- രൂപ സ്ഥിര നിക്ഷേപം ഉണ്ട്. ഇതിന്റെ വിവരങ്ങൾ അനുബന്ധം-7 ആയി ചേർത്തിട്ടുണ്ട്.

.

7.സ്റ്റാഫ് വെൽഫയർ ഫണ്ട്

സ്റ്റാഫ് വെൽഫയർ ഫണ്ടിനത്തിൽ 2018-19 സാമ്പത്തിക വർഷം 3,26,827/- രൂപ സ്ഥിര നിക്ഷേപമുള്ളതിന്റെ വിവരം അനുബന്ധം-8 ആയി ചേർത്തിട്ടുണ്ട്. ബാങ്ക് സ്റ്റേറ്റ്മെന്റ്, രജിസ്റ്റർ എന്നിവ പ്രകാരം 31.03.2019ലെ നീക്കിയിരിപ്പ് 3,26,827/- രൂപ ആണെങ്കിലും വാർഷികക്കണക്കിലെ നീക്കിയിരിപ്പ് 3,41,620/- രൂപയാണ്. 14793/- രൂപയുടെ വ്യത്യാസത്തിന് വിശദീകരണം നൽകേണ്ടതാണ്.

.

4-4 ഓഡിറ്റ് ചാർജ്ജ്

1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 24, 28/08/2009 ലെ ജി.ഒ.(പി) നം.368/2009/ഫിൻ, 15/10/2010ലെ ജി.ഒ.(പി) നം.541/2010/ഫിൻ ഉത്തരവുകൾ എന്നിവയിലെ നിർദ്ദേശങ്ങൾ അനുസരിച്ച് സർവ്വകലാശാല 2018-19 വർഷത്തിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ട ഓഡിറ്റ് ചാർജ്ജ് താഴെ കാണുന്ന വിധം കണക്കാക്കുന്നു.

.

| ക്രമ | തനത് വരുമാനത്തിന്റെ ഇനം | തുക |
|---|---|---|

| നം. | | |
|---|---|---|
| 1 | വസ്തു വകകളിൽ നിന്നുള്ള ആദായം | 14,750/- |
| 2 | പഴയ പത്ര വില്പന | 18,721/- |
| 3 | ടെണ്ടർ ഫോം വില്പന | 7,02,325/- |
| 4 | കെട്ടിട വാടക | 4,40,260/- |
| 5 | പലവക വരുമാനം | 33,28,111/- |
| 6 | പുസ്തക വില്പന | 39,997/- |
| 7 | വിവരാവകാശ ഫീസ് | 3,780/- |
| 8 | ബസ് ചാർജ്ജ് | 40,750/- |
| 9 | വാഹന വാടക | 7,686/- |
| 10 | അപേക്ഷാ ഫോറം | 19,849/- |
| 11 | സർവ്വകലാശാല ഡയറി പ്രിന്റിങ്ങിലൂടെ വരവ് | 30,200/- |
| 12 | വൈദ്യുത ചാർജ്ജിനത്തിൽ വരവ് | 1,32,242/- |
| 13 | സ്പെഷ്യൽ ഫീസ് | 25,22,020/- |
| 14 | മറ്റ് ഫീസുകൾ | 15,00,415/- |
| 15 | ഫൈൻ | 44,495/- |
| 16 | പ്രവേശന ഫീസ് | 5,89,340/- |
| 17 | കൺഡോണേഷൻ ഫീസ് | 84,150/- |
| 18 | യോഗ്യതാ സർട്ടിഫിക്കറ്റ് ഫീസ് | 22,700/- |
| 19 | പുന:പ്രവേശന ഫീസ് | 800/- |
| 20 | റെക്കഗ്നീഷൻ ഫീസ് | 4,700/- |
| 21 | പി.ജി.രജിസ്ട്രേഷൻ ഫീസ് | 1,09,090/- |
| 22 | പി.എച്ച്.ഡി.രജിസ്ട്രേഷൻ ഫീസ് | 42,000/- |
| 23 | എൻട്രൻസ് പരീക്ഷ | 37,565/- |
| 24 | എം.ഫിൽ .ഡെസേർട്ടേഷൻ ഫീസ് | 48,500/- |
| 25 | പി.എച്ച്.ഡി. മൂല്യ നിർണ്ണയം | 1,07,550/- |
| 26 | മെട്രിക്കുലേഷൻ ഫീസ് | 70,360/- |
| 27 | സെന്റർ ട്രാൻസ്ഫർ ഫീസ് | 4,000/- |
| 28 | ഡ്യൂപ്ലിക്കേറ്റ് കാർഡ് ഫീസ് | 5,575/- |
| 29 | ഗ്രേഡ് കൺവെർഷൻ ഫീസ് | 16,700/- |
| 30 | എം.ഫിൽ വാർഷിക ഫീസ് | 21,500/- |
| 31 | പരീക്ഷാ ഫീസ് | 16,07,805/- |
| 32 | മാർക്ക് ലിസ്റ്റ് ഫീസ് | 51,965/- |
| | | |

| | | |
|---|---|---|
| 33 | റിവാല്യൂവേഷൻ സ്കൂട്ട്നി ഫീസ് | 68,450/- |
| 34 | പ്രൊവിഷനൽ സർട്ടിഫക്കറ്റ് ഫീസ് | 78,150/- |
| 35 | ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസ് | 2,88,850/- |
| 36 | മൈഗ്രേഷൻ സർട്ടിഫിക്കറ്റ്ഫീസ് | 28,500/- |
| 37 | പലവക ഫീസ് | 1,29,590/- |
| 38 | കേന്ദ്രീകൃത മൂല്യ നിർണ്ണയ ക്യാമ്പ് ഫീസ് | 1,88,500/- |
| 39 | ഫാസ്റ്റ് ട്രാക്ക് ഫീസ് | 1,52,700/- |
| 40 | പി.എച്ച്.ഡി. വാർഷിക ഫീസ് | 3,25,500/- |
| 41 | പി.എച്ച്.ഡി. കോഴ്സ് വർക്ക് ഫീസ് | 10,900/- |
| 42 | ലേറ്റ് അഡ്മിഷൻ ഫീസ് | 1,500/- |
| 43 | സെർച്ച് ഫീസ് | 67,830/- |
| 44 | കമ്പ്യൂട്ടർ സെന്റർ വരവ് | 11,500/- |
| 45 | അപേക്ഷാ ഫോറം വില | 32,120/- |
| 46 | ഹോസ്റ്റൽ വാടക | 15,37,060/- |
| 47 | പലവക വരവ് | 2,250/- |
| 48 | ലൈബ്രറി ഫീസ് | 3,87,190/- |
| 49 | ലൈബ്രറി - ഫൈൻ | 1,77,898/- |
| 50 | ട്രഷറി / ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 1,07,37,769/- |
| 51 | മെട്രിക്കുലേഷൻ ഫോം | 52,600/- |
| 52 | മറ്റു ഫോമുകൾ | 1,44,770/- |
| 53 | ട്യൂഷൻ ഫീസ് | 49,33,500/- |
| 54 | ഡിപ്പാർട്ട്മെന്റ് ഡെവലപ്മെന്റ് ഫണ്ട് | 14,79,025/- |
| 55 | നോട്ടിഫിക്കേഷനിൽ നിന്നുള്ള വരവ് | 6,000/- |
| 56 | വൈകിനൽകിയ അപേക്ഷയ്ക്കുള്ള ഫൈൻ | 75,600/- |
| | ആകെ (ഓഡിറ്റ് ചാർജ്ജിന് കണക്കാക്കാവുന്ന വരുമാനം ) | 3,25,87,653/- |
| | ഓഡിറ്റ് ചാർജ്ജ് ( 1%നിരക്കിൽ) | 3,25,877/- |
| | 31/03/2018-ൽ അടവാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ്ജ് | 5,49,708/- |
| | 2018-19 വർഷത്തെ ഓഡിറ്റ് ചാർജ്ജ് | 3,25,877/- |
| | ആകെ | 8,75,585/- |
| | 2018-19 വർഷം അടവക്കിയ ഓഡിറ്റ് ചാർജജ് | ഇല്ല |
| | 31/03/2019-ൽ അടവാക്കാൻ അവശേഷിക്കുന്ന | 8,75,585/- |

| | ഓഡിറ്റ് ചാർജ്ജ് | |
|---|---|---|

.

<u>ഓഡിറ്റ് ചാർജ്ജ് അടവാക്കാൻ അവശേഷിക്കുന്നതിന്റെ വിവരങ്ങൾ</u>

| | |
|---|---|
| 2016-17 | 2,64,168.00 |
| 2017-18 | 2,85,540.00 |
| 2018-19 | 3,25,877.00 |
| ആകെ | 8,75,585.00 |

.

2016-17 മുതൽ 2018-19 വരെ കുടിശ്ശികയായിട്ടുള്ള 8,75,585/- രൂപ <u>0070-60-110-87-ഓഡിറ്റ് ചാർജ്ജ്</u> എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടവാക്കി, ചെലാന്റെ അസൽ പകർപ്പ് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

4-5 സർക്കാരിലേയ്ക്കുള്ള അടവുകൾ

1) ആദായ നികുതി

| | |
|---|---|
| മുന്നിരിപ്പ് | ഇല്ല |
| വരവ് | 4,85,01,467/- |
| ചെലവ് | 4,85,01,467/- |
| നീക്കിയിരിപ്പ് | ഇല്ല |

2) വില്പന / വാങ്ങൽ നികുതി

| | |
|---|---|
| മുന്നിരിപ്പ് | ഇല്ല |
| വരവ് | 14,35,394/- |
| ചെലവ് | 14,35,394/- |
